بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 6

ലക്കം 1

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ജനുവരി 7/ഹി.ശം. 1400 സ്വുൽഹ് 7/1442 ജമാദുൽ അവ്വൽ 22

## അല്ലാഹുവിന്റെ വചനം

مَنۡ کَانَ یُرِیۡدُ ثَوَابَ الدُّنۡیَا فَعِنۡدَ اللّٰہِ ثَوَابُ الدُّنۡیَا وَالۡاٰخِرَۃِ ؕ وَکَانَ اللّٰہُ سَمِیۡعًۢا بَصِیۡرًا ۝

(النساء:135)

'ആര് ഇഹലോക പ്രതിഫലം പ്രതീക്ഷിക്കുന്നുവോ (അവൻ അറിഞ്ഞിരിക്കട്ടെ)അല്ലാഹുവിന്റെയടുക്കൽ ഐഹികവും പാരത്രികവുമായ (രണ്ടുവിധ) പ്രതിഫലമുണ്ട്. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നുവനുമത്രെ.'(4:135)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### നബി(സ)യുടെ ദുആ മുഅ്ജിസത്ത്

ഹദ്റത്ത് അനസ്(റ) നിവേദനം. ഒരു വെള്ളിയാഴ്ച ദിവസം നബി(സ)തിരുമേനി പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഗ്രാമീണൻ കയറി വന്നു. അയാൾ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഒട്ടകങ്ങളും ആടുകളും നശിച്ചു. അതിനാൽ താങ്കൾ അല്ലാഹുവിനോടു ഞങ്ങൾക്കുവേണ്ടി പ്രാർഥിച്ചാലും; അവൻ ഞങ്ങൾക്ക് മഴ വർഷിച്ചു തരാൻ. അപ്പോൾ നബി(സ)കൈകളുയർത്തി പ്രാർഥിച്ചു. അപ്പോൾ ആകാശത്ത് ഞങ്ങൾക്ക് കാർമേഘത്തിന്റെ ഒരു കഷണംപോലും കാണാൻ കഴിഞ്ഞില്ല. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! അവിടന്ന് കൈ താഴ്ത്തിയില്ല, കാർമേഘം മലകളെപ്പോലെ ഉരുണ്ടുകൂടി. അവിടത്തെ താടിയിൽനിന്ന് മഴത്തൊള്ളി ഇറ്റു വീഴുന്നതു ഞാൻ കാണുന്നതുവരെ നബി(സ)തിരുമേനി മിമ്പറിൽനിന്നിറങ്ങിയില്ല. ആ ദിവസം പകൽ മുഴുവൻ മഴ പെയ്തു. പിറ്റേന്നും പിറ്റേന്നിന്റെ പിറ്റേന്നും തുടങ്ങി അടുത്ത ജുമുഅവരെ അത് നീണ്ടു. നിവേദകൻ പറയുന്നു, പിന്നീട് അതേ ഗ്രാമീണനോ മറ്റാരോ എഴുന്നേറ്റു പറഞ്ഞു: യാ റസൂലല്ലാഹ് ! കെട്ടിടങ്ങൾ നിലംപൊത്തി. കാലികൾ വെള്ളത്തിൽ മുങ്ങിപ്പോയി. അങ്ങ് അല്ലാഹുവിനോടു ദുആ ചെയ്താലും. അപ്പോൾ നബി(സ)തിരുമേനി കൈകളുയർത്തി. പറഞ്ഞു: അല്ലാഹുവേ! ഞങ്ങളുടെ ചുറ്റുവട്ടത്ത് പെയ്യിച്ചാലും. ഞങ്ങളിൽ പെയ്യിക്കരുതേ. നബി(സ)തിരുമേനി കാർമേഘത്തിന്റെ ഏതു വശത്തേക്കും ആംഗ്യം കാണിച്ചാലും അത് പൊട്ടിപ്പോകുകയും മദീന കുളംപോലെയാകുകയും ചെയ്തിരുന്നു. ഖനാത്തിലെ തോടു മാസം മുഴുവൻ നിറഞ്ഞൊഴുകി. ഏതു ഭാഗത്തുനിന്നും ആരു വന്നാലും മഴയുടെ ആധിക്യത്തെ കുറിച്ചാണ് പറഞ്ഞിരുന്നത്.(ബുഖാരി, വാള്യം 2, കിതാബുൽ ജുമുഅ, പ്രസാധകർ ഖാദിയാൻ 2006)

## ഈ ലക്കത്തിൽ

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്വ്ബ ജുമുഅ 2020 നവംബർ 20 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്

**ആധുനിക ശാസ്ത്ര ഗവേഷണങ്ങളിൽ പ്ലേഗിന്റെ കാരണം കൃമികളോ സൂക്ഷ്മാണുക്കളോ ആണെന്ന് സ്ഥാപിതമായിരിക്കുന്നു. ഞാനും ഗവേഷണങ്ങളെ ഇഷ്ടപ്പെടുന്നു. കാരണം അതുമുഖേന നബി(സ)തിരുമേനിയുടെ മഹത്ത്വവും ഇസ്‌ലാമിന്റെ സത്യവും സ്ഥാപിതമാകുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ആധുനിക ശാസ്ത്ര ഗവേഷണങ്ങളിൽ പ്ലേഗിന്റെ കാരണം കൃമികളോ സൂക്ഷ്മാണുക്കളോ ആണെന്ന് സ്ഥാപിതമായിരിക്കുന്നു. ഞാനും ഗവേഷണങ്ങളെ ഇഷ്ടപ്പെടുന്നു. കാരണം അതുമുഖേന നബി(സ)തിരുമേനിയുടെ മഹത്ത്വവും ഇസ്‌ലാമിന്റെ സത്യസാക്ഷ്യവും സ്ഥാപിതമാകുന്നു. ഹദീഥ് ശരീഫിൽ ഇതിനെ കുറിച്ച് പറഞ്ഞിടത്ത് 'നഗ്ഫ്'എന്നാണ് പേരു വെക്കപ്പെട്ടിട്ടുള്ളത്. ആടിന്റേയോ ഒട്ടകത്തിന്റേയോ മൂക്കിൽനിന്ന് പുറത്തുവരുന്ന കീടങ്ങൾക്കാണ് 'നഗ്ഫ്' എന്നു പറയുന്നത്. അത് പ്ലേഗ് എന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഈയിടെ നടക്കുന്ന ഗവേഷണങ്ങളിൽ വലിയ അഭിമാനം കൊള്ളുന്നു. എന്നാൽ, പരിശുദ്ധമായ ഇസ്‌ലാമിന്റെ സ്ഥാപകൻ അലയ്ഹിസ്സ്വലാത്തുവസ്സലാമിന്റെ പരിശുദ്ധ ഗ്രന്ഥം വായിച്ചിട്ടുള്ളവർക്ക് എത്രമാത്രം സന്തോഷവും ആനന്ദവുമാണ് ഉണ്ടാകുന്നത്; 13 നൂറ്റാണ്ടുകൾക്ക് മുമ്പേ ആ മഹാത്മാവിന്റെ ചുണ്ടുകളിൽനിന്ന് ഇക്കാര്യങ്ങൾ പുറത്തുവരുന്നത് കാണുമ്പോൾ! വിശുദ്ധ ഖുർആനും അതിനെ കീടങ്ങൾ എന്നുതന്നെയാണ് പറയുന്നത്. ഇപ്പോൾ ആധുനിക ഗവേഷണത്തിൽ മുഴുകിയിരിക്കുന്നവരേ! അല്ലാഹുവിനുവേണ്ടി അല്പം നീതിപൂർവം പെരുമാറുക. ഇത്തരത്തിലുള്ള യാഥാർഥ്യങ്ങൾ കാലേകൂട്ടി പറഞ്ഞിട്ടുള്ള ഈ മതം മനുഷ്യൻ കറ്റുകെട്ടി പറഞ്ഞതാകുമോ? അത് 1300 വർഷത്തെ അത്യധ്വാനത്തിന്റേയും ഗവേഷണങ്ങളുടേയും പ്രയാസങ്ങളുടേയും ഫലമാകുമോ? ഇത് വിശുദ്ധ ഖുർആനിന്റേയും നമ്മുടെ നബി(സ)തിരുമേനിയുടേയും ബൗദ്ധികമായ ദിവ്യാത്ഭുതങ്ങളാണ്. നോക്കൂ ഹൃദയത്തിന് 'ഖൽബ്' എന്നാണ് പറയുന്നത്. ചലിപ്പിക്കുന്നവനും 'ഖൽബ്' എന്നു പറയുന്നു.

രക്തചംക്രമണമാണ് ഹൃദയത്തിന്റെ അച്ചുതണ്ട്. ഇക്കാലത്ത് ഗവേഷണങ്ങൾ ദീർഘകാലത്തെ അധ്വാനത്തിനും വിചിന്തനത്തിനുംശേഷം രക്തചംക്രമണത്തിന്റെ കാരണം കണ്ടു പിടിച്ചിരിക്കുന്നു. എന്നാൽ, ഇസ്‌ലാം ആദ്യമെതന്നെ ഹൃദയത്തിന്റെ പേര് 'ഖൽബ്' എന്നു വെച്ചുകൊണ്ട് ഇതേ സത്യം സ്ഥാപിക്കപ്പെട്ടതും സുരക്ഷിതവുമാക്കി.'(മൽഫൂദാത്ത് വാള്യം 1, പേജ് 236-237, പ്രസാധകർ ഖാദിയാൻ 2018)

**ഏതൊരു അല്ലാഹുവാണോ നിങ്ങളെ ജീവനില്ലാത്ത അവസ്ഥയിൽനിന്ന് ജീവനുള്ള അവസ്ഥയിലാക്കുകയും പിന്നീട് ജീവൻ നല്കിയതിനുശേഷം മരണം നല്കുകയും ചെയ്യുന്നത് അവനെക്കുറിച്ച് ആ മരണത്തിനുശേഷം മറ്റൊരു ജീവിതം നല്കുകയില്ലെന്ന് കരുതുന്നത് ബുദ്ധിക്കു വിരുദ്ധമാണ്.**

സൂറത്തുൽ ബഖറ ആയത്ത് 29, **കയ്ഫ തക്ഫുറൂന ബില്ലാഹി വ കുൻതും അംവാത്തൻ ഫ അഹ്യാക്കും ഥുമ്മ യുമീത്തുക്കും ഥുമ്മ യുഹ്‌യീക്കും ഥുമ്മ ഇലയ്ഹി തുർജഊൻ** എന്നതിന് നില്കിയ വ്യാഖ്യാനത്തിൽ പറയുന്നു:

'ഈ ആയത്തിൽ പറയപ്പെട്ടിരിക്കുന്നത് ഏതൊരു അല്ലാഹുവാണോ നിങ്ങളെ ജീവനില്ലാത്ത അവസ്ഥയിൽനിന്ന് ജീവിനുള്ള അവസ്ഥയിലാക്കുകയും പിന്നീട് ജീവൻ നല്കിയതിനുശേഷം മരണം നല്കുകയും ചെയ്യുന്നത് അവനെക്കുറിച്ച് ആ മരണത്തിനുശേഷം മറ്റൊരു ജീവിതം നല്കുകയില്ലെന്ന് കരുതുന്നത് ബുദ്ധിക്കു വിരുദ്ധമാണ്. രണ്ടാമത്തെ ജീവിതം കിട്ടുമെന്നാണെങ്കിൽ ഏതെങ്കിലും സന്മാർഗവും അവന്റെ പക്കൽനിന്ന് തീർച്ചയായും വരേണ്ടതാണ്; മനുഷ്യനെ രണ്ടാമത്തെ ജീവിതത്തിനുവേണ്ടി തയ്യാറാക്കാൻ. എത്രമാത്രം സാധാരണവും സൂക്ഷ്മവുമായ തെളിവാണ്. ജീവനില്ലാതെ കിടന്ന ഒന്നിന് ജീവൻ നല്കേണ്ട ആവശ്യം അല്ലാഹുവിനെന്താണുള്ളത്? പ്രത്യേകമായ ലക്ഷ്യംമൊന്നും അവനില്ലായിരുന്നെങ്കിൽ ബുദ്ധിയും വിവേകവുമുള്ള ഒന്നിന് ജീവൻ നല്കി മരിപ്പിച്ചതെന്തിന്? ഇഹലോകത്തെ സന്തോഷവും സമാധാനവുമാണ് മനുഷ്യന് വിധിക്കപ്പെട്ടിരുന്നതെങ്കിൽ പിന്നെ ഇത്രമാത്രം ദീർഘമായ കാലത്തിനുശേഷം ജീവനില്ലാത്തതിൽനിന്ന് ജീവനുള്ളതിനെ ഉണ്ടാക്കി അവനെ മരണത്തിന്റെ സ്വാദ് രുചിപ്പിച്ചതെന്തിനാണ്?; ആ മരണത്തിനുശേഷം മറ്റൊരു ജീവിതം നല്കാൻ ഉദ്ദേശ്യമില്ലായിരുന്നെങ്കിൽ!

മരണത്തിനുശേഷം ഖബ്റിലെ ശിക്ഷയൊന്നുമില്ലെന്നും അഥവാ ഉണ്ടെങ്കിൽത്തന്നെ സ്വർഗനരകങ്ങളുമായുള്ള ബന്ധമായിരിക്കുമെന്നും വിചാരിക്കുന്നവർക്കുള്ള ഖണ്ഡനവും ഈ ആയത്തിലുണ്ട്.കാരണം ഇതിൽ അഞ്ചു കാലഘട്ടത്തെ കുറിച്ചാണ് പറയുന്നത്. ഒന്ന് ജീവനില്ലാതിരുന്ന കാലം. രണ്ട് ഇഹലോകജീവിതത്തിന്റെ കാലം. മൂന്നാമത്തേത് ശാരീരികമായ മരണത്തിന്റെ കാലം. നാല് പിന്നീടൊരു പുതിയ ജീവിതത്തിന്റെ കാലം. അതിനുശേഷം മനുഷ്യൻ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാക്കപ്പെടുന്ന കാലം. അതായത് ഹശ്റെ മൗത്തിനുശേഷം ജീവിതവും ജീവിതത്തിനുശേഷം ഥുമ്മ എന്ന പദം വെച്ചുകൊണ്ട് ഇലയ്ഹി തുർജഊൻ എന്നു പറഞ്ഞിട്ടുള്ളതും പറയുന്നത് മരണം കഴിഞ്ഞാലുടനെ ഒരു തരത്തിലുള്ള ജീവിതം കിട്ടുന്നുവെന്നാണ്. എന്നാൽ, ഹശ്ർ പിന്നീടാണുണ്ടാകുന്നത്. ഹശ്റിനു മുമ്പേ കിട്ടുന്ന ജീവിതത്തിൽ എന്തെങ്കിലും സൽപെരുമാറ്റമോ ദുഷ്പെരുമാറ്റമോ മനുഷ്യനോടു ഉണ്ടേകേണ്ടത് അനിവാര്യമാണ്. ഇല്ലെങ്കിൽ ആ ജീവിതത്തിന് ഒരു അർഥം തന്നെയില്ല. സൽപെരുമാറ്റമോ ദുഷ്പെരുമാറ്റമോ ഉണ്ടാകുകയാണെങ്കിൽ ഹശ്റിനു മുമ്പേയും ഒരു അപൂർണമായ പ്രതിഫലവുമുണ്ടാകുമെന്നും മനസ്സിലാകുന്നു. അതിനെയാണ് ഖബ്റിലെ രക്ഷാ ശിക്ഷാ എന്നു പറയുന്നത്. അത് നബി(സ)തിരുമേനിയുടെ ഹദീഥുകൾകൊണ്ട് സ്ഥാപി

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَآاِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഇ**

## കറാത്തുസ്സ്വാദിഖീൻ എന്ന ഗ്രന്ഥത്തിന് തത്തുല്യമായത് കൊണ്ടുവന്നാൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിക്ക് ആയിരം രൂപ ഇനാം.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും ആ മഹാത്മാവിന്റെ ആദരണീയരായ സ്വഹാബത്തിനേയും നിരക്ഷരരെന്നും അജ്ഞരെന്നും മുദ്രകുത്തി  മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി പ്രചരിപ്പിക്കാനുദ്ദേശിച്ച കാര്യം കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ പറഞ്ഞിരുന്നു. വിഡ്ഢികളുടെ ജമാഅത്തെന്ന് അവിടത്തെ ജമാഅത്തിന് അയാൾ പേരിട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ച് മുഹമ്മദു ഹുസയ്നെഴുതി: 'അറബിജ്ഞാനങ്ങൾ ഒട്ടും തീണ്ടിയിട്ടില്ലാത്ത നിരക്ഷരകുക്ഷി മാത്രമാണ് ഇയാൾ. അറബിയുടെ ഒരു സ്വീഗ(പട്ടിക) പോലും നല്ലവണ്ണം ചൊല്ലാനറിയുകയില്ല.' സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'തന്റെ നല്ലവരും പരിശുദ്ധരുമായ ദാസന്മാർക്ക് അല്ലാഹു വിശുദ്ധ ഖുർആനിന്റെ ജ്ഞാനം പ്രദാനം ചെയ്യുന്നു.' അതുകൊണ്ട് അവിടന്ന് മുഹമ്മദു ഹുസയ്ൻ ബട്ടാലവിയെ വിശുദ്ധ ഖുർആനിന്ന് തഫ്സീറെഴുതി മത്സരിക്കാൻ ക്ഷണിച്ചു. തഫ്സീറിനോടൊപ്പം നബി(സ)തിരുമേനിയെ പുകഴ്തിക്കൊണ്ടുള്ള നൂറു വരികളടങ്ങിയ ഒരു ഖസ്വീദയും(അർച്ചനാഗീതം) സാഹിത്യസമ്പൂർണമായ നിലയിൽ രചിക്കാനും പറയുകയുണ്ടായി. ആ മഹാത്മാവ് പറഞ്ഞു: 'ഈ മത്സരത്തിൽ മുഹമ്മദു ഹുസയ്ൻ വിജയിച്ചാൽ ഞാനെന്റെ തെറ്റ് ഏറ്റുപറയുന്നതായിരിക്കും. ഏതുതരം ശിക്ഷയും ഏല്ക്കാനും തയ്യാറായിരിക്കും.' പക്ഷേ, മുഹമ്മദു ഹുസയ്ൻ ബട്ടാലവി വിവിധതരത്തിലുള്ള  തന്ത്രങ്ങൾ മെനഞ്ഞും അനാവശ്യമായ നിബന്ധനകൾ വെച്ചും മത്സരത്തിൽനിന്ന് പിന്തിരിഞ്ഞോടി.

**മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവിയുടെ നാണംകെട്ട ഒഴികഴിവ്**

മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി മത്സരത്തിൽനിന്ന് പിന്തിരിഞ്ഞോടുന്നതിന് മെനഞ്ഞെടുത്ത് തന്ത്രങ്ങൾ ഇതാണ്: 'ഈ മത്സരത്തിനു മുമ്പേ, 'ദാഫിഉൽവസാവിസ്' എന്ന ഗ്രന്ഥത്തിലെ അറബി വാക്യങ്ങളിൽ വന്നിട്ടുള്ള തെറ്റുകൾ സ്ഥാപിക്കുന്നതായിരിക്കും. അതുപോലെതന്നെ 'ഫത്ഹെ ഇസ്‌ലാം' 'തൗളീഹെ മറാം' എന്നീ ഗ്രന്ഥങ്ങളിലുള്ള അവിശ്വാസങ്ങളുടേയും(കുഫ്ർ) മതത്യാഗത്തിന്റേയും വാക്യങ്ങളും സമർപിക്കുന്നതായിരിക്കും. അപ്രകാരംതന്നെ 85 ചോദ്യത്തിന് മറുപടി ആവശ്യപ്പെടുന്നതായിരിക്കും. അത് മിർസാ അഹ്മദ് ബേഗ് ഹോശിയാർപൂരിയുടെ മരണ ത്തെ സംബന്ധിച്ച് നാം 1893 ജനുവരി 9 ന്, 20–ാം നമ്പർ കത്തിൽ എഴുതിക്കഴിഞ്ഞിട്ടുള്ളതാണ്. തുടർന്ന് താങ്കൾക്ക് ജ്യോതിഷവിദ്യ അറിയില്ലേ? ജഫ്ർ, റമൽ, മെസ്മിരിസം തുടങ്ങിയവയെ കുറിച്ച് വിവരമില്ലേ? തുടങ്ങിയ ചോദ്യങ്ങൾ ചോദിക്കുന്നതായിരിക്കും. പിന്നീട് മറുപടികൾക്കുള്ള മറുപടിയിലും ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ മറുപടിക്കുള്ള മറുപടി പരമ്പരയായി തുടർന്നുകൊണ്ടു പോകുന്നതായിരിക്കും. പിന്നീട് താങ്കൾക്കെതിരിൽ അറബി ഭാഷയിൽ തഫ്സീർ എഴുതുന്നതിന് താങ്കൾ 'മുൽഹമും' 'മുഅയ്യിദും' ആണെന്നതിനുള്ള തെളിവും  ചോദിക്കുന്നതായിരിക്കും. അതായത് അറബിഭാഷയുടെ ജ്ഞാനംകൊണ്ട് മുൽഹമാകുക എങ്ങനെ സ്ഥാപിതമാകാനാണ്. തുടർന്ന് താങ്കൾ 'മുൽഹമും' 'മുഅയ്യിദും' ആണെന്നതിനു എന്തെങ്കിലും തെളിവ് അവതരിപ്പിക്കേണ്ടതുണ്ട്. ഈ ചോദ്യങ്ങൾക്കെല്ലാം പരിഹാരമായിക്കഴിഞ്ഞാൽ പിന്നെ അറബിഭാഷയിൽ തഫ്സീറെഴുതാനും ഖസ്വീദകൾ രചിക്കാനുമുള്ള മത്സരം നടക്കുന്നതായിരിക്കും. ഇല്ലെങ്കിൽ ഇല്ല.' (കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ വാള്യം 7, പേജ് 64)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹവുമായി കൂടുതൽ സംസാരിക്കുന്നത് പാഴ്വേലയായി മനസ്സിലാക്കി. എന്നിട്ടും ഒരിക്കൽ കൂടി ന്യായപൂർത്തി വരുത്തുന്നതിനും പൊതുജനങ്ങളുടെ സംശയങ്ങളും സന്ദേഹങ്ങളും അകറ്റുന്നതിനുംവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ സംബോധന ചെയ്തു. കറാമാത്തുസ്സ്വാദിഖീൻ എന്ന ഗ്രന്ഥത്തെ നേരിടാൻ ക്ഷണിച്ചു. അവിടന്ന് പറഞ്ഞു: ഒന്നാമതായി അദ്ദേഹത്തിന്റെ ഇത്തരത്തിലുള്ള യാഥാസ്ഥിതികത്വം കണ്ടിട്ട് അദ്ദേഹത്തെ എന്നെന്നേക്കുമായി അവണിക്കാനാണ് ഞാൻ വിചാരിക്കുന്നത്. പക്ഷേ, പൊതുജനങ്ങളുടെ ഈ തെറ്റായ ധാരണകൾ അകറ്റുന്നതിനുവേണ്ടി മിയാൻ മുഹമ്മദു ഹുസയ്ൻ ബത്വാലവിയിലും, അല്ലെങ്കിൽ സാഹിത്യശാസ്ത്രത്തിലും ദൈവഗ്രന്ഥത്തിന്റെ യാഥാർഥ്യങ്ങൾ അറിയുന്നതിലും പ്രഗത്ഭരെന്ന് പറയുന്ന ഈ 'പുണ്യാത്മാവിന്റെ'സമചിന്താഗതിക്കാരായ മറ്റു ശത്രു മൗലവിമാരിലും ഒരു വട്ടംകൂടി ന്യായപൂർത്തി വരുത്തുക എന്ന നിലയിൽ, ബത്വാലവി സാഹിബിന്റേയും അദ്ദേഹത്തിന്റെ സമചിന്താഗതിക്കാരായ മറ്റു ഉലമാഇന്റേയും അറബി പാണ്ഡിത്യത്തിന്റേയും യാഥാർഥ്യങ്ങൾ തിരിച്ചറിയുന്നതിന്റേയും വസ്തുത പ്രകടിപ്പിക്കുന്നതിനും വേണ്ടി അവസാനമെന്നോണം ഈ ലഘുലേഖ പ്രസിദ്ധീകരിക്കുകയാണ്.' (കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ വാള്യം 7, പേജ് 47)

**മത്സരത്തിന്റെ വിശദീകരണവും നിബന്ധനയും ആയിരംരൂപ ഇനാമും**

മത്സരത്തിന്റെ വിശദീകരണവും നിബന്ധനകളും പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈ ലഘുലേഖയിൽ നാലുഖസ്വീദകളും ഫാതിഹാ സൂറത്തിന്റെ ഒരു തഫ്സീറുമുണ്ടു. ഒരാഴ്ചയ്ക്കുള്ളിലാണ് ഇത് എഴുതിയിട്ടുള്ളത്. എന്നല്ല കുറച്ചു മണിക്കൂറുകൾക്കുള്ളിലാണെന്നതാണ് വസ്തുത. പക്ഷേ, ബത്വാലവി സഹിബിന്റേയും അദ്ദേഹത്തിന്റെ സമചിന്താഗതിക്കാരായ എതിരാളികളുടേയുംമേൽ ന്യായപൂർത്തി ഉദ്ദേശിച്ച് തികച്ചും ഒരു മാസം നല്കിക്കൊണ്ട് മതനിയമമനുസരിച്ചുള്ള ഈ സമ്മതപത്രം പ്രസിദ്ധീകരിക്കുകയാണ്. ഈ ലഘുലേഖ പ്രസിദ്ധീകരിച്ച് ഒരു മാസംകൊണ്ട് ഇതിനെ ഖണ്ഡിച്ച് അതിലുള്ളത്ര അറബി കവിതകളും യാഥാർഥ്യങ്ങളും ഈശ്വരീയജ്ഞാനങ്ങളും സൂറ ഫാതിഹയുടെ വ്യാഖ്യാനവുമടങ്ങിയ തന്റെ സാഹിത്യസമ്പുഷ്ടമായ ലഘുലേഖ ഞാനെഴുതിയതുപോലെ പ്രസിദ്ധീകരിക്കുകയാണെങ്കിൽ അദ്ദേഹത്തിന് 1000 രൂപ ഇനാം നല്കുന്നതായിരിക്കും.  ഇതിനു തയ്യാറാകുന്നില്ലെങ്കിൽ താൻ സാഹിത്യകാരനും അറബിഭാഷാ പണ്ഡിതനും അല്ലെങ്കിൽ വിശുദ്ധ ഖുർആനിലെ യാഥാർഥ്യങ്ങൾ അറിയുന്ന ആളുമാണെന്ന വാദം ഇനിമുതൽ പൊള്ളയായിരിക്കുന്നതാണ്.'(കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ വാള്യം 7, പേജ് 46)

**കറാമാത്തുസ്സ്വാദിഖീൻ എന്ന ഗ്രന്ഥരചനയുടെ യഥാർഥ കാരണം**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'അല്ലാഹുവാണ! ഞാൻ ഈ ലഘുലേഖ താങ്കളുടെ അഹങ്കാരത്തെ തകർക്കുന്നതിനും തങ്കളുടെ അഹന്തയുടെ ജ്വാലകളെ അണയ്ക്കുന്നതിനുംവേണ്ടിയാണ് രചിച്ചിട്ടുള്ളത്......നീതിമാന്മാരുടെമേൽ താങ്കളുടെ അറിവിന്റെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താനാണ് ഞാനുദ്ദേശിക്കുന്നത്. ഈ ഉദ്ദേശ്യത്തിനുവേണ്ടി ഞാനെന്റെ ആവനാഴിയിൽനിന്ന് അമ്പെടുത്തിരിക്കുകയാണ്. വിവരണശക്തിയുടെ മുത്തുകൾകൊണ്ട് ഞാനെന്റെ ഉദ്ദേശ്യം പൂർത്തിയാക്കിയിരിക്കുന്നു. അതിനാൽ താങ്കൾ മത്സരിക്കുകയും ഇതുപോലുള്ള ഗ്രന്ഥം കൊണ്ടുവരികയും ചെയ്താൽ ഞാൻ താങ്കൾക്ക് 1000 രൂപ ഇനാം നല്കുന്നതായിരിക്കും. വിജയിച്ചാൽ 20 രൂപ അധികവും നല്കുന്നതായിരിക്കും......എന്നാൽ, ഞാൻ അത്ഭുതപ്പെടുകയാണ്. താങ്കൾ ദീനീപരമായ ജ്ഞാനങ്ങളൊന്നും തീണ്ടിയിട്ടില്ലാത്തവനും അഹങ്കാരിയും നാണംകെട്ടവനുമാണ്. തഖ്‌വാ ശീലരായ ആളുകളുടെ വഴിയിൽ നടക്കുന്നില്ല. താങ്കളെ കുറ്റവാളിയാക്കുന്നതിനും താങ്കളുടെ വായടപ്പിക്കുന്നതിനും എന്നെ നിയോഗിച്ചയച്ച ആ സത്തയെക്കൊണ്ടു സത്യം! എന്റേയും താങ്കളുടേയുമിടയിൽ തീരുമാനം കല്പിക്കാനും കള്ളവാദിയുടെ തന്ത്രങ്ങളെ ദുർബലപ്പെടുത്താനും ഞാൻ അല്ലാഹുവിന്റെ സന്നിധിയിൽ അപേക്ഷിച്ചു.'(കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ വാള്യം 7, പേജ് 42)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഈ ഖസ്വീദകളും ഈ തഫ്സീറും പൊങ്ങച്ചം കാണിക്കാനോ ഡംഭ് പ്രകടിപ്പിക്കാനോ എഴുതപ്പെട്ടിട്ടുള്ളതല്ല. പ്രത്യുത അദ്ദേഹത്തിന്റെ പക്കൽ ഈ വിനീതൻ കറ്റുകെട്ടുകാരനും ദജ്ജാലും അജ്ഞനും വിശുദ്ധ ഖുർആനിന്റെ ജ്ഞാനം ലവലേശം തീണ്ടിയിട്ടില്ലാത്തവനുമാണ്. അവരാണെങ്കിൽ വലിയ ഉന്നതരായ മതപണ്ഡിതന്മാരാണെന്നുള്ള വാദക്കാരുമാണ്. അതുകൊണ്ട് മിയാൻ ബത്വാലവിയും അയാളുടെ സമാന ചിന്താഗതിക്കാരും എത്രമാത്രം വ്യാജരും കള്ളം പറയുന്നവരുമാണെന്നും ദീനിൽനിന്നും സത്യസന്ധതയിൽനിന്നും എത്രമാത്രം ദൂരപ്പെട്ടുകിടക്കുന്നവരുമാണെന്നും നീതിമാന്മാരിൽ വെളിപ്പെടുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. മിയാൻ ബത്വാലവി തന്റെ ഈ വിവരണങ്ങളിലും പിച്ചുംപേയും പുലമ്പലിലും–അതയാൾ എന്നെക്കുറിച്ച് ഞാൻ അജ്ഞനാണെന്നും ജാഹിലാണെന്നും കറ്റുകെട്ടുകാരനാണെന്നും ഇശാഅത്തുസ്സുന്നയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്–സത്യസന്ധനും സന്മാർഗിയുമാണെങ്കിൽ ഞാനെഴുതിയ ഈ ഖസ്വീദകൾക്കും തഫ് സീറിന്നുമെതിരിൽ ഇതേ അളവിലും എണ്ണത്തിലും കവിതയുടെ അടിസ്ഥാനത്തിൽ നാ ലു ഖസ്വീദകൾ നബി(സ)തിരുമേനിയെ പുകഴ്തിക്കൊണ്ടെഴുതുമെന്നതിൽ ഒരു സംശയുവുമില്ല. അതെപോലെ സൂറ ഫാത്തിഹായുടെ തഫ്സീറും രചിക്കുന്നതായിരിക്കും.'(കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ വാള്യം 7, പേജ് 62)

(ശേഷം പേജ് 9ൽ)

# ഖുത്ബ ജുമുഅ

നബി(സ)തിരുമേനി ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരിയ്ക്കുവേണ്ടി ദുആ ചെയ്തു: اَللّٰهُمَّ احْفَظْ اَبَا اَيُّوبَ كَمَا بَاتَ يَحْفَظُنِي
അല്ലാഹുവേ! അബൂ അയ്യൂബ് രാത്രി മുഴുവൻ എന്നെ കാത്തു സൂക്ഷിച്ചതുപോലെ
നീ അബൂ അയ്യൂബിനേയും കാത്തുസൂക്ഷിച്ചാലും.

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയരും ബദ്രീ സ്വഹാബിമാരുമായ
ഹദ്റത്ത് ഔഫ് ബിൻ ഹാരിഥ് ബിൻ രിഫാഅ അൻസ്വാരിയുടേയും
ഹദ്റത്ത് ഖാലിദ്(അബൂ അയ്യൂബ്) അൻസ്വാരി(റ)യുടേയും സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

ആകാശത്ത് നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നതുവരെ മഗ്രിബ് നമസ്കാരം പിന്തിക്കാതിരിക്കുവോളം എന്റെ ഉമ്മത്ത് നന്മയിൽ ബാക്കിയാകുന്നതായിരിക്കും അല്ലെങ്കിൽ(പറഞ്ഞു) യഥാർഥപ്രകൃതിയിൽ നിലകൊള്ളുന്നതായിരിക്കും.

ഇന്ത്യയിലെ മുഅല്ലിം ജനാബ് അബ്ദുൽ ഹയ്യ് മണ്ഡൽ സാഹിബ്, ബംഗാളിലെ മുർശിദാബാദ് ജില്ലയിലെ മുഅല്ലിം ജനാബ് സിറാജുൽ ഇസ്‌ലാം സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗഹിത്രൻ ജനാബ് ശാഹിദ് അഹ്മദ് ഖാൻ പാശാ സാഹിബ്, യു.കെ ഷീഫീൽഡിലുള്ള ജനാബ് സയ്യിദ് മസ്ഊദ് അഹ്മദ് ശാഹ് സാഹിബ് എന്നിവരെക്കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2020 നവംബർ 20/1399 നുബുവ്വത്ത് 20**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് ഞാൻ അനുസ്മരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് ഔഫ് ബിൻ ഹാരിഥ് ബിൻ റിഫാഅ് അൻസ്വാരി എന്നാകുന്നു. നിവേദനങ്ങളിൽ അദ്ദേഹത്തിന്റെ പേര് ഔഫ് ബിൻ അഫ്റാഅ്, ഔഫ് ബിൻ ഹാരിസ്, ഔദ് ബിൻ അഫ്റാഅ് എന്നിങ്ങനെ വന്നിട്ടുണ്ട്. അഫ്റാഅ് അദ്ദേഹത്തിന്റെ മാതാവിന്റെ പേരാകുന്നു. അദ്ദേഹം അൻസ്വാരി ബനൂ നജ്ജാർ ഗോത്രക്കാരൻ ആയിരുന്നു. ഹദ്റത്ത് മആദും ഹദ്റത്ത് മഊദും ഹദ്റത്ത് ഔഫിന്റെ സഹോദരന്മാരാണ്. ഹദ്റത്ത് ഔഫ് അൻസ്വാരി, മക്കയിൽ വന്ന് ഏറ്റവും ആദ്യം ബയ്അത്ത് ചെയ്ത ആറു പേരിൽ ഉൾപ്പെടുന്നു. അദ്ദേഹം അഖബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ, ഹദ്റത്ത് അസദ് ബിൻ ളുറാറ, ഹദ്റത്ത് അമ്മാറ ബിൻ ഹസം എന്നിവരോടൊപ്പം ചേർന്ന് ബനൂ മാലിക് ബിൻ നജ്ജാറിന്റെ വിഗ്രഹങ്ങളെ തകർക്കുകയുണ്ടായി. ബദ്ർ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ, ഹദ്റത്ത് ഔഫ് ബിൻ അഫ്റാഅ്, നബി(സ)തിരുമേനിയോട് ചോദിച്ചു: 'യാ റസൂലല്ലാഹ്(സ), ദാസന്റെ ഏതു കാര്യത്തിലാണ് അല്ലാഹു ഏറ്റവുമധികം സന്തോഷിക്കുക? നബി(സ)തിരുമേനി പറഞ്ഞു: 'അയാളുടെ കൈകൾ യുദ്ധത്തിൽ സജീവമായിരിക്കുകയും, അയാൾ പടച്ചട്ടയില്ലാതെ നിർഭയം പൊരുതുകയും ചെയ്യുമ്പോൾ.' അതായത് യുദ്ധമൈതാനത്താണെങ്കിൽ നിർഭയനായിരിക്കേണ്ടതാണ്. അപ്പോൾ ഹദ്റത്ത് ഔഫ് ബിൻ അഫ്റാഅ് തന്റെ പടച്ചട്ട അഴിച്ചു. മുമ്പോട്ട് ചെന്ന് യുദ്ധം ചെയ്യുകയും ശഹാദത്ത് വരിക്കുകയും ചെയ്തു. ബദ്ർ യുദ്ധത്തിൽ അബൂജഹ്ൽ ആണ്, ഔഫ് ബിൻ ഹാരിഥിനേയും അദ്ദേഹത്തിന്റെ സഹോദരൻ മുഅവ്വദിനേയും ശഹീദാക്കിയത്. ഹദീഥുകളിലും ചരിത്രഗ്രന്ഥങ്ങളിലും ബദ്ർ യുദ്ധത്തിൽ അബൂജഹ്‌ലിനെ ആക്രമിച്ച സ്വഹാബാക്കളുടെ പേരുകളിൽ ഹദ്റത്ത് ഔഫ് ബിൻ അഫ്റാഅ്‌യുടെ പേരുമുണ്ട്. ഇത് മുമ്പേ ഞാനൊരിക്കൽ വിവരിച്ചുകഴിഞ്ഞതാണ്. സുനൻ അബൂദാവൂദിൽ അദ്ദേഹത്തിന്റെ പേര് ഔഫ് ബിൻ ഹാരിഥ് എന്നാണ്.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 373–375,370, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്1990)(അൽഇസ്വബ ഫീ തമീസിസ്സ്വഹാബ, വാള്യം 4, പേജ് 614–615, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്1995)(അൽഇസ്തീആബ് വാള്യം 3, പേജ് 1225–1226, ദാറുൽജീൽ ബെയ്റുത്ത് 1992)(സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി, ഹദീഥ് നമ്പർ 3998)(സ്വഹീഹ് ബുഖാരി, കിതാബു ഫർളുൽ ഖുംസ് ഹദീഥ് നമ്പർ 3142)(സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി, ഹദീഥ് നമ്പർ 3963)(സുനൻ അബീദാവൂദ്, കിതാബുൽ ജിഹാദ് ഹദീഥ് 2680)

പൊതുവിൽ ഈ രണ്ട് പേരുകളും അദ്ദേഹത്തിന്റേതായി പറയപ്പെടുന്നു. ഏതായിരുന്നാലും അബൂജഹ്‌ലിന്റെ വധത്തിൽ അദ്ദേഹവും ഭാഗഭാക്കായിരുന്നു. അദ്ദേഹം ശഹീദായത് ബദ്ർ യുദ്ധത്തിലാണ്.

ഇനി പരാമർശിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് അബുഅയ്യൂബ് അൻസ്വാരി എന്നാകുന്നു. ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരിയുടെ പേര് ഹദ്റത്ത് ഖാലിദ് എന്നാകുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് സയ്ദ് ബിൻ കുലയ്ബ് എന്നായിരുന്നു.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 6, പേജ് 22, ഹദ്റത്ത് അബൂ അയ്യൂബുൽഅൻസ്വാരീ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2003)

അദ്ദേഹം തന്റെ സ്വന്തം പേരിലും വിളിപ്പേരിലും പ്രസിദ്ധനായിരുന്നു. ഹദ്റത്ത് അബുഅയ്യൂബ് അൻസ്വാരി, അൻസ്വാറിലെ ഖദ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂ നജ്ജാറിൽപ്പെട്ട ആളായിരുന്നു. ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരിയുടെ മാതാവിന്റെ പേര് ഹിന്ദ് ബിൻത് സയീദ് എന്നായിരുന്നു. മറ്റൊരു അഭിപ്രായത്തിൽ അവരുടെ പേര് സഹ്റാ ബിൻത് സഅ്ദ് എന്നായിരുന്നു. ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരിയുടെ ഭാര്യയുടെ പേര് ഉമ്മുഹസൻ ബിൻത് സയ്ദ് എന്നായിരുന്നു. അവരിൽ നിന്നാണ് ഒരു മകൻ, അബ്ദുർറഹ്മാൻ ജനിച്ചത്. നബി(സ)തിരുമേനി അബൂ അയ്യൂബ് അൻസ്വാരിയേയും ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിനേയും സഹോദരന്മാരാക്കി. (അൽഇസ്വബ ഫീ തമീസിസ്സ്വഹാബ, വാള്യം 2, പേജ് 200, ഹദ്റത്ത് ഖാലിദ് ബിൻ സയ്ദ് ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് ലബ്നാൻ 2003)(അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 3, പേജ് 368–369, ഹജ്റത്ത് അബൂ അയ്യൂബ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ, 1990)

നബി(സ)തിരുമേനി ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നപ്പോൾ മസ്ജിദുന്നബ്‌വിയും തന്റെ വസതികളും നിർമിക്കുന്നതുവരേയും അബൂ അയ്യൂബ് അൻസ്വാരിയുടെ വീട്ടിലാണ് താമസിച്ചിരുന്നത്. (ഉസുദുൽഗാബ, വാള്യം 6, പേജ് 23, ഹദ്റത്ത് അബൂ അയ്യൂബ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2003)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തു ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ നബി(സ)തിരുമേനിയുടെ താമസത്തെ സംബന്ധിച്ച് എഴുതുന്നു: 'ബനൂ നജ്ജാറിൽ എത്തിയപ്പോൾ, നബി(സ)തിരുമേനി ആരുടെ അടുക്കലാണ് അതിഥിയായി കഴിയേണ്ടത് എന്ന പ്രശ്നമുദിച്ചു. ഗോത്രത്തിലെ ഓരോരുത്തരും ഈ സ്ഥാനം തനിക്ക് ലഭിക്കണമെന്ന ആഗ്രഹത്തിലായിരുന്നു. ചിലരാകട്ടെ സ്നേഹാതിരേകത്താൽ നബി(സ)തിരുമേനിയുടെ ഒട്ടകത്തിന്റെ കടിഞ്ഞാണിൽ പിടിക്കുകയും ചെയ്തിരുന്നു. ഈ അവസ്ഥ കണ്ടപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'എന്റെ ഒട്ടകത്തെ വിടുവിൻ, കാരണം ഇത് ഇപ്പോൾ (ദൈവഹിതപ്രകാരം) നിയോഗിക്കപ്പെട്ടിരിക്കുകയാണ്.' അതായത് അല്ലാഹു ആഗ്രഹിക്കുന്നിടത്ത് അത് സ്വയം ഇരിക്കുന്നതാണ്. ഇത് പറഞ്ഞുകൊണ്ട്, നബി(സ)തിരുമേനിയും കടിഞ്ഞാൺ അയച്ചു പിടിച്ചു. ഒട്ടകം മുന്നോട്ട് ഗമിച്ചു. കുറച്ചുദൂരം പതുക്കെപ്പതുക്കെ നീങ്ങിയശേഷം ഒരിടത്ത്, അവിടെയാണ് പിന്നീട് മസ്ജിദുന്നബ്‌വിയും നബി(സ)തിരുമേനിയുടെ താമസമുറികളും നിർമിച്ചത്, അത് ആ സമയത്ത് മദീനയിലെ രണ്ട് കുട്ടികളുടെ ഉപേക്ഷിക്കപ്പെട്ട സ്ഥലമായിരുന്നു, ഒട്ടകം അവിടെ ഇരുന്നു. പക്ഷേ, ഉടൻതന്നെ അതെഴുന്നേറ്റു മുന്നോട്ട് ഗമിച്ചു. എന്നാൽ, ഏതാനും ചുവടുകൾ നീങ്ങിയ ശേഷം തിരിച്ചുവന്ന് ആദ്യം ഇരുന്ന സ്ഥലത്ത് തന്നെ

വന്നിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ഹാദാ ഇൻശാഅല്ലാഹുൽ മൻസിലാ' അതായത് ഇതുതന്നെയാണ് നാം താമസിക്കേണ്ട സ്ഥലം എന്നാണ് ദൈവഹിതമെന്ന് മനസിലാകുന്നു. തുടർന്ന് അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ട് ഒട്ടകപ്പുറത്തുനിന്ന് ഇറങ്ങി. എന്നിട്ട് ചോദിച്ചു: 'നമ്മുടെ ആളുകളിൽ അതായത് മുസ്‌ലിമീങ്ങളിൽ ഇവിടെ ഏറ്റവും അടുത്തത് ആരുടെ വീടാണ്?' അബു അയ്യൂബ് അൻസ്വാരി ഉടൻതന്നെ, ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് മുന്നോട്ടുവന്നു പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ വീടാണ് ഏറ്റവും അടുത്തുള്ളത്. ഇതാണ് എന്റെ വാതിൽ. അകത്തേക്ക് വന്നാലും!' നബി(സ)തിരുമേനി പറഞ്ഞു: 'ശരി, താങ്കൾ പോയി നമുക്ക് താമസിക്കാനുള്ള സ്ഥലം തയ്യാറാക്കുക.'

അബു അയ്യൂബ് അൻസ്വാരി ഉടൻതന്നെ തന്റെ വീട് തയ്യാറാക്കി വന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ കൂടെ അകത്ത് പ്രവേശിച്ചു. ഈ വീട് ഇരുനിലയായിരുന്നു. നബി(സ)തിരുമേനി മുകളിലെ നിലയിൽ താമസിക്കണമെന്നാണ് അബൂഅയ്യൂബ് ആഗ്രഹിച്ചത്. എന്നാൽ, കൂടിക്കാഴ്ചയ്ക്ക് വരുന്ന ആളുകൾക്ക് സൗകര്യപ്പെടുന്നതിനുവേണ്ടി താഴത്തെ നിലയാണ് അവിടന്ന് ഇഷ്ടപ്പെട്ടത്. അവിടെ താമസം തുടങ്ങി. നബി(സ)തിരുമേനി താഴെയും തങ്ങൾ മുകളിലുമാണല്ലോ എന്നോർത്ത് രാത്രി ആയപ്പോൾ അബൂ അയ്യൂബിനും ഭാര്യയ്ക്കും ഉറക്കം വന്നില്ല. യാദൃച്ഛികമായി മറ്റൊരു കാര്യം കൂടിയുണ്ടായി. രാത്രി, മുകളിലെ നിലയിൽ വെള്ളമുള്ള ഒരു പാത്രം ഉടഞ്ഞു. വെള്ളത്തിന്റെ ഒരു തുള്ളിയെങ്കിലും താഴെ പോയെങ്കിലോ എന്ന് ഭയപ്പെട്ടു ഉടൻതന്നെ തന്റെ പുതപ്പ് വെള്ളത്തിൽ കൊണ്ടിട്ട് അത് ഒപ്പിയെടുക്കുകയുണ്ടായി. രാവിലെയായപ്പോൾ അദ്ദേഹം, നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരായി. വളരെ നിർബന്ധപൂർവ്വം, നബി(സ)തിരുമേനിയോടു മുകളിലെ നിലയിലേക്ക് മാറാൻ അപേക്ഷിച്ചു. നബി(സ) തിരുമേനി ആദ്യം വിസമ്മതിച്ചെങ്കിലും അവസാനം അബൂ അയ്യൂബിന്റെ നിർബന്ധം കണ്ടപ്പോൾ സമ്മതിക്കുകയുണ്ടായി. ഈ ഭവനത്തിൽ നബി(സ)തിരുമേനി ഏഴുമാസം വരെ, ഇബ്നു ഇസ്ഹാഖിന്റെ നിവേദനമനുസരിച്ച് ഹിജ്റ രണ്ടാംവർഷം സ്വഫ്ർ മാസംവരെയും താമസിക്കുകയുണ്ടായി. അതായത് മസ്ജിദുന്നബ്‌വിയും അതോടനുബന്ധിച്ചുള്ള മുറികളും തയ്യാറാകുന്നതുവരെ നബി(സ)തിരുമേനി, ഈ സ്ഥലത്ത് അഥവാ ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരിയുടെ വീട്ടിലാണ് താമസിച്ചത്. അബൂ അയ്യൂബ്, നബി(സ)തിരുമേനിയുടെ സവിധത്തിലേക്ക് ഭക്ഷണം എത്തിച്ചിരുന്നു. തുടർന്ന് ശിഷ്ടം വരുന്ന ഭക്ഷണം തിരിച്ചെത്തുമ്പോൾ സ്വയം അതിൽ നിന്ന് കഴിച്ചിരുന്നു. സ്നേഹവും ആത്മാർഥതയും കാരണം നബി(സ)തിരുമേനി ഭക്ഷണം കഴിച്ച് ബാക്കിയാക്കിയ അതേ സ്ഥലത്ത് നിന്നുതന്നെയാണ് അദ്ദേഹം ഭക്ഷണം കഴിച്ചിരുന്നത്. മറ്റു സ്വഹാബിമാരും പൊതുവിൽ നബി(സ)തിരുമേനിക്ക് ഭക്ഷണം കൊടുത്തയച്ചിരുന്നു.'(സീറത്തു ഖാത്തമുന്നബിയ്യീൻ(സ), പേജ് 267–268)

ഈ സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വും വിവരിച്ചിട്ടുണ്ട്. ചില വാചകങ്ങളും ചില കാര്യങ്ങളും പുതുമയുള്ളതാണ്. അതുകൊണ്ട് അത് മുഴുവനും ഞാൻ വായിക്കാം. പൊതുവിൽ ഇതേ സംഭവം തന്നെയാണ് വിവരിച്ചിട്ടുള്ളത്. പക്ഷേ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന് തന്റേതായൊരു ശൈലിയുണ്ട്. അദ്ദേഹം എഴുതുന്നു:

'നബി(സ)തിരുമേനി മദീനയിലെത്തിയപ്പോൾ, അവിടന്ന് തന്റെ വീട്ടിൽ താമസിക്കണമെന്ന് ഓരോ മദീനവാസിയും ആഗ്രഹിച്ചു. നബി(സ) തിരുമേനിയുടെ ഒട്ടകം ഒരു ഇടവഴിയിലൂടെ കടന്നു ചെന്നപ്പോൾ ആ വഴിയിലുള്ള വീടുകളിലെ ആളുകൾ ആ മഹാത്മാവിനെ സ്വീകരിക്കാൻ അണിനിരന്നു. അവർ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഇതാണ് ഞങ്ങളുടെ വീട്. ഞങ്ങളുടെ സ്വത്തും ജീവനും ഇതാ അങ്ങയുടെ സേവനത്തിന് വേണ്ടി സമർപ്പിക്കുന്നു. ഞങ്ങൾ അങ്ങയെ സംരക്ഷിക്കാൻ സന്നദ്ധരാകുന്നു. അങ്ങ് ഞങ്ങളുടെ അടുക്കൽ താമസിച്ചാലും.' ചിലയാളുകൾ ആവേശഭരിതരായി നബി(സ)തിരുമേനിയുടെ ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ച് തങ്ങളുടെ വീടുകളിൽ വരാൻ അപേക്ഷിച്ചു. എന്നാൽ, നബി(സ) തിരുമേനി ഓരോരുത്തർക്കും കൊടുത്ത മറുപടി, 'എന്റെ ഒട്ടകത്തെ വിടുക! അത് ഇന്ന് അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ടിരിക്കുകയാണ്. അല്ലാഹു ഇച്ഛിക്കുന്നിടത്ത് അത് നിൽക്കുന്നതാണ് എന്നായിരുന്നു.' അവസാനം അത് മദീനയുടെ ഒരറ്റത്ത് ബനൂനജ്ജാറിലെ രണ്ട് അനാഥകുട്ടികളുടെ സ്ഥലത്തിന് അടുത്തെത്തി നിന്നു. നബി(സ)തിരുമേനി പറഞ്ഞു: 'നാം ഇവിടെ താമസിക്കണമെന്നാണ് ദൈവഹിതമെന്ന് മനസിലാകുന്നു.' തുടർന്ന് ചോദിച്ചു: 'ഈ സ്ഥലം ആരുടേതാണ്?' ആസ്ഥലം ഏതാനും അനാഥകുട്ടികളുടേതായിരുന്നു. അവരുടെ രക്ഷകർത്താവ് മുന്നോട്ടുവന്നു പറഞ്ഞു: 'യാ റസൂലല്ലാഹ്! ഇത് ഇന്നയിന്ന അനാഥകുട്ടികളുടേതാണ്. അത് അങ്ങയുടെ സേവനത്തിന് വേണ്ടി സമർപ്പിച്ചു കൊള്ളുന്നു.' നബി(സ)തിരുമേനി പറഞ്ഞു: 'നാം ആരുടെയും മുതൽ സൗജന്യമായി സ്വീകരിക്കുന്നതല്ല.' ഒടുവിൽ അതിന്റെ വില നിശ്ചയിക്കുകയും നബി(സ)തിരുമേനി ആ സ്ഥലത്ത് മസ്ജിദും തനിക്കുള്ള മുറികളും നിർമിക്കാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് നബി(സ) തിരുമേനി ചോദിച്ചു: 'ഏറ്റവുമടുത്ത് ആരുടെ വീടാണുള്ളത്?' അബൂ അയ്യൂബ് അൻസ്വാരി മുന്നോട്ടുവന്നു പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ വീടാണ് ഏറ്റവും അടുത്തുള്ളത്. അത് അങ്ങയുടെ സേവനത്തിന് സമർപ്പിച്ചുകൊള്ളുന്നു.' നബി(സ) തിരുമേനി പറഞ്ഞു: 'വീട്ടിൽ പോയി, നമുക്ക് വേണ്ടി ഒരു മുറി തയ്യാറാക്കുക.' അബൂ അയ്യൂബിന്റെ വീട് ഇരുനില കെട്ടിടമായിരുന്നു. അദ്ദേഹം, നബി(സ)തിരുമേനിക്കുവേണ്ടി മുകളിലെ നിലയാണ് നിർദ്ദേശിച്ചത്. എന്നാൽ, തന്നെ കാണാൻ വരുന്നവർക്ക് പ്രയാസമാകുമെന്ന് കരുതി, നബി(സ)തിരുമേനി താഴത്തെ നിലയാണ് ഇഷ്ടപ്പെട്ടത്. അൻസ്വാറിന് നബി(സ)തിരുമേനിയോട് അതിരറ്റ സ്നേഹമുണ്ടായിട്ടുണ്ടായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'അതിരറ്റ അനുരക്തിയായിരുന്നു. അത് ഈ സന്ദർഭത്തിലും പ്രകടമാകുകയുണ്ടായി. നബി(സ)തിരുമേനിയുടെ നിർബന്ധത്തിൽ, ആ മഹാത്മാവിന് താഴത്തെ നിലയിൽ താമസിക്കാൻ ഹദ്റത്ത് അബൂഅയ്യൂബ് സമ്മതിച്ചെങ്കിലും രാത്രി മുഴുവനും ഉറങ്ങുമ്പോൾ തങ്ങൾ മുകളിൽ ഉറങ്ങുന്നത് അനാദരവാണെന്ന് അദ്ദേഹവും ഭാര്യയും കരുതി. അതുകൊണ്ട് ഉണർന്നിരുന്ന് രാത്രി കഴിച്ചുകൂട്ടി. ഇത് സ്നേഹപ്രകടനമായിരുന്നു. രാത്രി വെള്ളം നിറച്ച പാത്രം നിലത്തു വീണു. മുകളിൽനിന്ന് വെള്ളം താഴെ പോയെങ്കിലോ എന്ന് കരുതി, ഹദ്റത്ത് അബൂഅയ്യൂബ് ഓടിപ്പോയി തന്റെ പുതപ്പ് ആ വെള്ളത്തിന് മീതെയിട്ട് വെള്ളം ഒപ്പിയെടുത്തു. രാവിലെ നേരത്ത് അദ്ദേഹം വീണ്ടും നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി എല്ലാ കാര്യങ്ങളും പറഞ്ഞപ്പോൾ, അവിടന്ന് മുകളിലേക്ക് മാറാൻ സമ്മതിച്ചു. ഹദ്റത്ത് അബൂഅയ്യൂബ്, എല്ലാ ദിവസവും ഭക്ഷണം തയ്യാറാക്കി നബി(സ)തിരുമേനിക്കെത്തിക്കുമായിരുന്നു. പിന്നെ അവിടന്ന് ബാക്കി വെച്ച ഭക്ഷണം തിരിച്ചെത്തിയ ശേഷമാണ് വീട്ടിൽ എല്ലാവരും ഭക്ഷണം കഴിച്ചിരുന്നത്. കുറച്ചു ദിവസത്തെ നിർബന്ധത്തിനുശേഷം മറ്റു അൻസ്വാറും ആതിഥേയത്ത്വത്തിനുള്ള തങ്ങളുടെ പങ്ക് നിർവഹിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. നബി(സ)തിരുമേനിയുടെ സ്വന്തം വീടിന്റെ സംവിധാനം തുടങ്ങുന്നതുവരേയും മദീനയിലെ മുസ്‌ലിമീങ്ങൾ ഊഴമനുസരിച്ച് അവിടത്തേക്കുള്ള ഭക്ഷണം എത്തിച്ചുകൊണ്ടിരുന്നു.(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം, വാള്യം 20, പേജ് 228–229)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ദീബാച്ച തഫ്സീറുൽ ഖുർആൻ, എന്ന ഗ്രന്ഥത്തിൽ വിവരിച്ച ഭാഗം ഇവിടെ അവസാനിച്ചു. പിന്നീട് ഈ നിവേദനമാണുള്ളത്:

ഹദ്റത്ത് അബൂഅയ്യൂബ്(റ) നിവേദനം. അദ്ദേഹം പറയുന്നു: നബി(സ)തിരുമേനി അദ്ദേഹത്തിന്റെ വീട്ടിൽ ആഗതനായപ്പോൾ അവിടന്ന് താഴത്തെ നിലയിലും ഹദ്റത്ത് അബൂഅയ്യൂബ് മുകളിലെ നിലയിലുമായിരുന്നു താമസിച്ചത്. നിവേദകൻ പറയുന്നു: 'രാത്രി ഹദ്റത്ത് അബുഅയ്യൂബ് ഉണർന്നു. എന്നിട്ട് പറഞ്ഞു: 'നമ്മൾ നബി(സ) തിരുമേനിയുടെ മുകളിലൂടെയല്ലേ നടക്കുന്നത്?' അങ്ങനെ അവർ ഒരു മൂലയിൽ രാത്രി കഴിച്ചുകൂട്ടി. തുടർന്ന് അദ്ദേഹം നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി കാര്യങ്ങൾ ഉണർത്തിച്ചു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'താഴത്തെ നിലയിലാണ് കൂടുതൽ സൗകര്യം.' അദ്ദേഹം പറഞ്ഞു: 'അങ്ങ് താഴെ താമസിക്കുന്ന വീടിന്റെ മേലെത്തട്ടിൽ എനിക്ക് താമസിക്കാൻ കഴിയില്ല.' അങ്ങനെ നബി(സ)തിരുമേനി മുകളിലേക്ക് മാറി. ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി താഴേക്കും വന്നു. അദ്ദേഹം നബി(സ)തിരുമേനിക്കുവേണ്ടി ഭക്ഷണം തയ്യാറാക്കിയിരുന്നു. ബാക്കി ഭക്ഷണം നബി(സ)തിരുമേനിയുടെ പക്കൽനിന്ന് തിരിച്ചെത്തിക്കുമ്പോൾ എവിടെ നിന്നാണോ അവിടന്ന് ഭക്ഷണം കഴച്ചിരുന്നത് ആ സ്ഥലം ഭക്ഷണം കൊണ്ടുവന്ന ആളോടു ചോദിക്കുകയും എന്നിട്ട് അവിടെനിന്ന് ഭക്ഷണം കഴിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ അദ്ദേഹം നബി(സ)തിരുമേനിക്ക് ഭക്ഷണം തയ്യാറാക്കിയപ്പോൾ അതിൽ വെളുത്തുള്ളി ഉണ്ടായിരുന്നു. ബാക്കി ഭക്ഷണം കൊണ്ടുവന്നപ്പോൾ അവിടന്ന് ഏതു ഭാഗത്തു നിന്നാണ് കഴിച്ചതെന്ന് ചോദിച്ചു. പക്ഷേ, അവിടന്ന് ഭക്ഷണം കഴിച്ചിട്ടല്ലെന്ന് അദ്ദേഹത്തെ അറിയിച്ചപ്പോൾ, പരിഭ്രാന്തനായി മുകളിൽപോയി നബി(സ)തിരുമേനിയോട് ചോദിച്ചു: 'വെളുത്തുള്ളി ഹറാമാണോ?' നബി(സ)തിരുമേനി പറഞ്ഞു: 'അല്ല.' പക്ഷേ ഞാനത് ഇഷ്ടപ്പെടുന്നില്ല.' അപ്പോൾ അബൂ അയ്യൂബ് അൻസ്വാരി പറഞ്ഞു: 'അങ്ങേയ്ക്ക് ഇഷ്ടമില്ലാത്തത് എനിക്കുമിഷ്ടമില്ല.' നിവേദകൻ പറയുന്നു: 'നബി(സ)തിരുമേനിയുടെ അടുക്കൽ മലക്കുകൾ വന്നിരുന്നു.' ഈ നിവേദനം മുസ്‌ലിമിൽ ഉള്ളതാണ്. എഴുതുന്നു: 'നബി(സ)തിരുമേനിക്ക് വഹ്‌യ് ഇറങ്ങിയിരുന്നു. മലക്കുകൾ വന്നിരുന്നു. അതുകൊണ്ട് നബി(സ) തിരുമേനി രൂക്ഷഗന്ധമുള്ള വസ്തുക്കൾ ഇഷ്ടപ്പെട്ടിരുന്നില്ല. പക്ഷേ, അത് ഹറാമല്ല.'

മുസ്‌ലിമിൽ ഈ നിവേദനം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: 'ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരിയിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: 'നബി(സ)തിരുമേനിയുടെ അടുത്ത് ഭക്ഷണം കൊടുത്തയച്ചിരുന്നു. അവിടന്ന് അതിൽനിന്ന് ഭക്ഷിച്ചതിനുശേഷം ബാക്കി ഭക്ഷണം എനിക്ക് തിരിച്ച് തന്നിരുന്നു. ഒരു ദിവസം നബി(സ)തിരുമേനി ഭക്ഷണം കഴിക്കാതെ തിരിച്ചയച്ചിരുന്നു. കാരണം അതിൽ വെളുത്തുള്ളി ഉണ്ടായിരുന്നു. ഞാൻ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി, ചോദിച്ചു: 'ഇത് ഹറാമാണോ?' നബി(സ)തിരുമേനി പറഞ്ഞു: 'അല്ല. പക്ഷേ, ഞാൻ അതിന്റെ ഗന്ധം കാരണം അതിനെ ഇഷ്ടപ്പെടുന്നില്ല.' അപ്പോൾ അദ്ദേഹം അതായത് അബൂഅയ്യൂബ് പറഞ്ഞു: 'അങ്ങ് ഇഷ്ടപ്പെടാത്തതിനെ ഞാനും ഇഷ്ടപ്പെടുന്നില്ല.'(സ്വഹീഹ് മുസ്‌ലിം, കിതാബുൽ അശ്ർ ഹദീഥ് നമ്പർ 5356, 5358)

മുസ്നദ് അഹ്മദ് ബിൻ ഹമ്പലിലെ മറ്റൊരു നിവേദനത്തിൽ ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു. അബൂഅയ്യൂബ് അൻസ്വാരി നിവേദനം.

അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി ഞങ്ങളുടെ വീടിന്റെ താഴത്തെ നിലയിൽ താമസം തുടങ്ങി. ഞാൻ മുകളിലെ നിലയിൽ ആയിരുന്നു. ഒരിക്കൽ വെള്ളം നിലത്തു വീണപ്പോൾ, അത് താഴെ (തിരുനബിയുടെ മുറിയിൽ)എത്തുമോ എന്ന ആശങ്കയിൽ ഞാനും ഉമ്മു അയ്യൂബും ഒരു വിരിപ്പെടുത്ത് ആ വെള്ളം മുഴുവൻ ഒപ്പിയെടുത്തു.' ഞാൻ വളരെ ഭയപ്പെട്ടുകൊണ്ട് നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങയുടെ മുകളിൽ ഞങ്ങൾ താമസിക്കുന്നത് ഉചിതമായി തോന്നുന്നില്ല. അങ്ങ് മുകളിലെ നിലയിൽ താമസം മാറ്റിയാലും!' തുടർന്ന് നബി(സ)തിരുമേനി നിർദ്ദേശപ്രകാരം അവിടത്തെ സാധനങ്ങൾ ഞങ്ങൾ മുകളിലെ നിലയിലെത്തിച്ചു. നബി(സ)തിരുമേനിയുടെ സാധനങ്ങൾ വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു. തുടർന്ന് ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് ബാക്കി വെക്കുന്ന ഭക്ഷണം അങ്ങയുടെ വിരലുകൾ സ്പർശിച്ച സ്ഥലം നോക്കി അവിടെ നിന്നാണ് ഞാനെടുത്ത് കഴിക്കാറുള്ളത്. എന്നാൽ, ഇന്ന് ബാക്കിവച്ച ഭക്ഷണത്തിൽ നോക്കിയപ്പോൾ അങ്ങയുടെ വിരലടയാളം കണ്ടില്ല.' നബി(സ)തിരുമേനി പറഞ്ഞു: 'കാര്യം ശരിയാണ്, അതിൽ ഉള്ളി ഉണ്ടായിരുന്നു.' ഇവിടെ ഉള്ളി എന്നാണ് പറയുന്നത്. വെളുത്തുള്ളി എന്നതിനുപകരം ഉള്ളി എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. എന്റെ അടുക്കൽ മലക്കുകൾ വരുന്നുണ്ട്. അതുകൊണ്ട് ഞാൻ അത് തിന്നാൻ ഇഷ്ടപ്പെടുന്നില്ല. പക്ഷേ, നിങ്ങൾ അത് കഴിച്ചു കൊള്ളുവിൻ!'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് അബൂ അയ്യൂബ് അൻസ്വാരി, വാല്യം 7, പേജ് 781, ഹദീഥ് 23966, പ്രസാധകർ ആലമുൽകുതുബ് ബെയ്റുത്ത് 1998)

ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരിക്ക് നബി(സ)തിരുമേനിയുടെ കൂടെ ബദ്ർ, ഉഹുദ്, ഖൻദക്ക് തുടങ്ങി സകല യുദ്ധങ്ങളിലും പങ്കെടുക്കാൻ സൗഭാഗ്യം ലഭിച്ചിരുന്നു. (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 369, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1990)

ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി വിവരിക്കുന്നു: 'ഞങ്ങൾ ബദ്ർ യുദ്ധദിവസം അണികൾ തയ്യാറാക്കിയപ്പോൾ ചിലയാളുകൾ മുന്നോട്ട് നീങ്ങിപ്പോയി. നബി(സ)തിരുമേനി അവരെ നോക്കിക്കൊണ്ട് പറഞ്ഞു: 'എന്റെ കൂടെ, എന്റെ കൂടെ.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് അബൂ അയ്യൂബ് അൻസ്വാരി, വാല്യം 7, പേജ് 780, ഹദീഥ് 23963, ആലമുൽകുതുബ് ബെയ്റുത്ത് 1998) അതായത് എന്റെ പിന്നിൽ നീങ്ങുക. എന്നെ മുൻകടക്കരുത്.

ഹദ്റത്ത് സ്വഫിയയുടെ വിവാഹത്തെപ്പറ്റി പരാമർശമുണ്ട്. നേരത്തെയും ഞാൻ അത് സംക്ഷിപ്തമായി വിവരിച്ചതാണ്. എങ്കിലും വീണ്ടും വിവരിക്കുകയാണ്: 'ഹദ്റത്ത് സ്വഫിയയുടെ വിവാഹത്തിന് രാത്രിയിൽ ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരി, നബി(സ)തിരുമേനിയുടെ തമ്പിന് പുറത്ത് ഊരിപ്പിടിച്ച വാളുമായി രാത്രിമുഴുവൻ കാവൽനിന്നു. തമ്പിനു ചുറ്റും രാത്രിമുഴുവൻ ചുറ്റിക്കൊണ്ടിരുന്നു. തമ്പിനു പുറത്ത് ഹദ്റത്ത് അബൂഅയ്യൂബിനെ കണ്ടപ്പോൾ നബി(സ)തിരുമേനി ചോദിച്ചു: 'അബൂ അയ്യൂബേ! എന്താണ് കാര്യം?' അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! എനിക്ക് ഈ സ്ത്രീയെ സംബന്ധിച്ച് ആശങ്കയുണ്ടായിരുന്നു. ഇവരുടെ പിതാവും ഭർത്താവും അവരുടെ സമുദായത്തിലെ ആളുകളും കൊല്ലപ്പെട്ടിരിക്കുന്നു. ഇവരാകട്ടെ കുഫ്റിൽനിന്ന് പുതുതായി പുറത്തുവന്നതാണ്. അതുകൊണ്ട് രാത്രിമുഴുവൻ അങ്ങയുടെ സംരക്ഷണത്തിനുവേണ്ടി കാവൽ നിന്നതാണ്.' അപ്പോൾ നബി(സ) തിരുമേനി, ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരിക്കുവേണ്ടി ഇങ്ങനെ പ്രാർഥിച്ചു: അല്ലാഹുമ്മഹ്ഫള് അബാ അയ്യൂബ് കമാ ബാത്ത യഹ്ഫളുനീ അല്ലാഹുവേ! അബൂ അയ്യൂബ് രാത്രി മുഴുവൻ എന്റെ സംരക്ഷണത്തിനുവേണ്ടി ചെലവഴിച്ചതുപോലെ അദ്ദേഹത്തിന് നീ സംരക്ഷണം നൽകേണമേ! ഇമാം സുഹയ്ലി പറയുന്നു: 'നബി(സ)തിരുമേനിയുടെ ഈ ദുആക്കനുസൃതമായി അല്ലാഹു അബൂഅയ്യൂബിനേയും സംരക്ഷിച്ചു. എത്രത്തോളമെന്നാൽ, റോമാക്കാർ അദ്ദേഹത്തിന്റെ ഖബ്ർ സംരക്ഷിക്കുകയും അവർ അദ്ദേഹത്തെ മുൻനിറുത്തി വെള്ളത്തിനുവേണ്ടി പ്രാർഥിക്കുമ്പോൾ മഴപെയ്യുകയും ചെയ്തിരുന്നു.' (അസ്സീറത്തുൽഹൽബിയ്യ, വാല്യം 3, പേജ് 65, ഖയ്ബർ യുദ്ധം, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ)

ഹദ്റത്ത് മഹ്മൂദ്(റ) പറയുന്നു: 'അദ്ദേഹം ഉത്ബാൻ ബിൻ മാലിക് അൻസ്വാരിയിൽനിന്ന് കേട്ടതാണ്. ഇദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം ബദ്ർ യുദ്ധത്തിൽ ഉണ്ടായിരുന്നു. പറയുന്നു: 'ഞാൻ എന്റെ ജനതയായ ബനൂസാലിമിന് നമസ്കാരത്തിൽ ഇമാമത്ത് വഹിച്ചിരുന്നു. എനിക്കും അവർക്കുമിടയിൽ ഒരു തോടുണ്ടായിരുന്നു. മഴയുണ്ടാകുമ്പോൾ തോട് കടന്ന് അവരുടെ മസ്ജിദിലെത്താൻ എനിക്ക് പ്രയാസമായിരുന്നു. അതുകൊണ്ട് ഞാൻ, നബി(സ) തിരുമേനിയുടെ അടുത്തു വന്ന് പറഞ്ഞു: 'എന്റെ കാഴ്ചശക്തി കുറയുന്നതായി എനിക്ക് തോന്നുന്നു. എനിക്കും തന്റെ ജനതയ്ക്കുമിടയിൽ ഒരു തോടുണ്ട്. മഴയുണ്ടാകുമ്പോൾ അത് നിറഞ്ഞൊഴുകുന്നു. എനിക്ക് അത് കടന്നു പോകാൻ പ്രയാസമുണ്ട്. അതിനാൽ അങ്ങ് എന്റെ വീട്ടിൽ നമസ്കാര സ്ഥലമുണ്ടാക്കാൻ ഒരിടത്ത് നമസ്കരിക്കണമെന്നാണ് എന്റെ ആഗ്രഹം.' നബി(സ)തിരുമേനി പറഞ്ഞു: 'ഞാൻ വരാം.' അങ്ങനെ നേരം വെളുത്തശേഷം നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്റും എന്റെയടുക്കൽ വന്നു. അകത്തേക്ക് കടക്കാൻ അനുവാദം ചോദിച്ചു. ഞാൻ അനുമതി നൽകി. നബി(സ)തിരുമേനി ഇരുന്നില്ല. എന്നോട് ചോദിച്ചു: 'വീട്ടിൽ ഏതു സ്ഥലമാണ് താങ്കൾ നമസ്കരിക്കാൻ ഉദ്ദേശിക്കുന്നത്? അവിടെ ഞാൻ നമസ്കരിക്കാം.' നബി(സ)തിരുമേനി അദ്ദേഹത്തോട് ചോദിച്ചു: 'നിങ്ങളെന്നെ നമസ്കരിക്കാൻ വിളിച്ചതാണ്. ഞാൻ എവിടെയാണ് നമസ്കരിക്കേണ്ടത്?' അപ്പോൾ ഞാൻ ആഗ്രഹിച്ച സ്ഥലം നമസ്കരിക്കാൻ വേണ്ടി നബി(സ)തിരുമേനിക്കു കാണിച്ചുകൊടുത്തു.'

നമസ്കരിക്കാൻ വേണ്ടി 'അല്ലാഹു അക്ബർ' എന്നു പറഞ്ഞു (നമസ്കാരം തുടങ്ങി). ഞങ്ങളും പിന്നിൽ വരിയായിനിന്നു. രണ്ട് റക്അത്ത് നമസ്കരിച്ച് ശേഷം അവിടന്ന് സലാം വീട്ടി. ഞങ്ങളും സലാം വീട്ടി. ഞാൻ നബി(സ)തിരുമേനിയെ 'ഖസീറഃ' അതായത് ഇറച്ചിയും ഗോതമ്പുമാവും കൊണ്ട് ഒരു ഭക്ഷണം തയ്യാറാക്കിയിരുന്നു. അത് കഴിക്കാൻ ഞാൻ നബി(സ)തിരുമേനിയോടു അപേക്ഷിച്ചു. നബി(സ)തിരുമേനി എന്റെ വീട്ടിൽ വന്നിട്ടുണ്ടെന്ന് അറിഞ്ഞപ്പോൾ പ്രദേശവാസികൾ ഓടിവരാൻ തുടങ്ങി. ആളുകളെക്കൊണ്ട് വീട് നിറഞ്ഞു.' അവരിലൊരാൾ പറഞ്ഞു: 'മാലിക് എവിടെ?' ഞാൻ അയാളെ കാണുന്നില്ല. അപ്പോൾ അയാൾ മുനാഫിഖ്(കപടവിശ്വാസി)ആണെന്ന് ആരോ പറഞ്ഞു. മറ്റൊരു സ്വാഹാബിയെ പറ്റി ചോദിച്ചപ്പോൾ അയാൾ മുനാഫിഖ് ആണെന്ന് അയാൾ പറഞ്ഞു. അയാൾക്ക് അല്ലാഹുവിനോടും റസൂലിനോടും സ്നേഹമില്ല. അതുകൊണ്ടാണ് അയാൾ വരാത്തത്. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അങ്ങനെ പറയരുത്. അയാൾ ലാ ഇലാഹ ഇല്ലല്ലാഹ് ഏറ്റു പറഞ്ഞ ആളാണ്. ലാ ഇലാഹ ഇല്ലല്ലാഹ് ഏറ്റുപറഞ്ഞതിലൂടെ അയാൾ അല്ലാഹുവിന്റെ സംപ്രീതിയാണ് ആഗ്രഹിക്കുന്നത്. അയാൾ പറഞ്ഞു,'അല്ലാഹുവും അവന്റെ റസൂലുമാണ് നന്നായി അറിയുന്നത്. അല്ലാഹുവാണ! അയാളുടെ സൗഹൃദം മുനാഫിഖീംകളുമായിട്ടാണ് ഞങ്ങൾ കാണുന്നത്.' നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹുവിന്റെ സമ്പ്രീതി കാംക്ഷിച്ചുകൊണ്ട് ലാഇലാഹ ഇല്ലല്ലാഹ് എന്ന് വിളംബരം ചെയ്യുന്നവന് അല്ലാഹു നരകാഗ്നി ഹറാമാക്കിയിരിക്കുന്നു.'

ഹദ്റത്ത് മഹ്മൂദ് ബിൻ റബീഅ്(റ) പറയുന്നു: ഞാനിക്കാര്യം മറ്റു ചിലരോട് പറഞ്ഞു. അതിൽ നബി(സ)തിരുമേനിയുടെ സ്വഹാബി ഹദ്റത്ത് അബൂഅയ്യൂബും ഉണ്ടായിരുന്നു. അദ്ദേഹം റോമിലെ യുദ്ധത്തിലായിരുന്നു. അതിലാണ് അദ്ദേഹം ശഹീദായത്. യസീദ് ബിൻ മുആവിയ ആയിരുന്നു അവരുടെ നേതാവ്. ഹദ്റത്ത് അബൂഅയ്യൂബ്(റ) ഞാൻ പറഞ്ഞ കാര്യം നിഷേധിച്ചുകൊണ്ട് പറഞ്ഞു: 'അല്ലാഹുവാണ! നിങ്ങൾ പറയുന്നതുപോലെ കേവലം 'ലാഇലാഹഇല്ലല്ലാഹ്' എന്ന് പറഞ്ഞാൽ അത് പറയുന്ന ആൾക്ക് നരകം നിഷിദ്ധമായെന്ന് നബി(സ)തിരുമേനി പറഞ്ഞിട്ടുണ്ടെന്ന് ഞാനൊരിക്കലും കരുതുന്നില്ല.' ഏതായിരുന്നാലും തുടർന്നു പറയുന്നു: 'ഇതു കേട്ടപ്പോൾ എനിക്ക് അസ്വസ്ഥതയായി. ഞാൻ ഇത് സംബന്ധിച്ച് അല്ലാഹുവിനോട് ഒരു നേർച്ച നേർന്നു. അല്ലാഹു എന്നെ സുരക്ഷിതനാക്കി, യുദ്ധത്തിൽനിന്ന് തിരിച്ചെത്തിക്കുകയും ഹദ്റത്ത് ഉത്ബാ ബിൻ മാലിക്(റ)നെ അദ്ദേഹത്തിന്റെ ജനതയുടെ മസ്ജിദിൽ ജീവനോടെ കാണുകയും ചെയ്താൽ ഞാൻ ഇക്കാര്യം അദ്ദേഹത്തോട് ചോദിക്കുന്നതാണ്. അങ്ങനെ ഞാൻ തിരിച്ചെത്തി. ഉംറക്കോ, ഹജ്ജിനോ ഇഹ്റാം കെട്ടി പുറപ്പെട്ട് മദീനയിലെ ബനൂ സാലിമിന്റെ മഹല്ലിലെത്തി. അവിടെ വളരെ വൃദ്ധനായ അവസ്ഥയിൽ ഹദ്റത്ത് ഉത്ബയെ ഞാൻ, കണ്ടു. അദ്ദേഹത്തിന്റെ കാഴ് ചശക്തി നഷ്ടമായിക്കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം തന്റെ ജനതയ്ക്ക് നമസ്കാരത്തിൽ ഇമാമത്ത് വഹിക്കുകയായിരുന്നു. അദ്ദേഹം സലാം വീട്ടി നമസ്കാരത്തിൽ നിന്ന് വിരമിച്ചപ്പോൾ ഞാൻ അദ്ദേഹത്തോട് സലാം പറഞ്ഞിട്ട് 'ഞാൻ ആരാണ്?' എന്ന് ചോദിച്ചു. തുടർന്ന് ഞാൻ അദ്ദേഹത്തോട് പ്രസ്തുതകാര്യത്തെ കുറിച്ച് ചോദിച്ചപ്പോൾ, എന്നോട് അദ്ദേഹം ആദ്യം വിവരിച്ച അതേ രീതിയിൽ എനിക്ക് വിവരിച്ചുതന്നു.(സ്ഹീഹ് ബുഖാരി, കിതാബുത്തഹജ്ജുദ്, ബാബു സ്വലാത്തിന്നവാഫിലി ജമാഅത്തൻ, നിവേദന നമ്പർ 1186) (ലുഗാത്തുൽഹദീഥ്, വാല്യം 1, പേജ് 580)

അദ്ദേഹം പറഞ്ഞു: 'ശരിയാണ്. നബി(സ)തിരുമേനി ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞ ആൾക്ക് നരകം നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ, ഹദ്റത്ത് അബൂഅയ്യൂബ് അത് സമ്മതിച്ചിട്ടുണ്ടായിരുന്നില്ല.

ഇതേക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബും(റ) തന്റെ അഭിപ്രായം എഴുതിയിട്ടുണ്ട്. ഹദീഥിൽ മൻ ഖാല ലാഇലാഹ ഇല്ലല്ലാഹ് യബ്ത്തഗീ ബിദാലിക്ക വജ്ഹല്ലാഹ് എന്നുതന്നെയാണ് വന്നിട്ടുള്ളത്.

മുഴുവൻ ഹദീഥിന്റേയും തർജമ ആദ്യം വായിക്കാം. തുടർന്ന് വിശദീകരണം വരുന്നുണ്ട്. അതായത് മഹ്മൂദ് ബിൻ റബീഅ് നിവേദനം. ഞാൻ ഉത്ബാ ബിൻ മാലിക്കിൽനിന്ന് ഇങ്ങനെ കേട്ടു, നബി(സ)തിരുമേനി പറയാറുണ്ടായിരുന്നു: 'ആരെങ്കിലും സത്യഹൃദയത്തോടെ ദൈവ സമ്പ്രീതി ലക്ഷ്യമാക്കി ലാഇലാഹ ഇല്ലല്ലാഹ് എന്ന് വിളംബരം ചെയ്താൽ അയാൾക്ക് നരകാഗ്നി നിഷിദ്ധമാക്കപ്പെടുന്നതാണ്.' എന്നാൽ, ഞാൻ ഈ ഹദീഥ് ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരികൂടി ഉൾപ്പെട്ട ഒരു സദസ്സിൽ വിവരിച്ചപ്പോൾ, അബൂഅയ്യൂബ് അൻസ്വാരി(റ) ഈ നിവേദനം നിഷേധിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! നബി(സ)തിരുമേനി ഇങ്ങനെ പറഞ്ഞതായി ഞാൻ ഒരിക്കലും കരുതുന്നില്ല.' തുടർന്ന് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ(റ) എഴുതുന്നു: 'ഈ ഹദീഥിൽ അബൂഅയ്യൂബ് അൻസ്വാരി, നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ശരിയായിരുന്ന ഹദീ

ഥിനെ അതായത് നിവേദക പരമ്പരയുടെ അടിസ്ഥാനത്തിൽ സ്വഹീഹായ ഹദീഥിനെ, തന്റെ ഗവേഷണത്തിന്റെ അതായത് വിവേചനബുദ്ധിയുടെ അടിസ്ഥാനത്തിൽ, അഥവാ താൻ ശരിയാണെന്ന് മനസിലാക്കുന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കാൻ വിസമ്മതിക്കുകയാണ് ചെയ്തത്. തുടർന്ന് മിയാൻ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു: ഹദ്റത്ത് അബൂഅയ്യൂബിന്റെ സമർഥനം ശരിയല്ലായിരിക്കാം. ഏതായിരുന്നാലും ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു: 'സ്വഹാബാക്കൾ, ഹദീഥുകളെ വെറുതെ അംഗീകരിച്ചിട്ടുണ്ടായിരുന്നില്ല. മറിച്ച് അവർ കൂലങ്കഷമായി ചിന്തിക്കുകയും ഗവേഷണം നടത്തുകയും ചെയ്തിരുന്നു. ഏതായാലും അദ്ദേഹം എഴുതുന്നു: 'സഹാബാക്കൾ അന്ധമായി എല്ലാ നിവേദനങ്ങളേയും അംഗീകരിച്ചിട്ടുണ്ടായിരുന്നില്ല എന്ന് ഈ ഹദീഥ് വ്യക്തമാക്കുന്നു. മറിച്ച് നിവേദകന്റേയും നിവേദനത്തിന്റേയും നിയമങ്ങളുടെ അടിസ്ഥാനത്തിൽ പൂർണമായും ഗവേഷണം നടത്തിയശേഷമാണ് സ്വീകരിച്ചിട്ടുണ്ടായിരുന്നത്.' (സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 16)

ഹദ്റത്ത് സയ്യിദ് വലിയുല്ലാഹ് ശാഹ് സാഹിബ്, ബുഖാരിയിലെ ഈ ഹദീഥിന്റെ വ്യാഖ്യാനത്തിൽ എഴുതുന്നു: 'ഹദ്റത്ത് മഹ്മൂദ് ബിൻ റബീയിൽനിന്ന് ഈ നിവേദനം കേട്ടപ്പോൾ ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരി(റ) അത് നിഷേധിക്കുകയുണ്ടായി. സൽകർമങ്ങളില്ലാതെ കേവലം ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയുന്നത് നരകത്തിൽനിന്ന് സുരക്ഷിതനാക്കുകയില്ല എന്നതുകൊണ്ടാണ് അദ്ദേഹം അത് നിരാകരിച്ചതെന്ന് ചിലർ കരുതുന്നു. ഇത് സർവാംഗീകൃതമായ ഇസ്‌ലാമിക വിഷയവും അങ്ങനെ തന്നെയാണ് എന്നതും പൂർണമായും ശരിയാകുന്നു. തുടർന്ന് ശാഹ് സാഹിബ് എഴുതുന്നു: 'എന്നാൽ, യബ്തഗീ ബിദാലിക്ക വജ്ഹുല്ലാഹ് എന്ന വചനം ഈ തൗഹീദ് പ്രഖ്യാപനം എത്തരത്തിലുള്ളതാണെന്ന് പറഞ്ഞു തരുന്നുണ്ട്. അതായത് ഹൃദയാത്മനാ, ദൈവിക സമ്പ്രീതി കാംക്ഷിച്ചുകൊണ്ട് കലിമ ചെല്ലുമ്പോൾ അഥവാ ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറയുമ്പോൾ അയാൾക്ക് നരകം നിഷിദ്ധമാക്കപ്പെടുന്നു.' തുടർന്ന് ശാഹ് സാഹിബ് എഴുതുന്നു: 'ഹദ്റത്ത് മഹ്മൂദ് ഒരുപക്ഷേ, ചില പദങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിലോ എന്ന് കരുതിയാണ് അന്വേഷിച്ചത്. എന്നാൽ, വീണ്ടും അന്വേഷിച്ചപ്പോൾ നിവേദനത്തിലെ വാക്കുകൾ ശരിയാണെന്ന് സ്ഥാപിക്കപ്പെട്ടു.' തുടർന്നെഴുതുന്നു: 'ആരുടെയെങ്കിലും സത്യവിശ്വാസത്തേയും കപടവിശ്വാസത്തേയും സംബന്ധിച്ച് ജനങ്ങൾക്ക് മുന്നിൽ അഭിപ്രായം പറയുന്നത് ശരിയല്ല. ആരെയെങ്കിലും പറ്റി അയാൾ മുനാഫിഖാണ്, അല്ലെങ്കിൽ അയാളുടെ വിശ്വാസം ദുർബലമാണ് എന്ന് പറയുന്നത് തെറ്റാകുന്നു. കാരണം ആ സന്ദർഭത്തിൽ, നബി(സ)തിരുമേനി ഇബ്നു ദഹ്ശമിനെ സംബന്ധിച്ച് വിമർശിക്കുന്നതും അത് അങ്ങനെ പൊതുജനമധ്യത്തിൽ പറയുന്നതും ഇഷ്ടപ്പെട്ടില്ല. ഇത്തരം വിമർശനം, നന്മയ്ക്കുപകരം ഫിത്നക്കും ഫസാദിനും നാന്ദിയായി തീരുന്നതാണ്.(സ്ഹീഹ് ബുഖാരി, കിതാബുത്തഹജ്ജുദ്, ബാബു സ്വലാത്തിന്നവാഫിലി ജമാഅത്തൻ, നിവേദന നമ്പർ 1186, വാല്യം 2, പേജ് 565, നള്ളാറത്ത് ഇശാഅത്ത് റബ്‌വ)

ഒരു നിവേദനത്തിൽ പറയുന്നു: കുളിയുടെ വിധിയെപ്പറ്റി ഹദ്റത്ത് ഇബ്നു അബ്ബാസും ഹദ്റത്ത് മസൂർ ബിൻ മഖ്രിമയും തമ്മിൽ അബവ എന്ന സ്ഥലത്തുവച്ച് അഭിപ്രായഭിന്നതയുണ്ടായി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്, ഇഹ്റാം കെട്ടിയ ആൾക്ക് തല കഴുകാമെന്നും ഹദ്റത്ത് മസൂർ തല കഴുകുന്നത് ശരിയല്ലെന്നും പറഞ്ഞു.' നിവേദകൻ പറയുന്നു: 'ഹദ്റത്ത് അബ്ദുല്ലാ ബിൻ അബ്ബാസ്(റ) എന്നെ ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരിയുടെ അടുക്കൽ അയച്ചു. അദ്ദേഹം രണ്ട് തടിക്കഷണങ്ങൾക്കിടയിൽ കുളിക്കുന്നതായിട്ടാണ് ഞാൻ കണ്ടത്. തുണികൊണ്ട് മറ ഉണ്ടാക്കിയിരുന്നു. ഞാൻ അദ്ദേഹത്തോട് അസ്സലാമു അലയ്ക്കും എന്ന് പറഞ്ഞു. അദ്ദേഹം ചോദിച്ചു: ആരാണ്? ഞാൻ പറഞ്ഞു: അബ്ദുല്ലാഹ് ബിൻ ഹുനയ്ൻ. നബി(സ)തിരുമേനി, ഇഹ്റാമിന്റെ അവസ്ഥയിൽ തല എങ്ങനെയാണ് കഴുകിയിരുന്നതെന്നറിയാൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ് എന്നെ താങ്കളുടെ അടുത്ത് അയച്ചതാണ്. കാരണം ഇഹ്റാം കെട്ടിയ അവസരത്തിൽ തല കഴുകുന്നത് ശരിയല്ലെന്ന് പറയപ്പെടുന്നു. ഹദ്റത്ത് അബൂഅയ്യൂബ്(റ) തന്റെ കൈ, മറകെട്ടിയ തുണിക്ക് മുകളിൽ വെച്ചു. അപ്പോൾ അത് താഴ്ന്നു. എനിക്ക് അദ്ദേഹത്തിന്റെ ശിരസ് കാണാൻ കഴിയുന്നുണ്ടായിരുന്നു. അതായത് അദ്ദേഹം മറകെട്ടിയിരുന്ന തുണി താഴ്ത്തി തല കാണിച്ചു. തുടർന്ന് അദ്ദേഹത്തിന് വെള്ളം ഒഴിച്ചു കൊടുത്തിരുന്ന ആളോട് തലയിൽ വെള്ളം ഒഴിക്കാൻ പറഞ്ഞു. അയാൾ അദ്ദേഹത്തിന്റെ തലയിൽ വെള്ളമൊഴിച്ചു. തുടർന്ന് അദ്ദേഹം തന്റെ കൈ തലയിൽ വെച്ച് മുന്നോട്ടും പിന്നോട്ടും തടവി. പറഞ്ഞു: 'നബി(സ)തിരുമേനി ഇങ്ങനെ ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്.(സ്വഹീഹ് ബുഖാരി കിതാബു ജസാഉസ്സ്വയ്ദി, ബാബു അൽ ഇഗ്തിസാലി ലിൽമുഹ്രിമി, ഹദീഥ് നമ്പർ 1840)

ഒരു പ്രാവശ്യം മുന്നോട്ടും പിന്നെ പിൻഭാഗത്തേക്കും കൈകൊണ്ട് തല കഴുകിയിരുന്നു.

ഹദ്റത്ത് സയീദ് ബിൻ മുസയ്യിബ് (റ)നിവേദനം. 'ഒരിക്കൽ ഹദ്റത്ത് അബൂ അയ്യൂബ്, നബി(സ)തിരുമേനിയുടെ മുടിയിൽ എന്തോ ഒരു കരടോ മറ്റോ കണ്ടപ്പോൾ അത് അദ്ദേഹം എടുത്ത് മാറ്റി. നബി(സ)തിരുമേനിക്ക് കാണിച്ചുകൊടുത്തു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു, അബൂ അയ്യൂബിൽനിന്ന് അദ്ദേഹം ഇഷ്ടപ്പെടാത്ത സംഗതികൾ ദൂരീകരിക്കുമാറാകട്ടെ. മറ്റൊരു നിവേദനത്തിൽ വരുന്നു: നബി(സ)തിരുമേനി പറഞ്ഞു: അബൂ അയ്യൂബേ! നിനക്ക് ബുദ്ധിമുട്ടുകൾ ഇല്ലാതിരിക്കുമാറാകട്ടെ.(കൻസുൽഉമ്മാൽ, വാല്യം 13, പേജ് 614, ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി(റ), ഹദീഥ് നമ്പർ 37568, മക്തബ മുഅസ്സസത്തുർരിസാല 1985)

ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരി(റ) ജമൽ യുദ്ധം, സ്വഫ്ഫീൻ യുദ്ധം, നെഹർവാൻ യുദ്ധം എന്നിവയിൽ ഹദ്റത്ത് അലിയുടെ സൈന്യത്തിൽ മുൻപന്തിയിൽ ഉണ്ടായിരുന്നു.(ഉസുദുൽഗാബ, വാല്യം 6, പേജ് 22,ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി(റ), ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് ലബ്നാൻ 2003)

ഹദ്റത്ത് അലി കൂഫയിലേക്ക് തന്റെ തലസ്ഥാനം മാറ്റിയപ്പോൾ, ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരിയെ മദീനയിലെ ഗവർണറായി നിയമിച്ചു. ഇതിൽനിന്ന് ഹദ്റത്ത് അലിക്ക്, ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരിയുടെ വ്യക്തിത്വത്തിൽ എത്ര മാത്രം വിശ്വാസമുണ്ടായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ട്. അദ്ദേഹം ഹിജ്റാ 40 വരെ മദീനയിൽ ഗവർണറായിരുന്നു. അതായത് ബുസ്ർ ബിൻ അബൂ അർത്വാത്തിന്റെ നേതൃത്വത്തിൽ അമീർ മുആവിയയുടെ സിറിയൻ സൈന്യം മദീനയെ ആക്രമിച്ചപ്പോൾ ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരി(റ), മദീന വിട്ട് കൂഫയിൽ ഹദ്റത്ത് അലിയുടെ അടുത്തുപോയി. നബി(സ)തിരുമേനിയുടെ വഫാത്തിനു ശേഷം ഖിലാഫത്തിൽനിന്ന് സ്വഹാബാക്കൾക്ക് സ്റ്റൈഫന്റ് ലഭിച്ചിരുന്നു. ഹദ്റത്ത് അബൂഅയ്യൂബ് അൻസാരിയുടെ സൈറ്റപ്പന്റ് ആദ്യം 4000 ആയിരുന്നു. ഹദ്റത്ത് അലി(റ) തന്റെ ഖിലാഫത്ത് കാലത്ത് അത് ഇരുപതിനായിരം ആക്കി ഉയർത്തി. ആദ്യം 8 അടിമകൾ അദ്ദേഹത്തിന്റെ കൃഷിപ്പണിക്ക് നിശ്ചയിക്കപ്പെട്ടിരുന്നു. ഹദ്റത്ത് അലി, അത് 40 ആക്കുകയും ചെയ്തു.(താരീഖ് അത്ത്വബരി, വാല്യം 3, പേജ് 153, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് ലബ്നാൻ 1987) (സയ്റുസ്സ്വഹാബ, വാല്യം 3, പേജ് 112, ദാറുൽഇശാഅത്ത് കറാച്ചി 2004)

ഹദ്റത്ത് ഹബീബ് ബിൻ അബൂ ഥാബിത്ത്(റ) നിവേദനം. 'ഹദ്റത്ത് അബൂഅയ്യൂബ്, അമീർ മുആവിയയുടെ അടുക്കൽ വന്നു. അദ്ദേഹത്തോട് തന്റെ കടങ്ങളെ സംബന്ധിച്ച് പരാതി പറഞ്ഞു. അപ്പോൾ അദ്ദേഹം ഇഷ്ടപ്പെടുന്നതല്ല നോക്കിയത് മറിച്ച് ഇഷ്ടപ്പെടാത്ത കാര്യമാണ് ശ്രദ്ധിച്ചത്. അതായത് അദ്ദേഹം ഹദ്റത്ത് അബൂ അയ്യൂബ്(റ) ഇഷ്ടപ്പെടുന്ന കാര്യമല്ല മറിച്ച്, ഇഷ്ടപ്പെടാത്ത കാര്യമാണ് നോക്കിയത്. ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരി(റ) പറഞ്ഞു: 'നിങ്ങൾ വരുംകാലങ്ങളിൽ മുൻഗണന(യിൽ മാറ്റം) കാണുന്നതാണെന്ന് നബി(സ)തിരുമേനി പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്.' അതായത് മുൻഗണനാക്രമം നിശ്ചയിക്കുന്നതിൽ മാറ്റമുണ്ടാവുന്നതാണ്. അമീർ മുആവിയ ചോദിച്ചു: 'അപ്പോൾ ജനങ്ങൾ എന്ത് ചെയ്യണമെന്നാണ് നബി(സ)തിരുമേനി പറഞ്ഞത്? അപ്പോൾ അബൂഅയ്യൂബ് അൻസ്വാരി പറഞ്ഞു: 'മുൻഗണനയിൽ മാറ്റം വന്നാൽ നിങ്ങൾ ക്ഷമ കൈക്കൊള്ളുക എന്നാണ് നബി(സ)തിരുമേനി പറഞ്ഞത്.' അതായത് മുൻഗണനയിൽ മാറ്റങ്ങൾ വരികയും നിങ്ങൾ പറയുന്നത് അംഗീകരിക്കപ്പെടാതിരിക്കുകയും ഇഷ്ടമുള്ള കാര്യങ്ങൾ ശ്രദ്ധിക്കപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ക്ഷമ കൈക്കൊള്ളുക. അപ്പോൾ അമീർ മുആവിയ പറഞ്ഞു: 'എങ്കിൽ പിന്നെ ക്ഷമ കൈക്കൊള്ളുക. നബി(സ)തിരുമേനി ക്ഷമ കൈക്കൊള്ളാൻ പറഞ്ഞിട്ടുണ്ടെങ്കിൽ ക്ഷമ കൈക്കൊള്ളുക.' ഹദ്റത്ത് അബൂഅയ്യൂബ്(റ) പറഞ്ഞു: 'അല്ലാഹുവാണ! ഞാൻ നിങ്ങളോട് ഒരിക്കലും ഒരു കാര്യവും ചോദിക്കുന്നതല്ല.' ഹദ്റത്ത് അബൂ അയ്യൂബ്(റ) ബസ്വറയിലേക്ക് പോകുകയും ഹദ്റത്ത് ഇബ്നു അബ്ബാസിന്റെ കൂടെ താമസിക്കുകയും ചെയ്തു. ഹദ്റത്ത് ഇബ്നു അബ്ബാസ് അദ്ദേഹത്തിനു വേണ്ടി തന്റെ വീട് ഒഴിഞ്ഞു കൊടുത്തുകൊണ്ട് പറഞ്ഞു: 'താങ്കൾ നബി(സ)തിരുമേനിയോട് പെരുമാറിയിരുന്നതുപോലെ ഞാൻ താങ്കളോടും പെരുമാറുന്നതാണ്. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) തന്റെ വീട്ടുകാരോട് പുറത്തിറങ്ങാൻ കല്പിച്ചു. എന്നിട്ട് ഹദ്റത്ത് അബൂഅയ്യൂബിനോട് പറഞ്ഞു: 'വീട്ടിൽ ഉള്ളതെല്ലാം താങ്കളുടേതാകുന്നു.' അദ്ദേഹം ഹദ്റത്ത് അബൂ അയ്യൂബിന് നാൽപതിനായിരം ദിർഹമും 20 അടിമകളേയും നൽകി. സ്വന്തം ആവശ്യത്തിന് വേറെ ഏർപ്പാടുകളും ചെയ്തു. അതായത് അദ്ദേഹത്തിന് വീട് മാത്രമല്ല നാൽപതിനായിരം ദിർഹമും 20 അടിമകളേയും കൂടി നൽകുകയുണ്ടായി.(കൻസുൽഉമ്മാൽ, വാല്യം 13, പേജ് 614–615, ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി(റ), ഹദീഥ് നമ്പർ 37570, മക്തബ മുഅസ്സസത്തുർരിസാല 1985)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), *വ അൻഫിഖൂ ഫീ സബീലില്ലാഹി വലാ തുൽഖൂ ബി അയ്ദീക്കും ഇലത്തഹ്‌ലുക്കത്തി വ അഹ്സിനൂ ഇന്നല്ലാഹ യുഹിബ്ബുൽമുഹ്സിനീൻ* (2:196)എന്ന ആയത്തിനു നല്കിയ വ്യാഖ്യാനത്തിൽ വിവരിക്കുന്നു:'ഇതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുന്നതിൽ ജനങ്ങൾക്ക് വളരെ തെറ്റുധാരണ ഉണ്ടായിരിക്കുന്നു.'

ക വ അൻഫിഖൂ ഫീ സബീലില്ലാഹി വലാ തുൽഖൂ ബി അയ്ദീക്കും ഇലത്തഹ്‌ലുക്കത്തി വ അഹ്സിനൂ ഇന്നല്ലാഹ യുഹിബ്ബുൽമുഹ്സിനീൻ അവർക്ക് അല്ലാഹുവിൽനിന്ന് അല്പമെന്തെങ്കിലും പ്രയാസം നേരിട്ടാൽ ഉടനെ, ഇത് തങ്ങളെ നാശത്തിൽ അകപ്പെടുന്ന കാര്യമാണെന്ന പറയുന്നു. കാരണം അല്ലാഹു പറയുന്നു: *വലാ തുൽഖൂ ബി അയ്ദീക്കും ഇലത്തഹ്‌ലുക്കത്തി* നിങ്ങൾ നിങ്ങളെ സ്വയം നാശത്തിൽ അകപ്പെടുത്തരുത്. 'നമുക്ക് ഇതിൽ എങ്ങനെ ഭാഗഭാക്കാകാൻ കഴിയും? വാസ്തവത്തിൽ മരണഭയമുണ്ടാകുമ്പോൾ അവി

ടെനിന്ന് മുസ്‌ലിമീങ്ങൾ ഓടി പോകണമെന്നും ഭീരുത്വം കാണിക്കണമെന്നുമല്ല ഈ പറഞ്ഞതിന്റെ വിവക്ഷിതം. മറിച്ച്, ശത്രുക്കളുമായി ഏറ്റുമുട്ടേണ്ടി വന്നാൽ തങ്ങളുടെ സമ്പത്ത് നല്ലപോലെ ചെലവഴിക്കണമെന്നാണ് പറയുന്നത്. കാരണം നിങ്ങൾ സമ്പത്ത് തടഞ്ഞു വെക്കുകയാണെങ്കിൽ അതിന്റെ ഫലം സ്വന്തം കൈകളാൽ മരണത്തിന് വഴിയൊരുക്കുകയായിരിക്കും. ഹദീഥുകളിൽ ഹദ്‌റത്ത് അബൂഅയ്യൂബ് അൻസ്വാരിയുടെ നിവേദനത്തിൽ പറയുന്നു: അദ്ദേഹം കോൺസ്റ്റന്റിനോപ്പിൾ(Constantinople) പിടിച്ചടക്കാൻ പോയതായിരുന്നു. പറഞ്ഞു: ഈ ആയത്ത് ഞങ്ങൾ അൻസ്വാറിനെ സംബന്ധിച്ച് അവതരിച്ചിരുന്നു. പിന്നീട് അദ്ദേഹം പറഞ്ഞു: ആദ്യം ഞങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ഞങ്ങളുടെ സമ്പത്ത് നല്ലതുപോലെ ചെലവഴിച്ചിരുന്നു. എന്നാൽ, അല്ലാഹു തന്റെ ദീനിനെ പ്രബലപ്പെടുത്തുകയും അന്തസ്സ് നൽകുകയും മുസ്‌ലിമീങ്ങൾക്ക് വിജയം നൽകുകയും ചെയ്തപ്പോൾ, *ഖുൽനാ ഹൽ നുഖീമു ഫീ അംവാലിനാ വ നുസ്‌ലിഹുഹാ* ഞങ്ങൾ പറഞ്ഞു: 'ഇനി ഞങ്ങൾ ഞങ്ങളുടെ സമ്പത്ത് സംരക്ഷിക്കുകയും അത് സ്വരുക്കൂട്ടുകയും ചെയ്യുന്നതായിരിക്കും നല്ലത്. ആ സമയത്ത് ഈ ആയത്ത് അവതരിച്ചു. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിൽ നിങ്ങൾ വ്യാകുലപ്പെടരുത്. കാരണം നിങ്ങൾ അങ്ങനെ ചെയ്താൽ അതിന്റെ അർഥം നിങ്ങൾ സ്വയം നിങ്ങളെ നാശത്തിൽ അകപ്പെടുത്തുക എന്നാകുന്നു. ആയതിനാൽ നിങ്ങൾ സമ്പത്ത് സ്വരുക്കൂട്ടി വെക്കരുത്. മറിച്ച് അത് അല്ലാഹുവിന്റെ മാർഗത്തിൽ നല്ലപോലെ ചെലവഴിക്കുവിൻ. അല്ലാത്തപക്ഷം നിങ്ങളുടെ ജീവൻ നഷ്ടമാകുന്നതാണ്. ശത്രുക്കൾ നിങ്ങളെ കീഴടക്കുകയും അതിന്റെ ഫലമായി നിങ്ങൾ നശിപ്പിക്കപ്പെടുന്നതുമാണ്.'(തഫ്‌സീറെ കബീർ വാള്യം 2, പേജ് 429)

ഹദ്‌റത്ത് അലിക്ക് ശേഷം അമീർ മുആവിയയുടെ ഭരണം വന്നപ്പോൾ ഉഖ്ബ ബിൻ ആമിർ ജുഹ്‌നീ, അദ്ദേഹത്തിന്റെ ഈജിപ്തിലെ ഗവർണറായിരുന്നു. ഹദ്‌റത്ത് ഉഖ്ബയുടെ ഭരണകാലത്ത് ഹദ്‌റത്ത് അബൂഅയ്യൂബ് അൻസ്വാരി രണ്ടുതവണ ഈജിപ്തിൽ പോകാൻ ഇടയായി. ആദ്യത്തേത് ഹദീഥ് ശേഖരിക്കാനായിരുന്നു. കാരണം ഹദ്‌റത്ത് ഉഖ്ബ ചില പ്രത്യേക ഹദീഥുകൾ നിവേദനം ചെയ്തിട്ടുണ്ടെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഒരു ഹദീഥിനു വേണ്ടി അദ്ദേഹം വാർധക്യത്തിന്റെ ബുദ്ധിമുട്ടുകൾ സഹിച്ച് യാത്ര ചെയ്തു. രണ്ടാമത്തെ തവണ റോമൻ യുദ്ധത്തിൽ പങ്കെടുക്കുക എന്നുദ്ദേശ്യത്തോടെയാണ് ഈജിപ്തിലേക്ക് പോയത്.(സയ്റുസ്സ്വഹാബ, വാള്യം 3, ഭാഗം 1, പേജ് 113, ദാറുൽ ഇശാഅത്ത് കറാച്ചി 2004)

മർവാൻ(റ) മദീനയുടെ ഗവർണറായിരുന്നു. ഒരു ദിവസം അദ്ദേഹം വന്നപ്പോൾ ഒരാൾ നബിയുടെ ഖബ്‌റിൽ തന്റെ മുഖം വെച്ചിരിക്കുന്നതു കണ്ടു. മർവാൻ ചോദിച്ചു: 'നിങ്ങൾ ഇതെന്താണ് ചെയ്യുന്നതെന്ന് മനസിലായോ? ഇത് ഒരുതരം ശിർക്കാണ്, കുമ്പിട്ട് സുജൂദ് ചെയ്യുകയാണ്.' തുടർന്ന് അദ്ദേഹം അവിടെ എത്തിയപ്പോൾ അത് ഹദ്‌റത്ത് അബൂഅയ്യൂബ് അൻസ്വാരി(റ)യാണെന്ന് കണ്ടു. അദ്ദേഹം മറുപടിയായി പറഞ്ഞു: 'ഞാൻ നബി(സ)തിരുമേനിയുടെ സവിധത്തിലാണ് വന്നത്. ഈ കല്ലുകളുടെ അടുക്കലല്ല.'(മുസ്‌നദ് അഹ്‌മദ് ബിൻ ഹമ്പൽ, വാള്യം 7, പേജ് 785, മുസ്‌നദ് അബൂഅയ്യൂബ് അൻസ്വാരി(റ), ഹദീഥ് നമ്പർ 23983, ആലമുൽകുതുബ് ബെയ്റുത്ത് 1998) (സയ്റുസ്സ്വഹാബ, വാള്യം 3, ഭാഗം 1, പേജ് 116, ദാറുൽ ഇശാഅത്ത് കറാച്ചി 2004)

ഇതിന്റെ ഉദ്ദേശ്യം താൻ നബി(സ)തിരുമേനിയോടുള്ള സ്നേഹവും പ്രേമവുംകൊണ്ട് കുനിഞ്ഞിരിക്കുന്നുവെന്നാണ്. കല്ലുകൾക്ക് സുജൂദ് ചെയ്യുകയോ എന്തെങ്കിലും ശിർക്കും ചെയ്യുകയോയല്ല. പ്രത്യുത ഇത് സ്നേഹത്തിന്റെ പ്രകടനമാണ്. ഇതിലും അല്ലാഹുവിന്റെ ഏകത്വം എന്റെ മനസ്സിലുണ്ട്; ശിർക്കല്ല.

അബൂ അബ്ദുർറഹ്‌മാൻ ഹുബ്‌ലി(റ) നിവേദനം. 'ഞങ്ങൾ സമുദ്രത്തിലായിരുന്നു. അബ്ദുല്ലാഹ് ബിൻ ഖയ്സ് ഫസാരിയായിരുന്നു ഞങ്ങളുടെ അമീർ. ഞങ്ങളുടെകൂടെ ഹദ്‌റത്ത് അബൂഅയ്യൂബ് അൻസ്വാരിയും ഉണ്ടായിരുന്നു. അദ്ദേഹം യുദ്ധമുതലുകൾ വിതരണം ചെയ്യുന്ന ആളുടെ അടുക്കലൂടെ പോയി. അയാൾ യുദ്ധത്തടവുകാരെ നിരീക്ഷിക്കുകയായിരുന്നു. ഹദ്‌റത്ത് അബൂഅയ്യൂബ് അൻസ്വാരി ഒരു സ്ത്രീ കരയുന്നത് കണ്ടു. അദ്ദേഹം ചോദിച്ചു: 'ഈ സ്ത്രീക്ക് എന്തുപറ്റി?' ആളുകൾ പറഞ്ഞു: 'ഈ സ്ത്രീയെ അവളുടെ മകനിൽനിന്ന് അകറ്റിയിരിക്കുന്നു.' നിവേദകൻ പറയുന്നു: 'അദ്ദേഹം കുട്ടിയുടെ കൈപിടിച്ച് അവന്റെ മാതാവിന്റെ കൈയിൽ ഏൽപ്പിച്ചു.' അതിനുശേഷം അവർ യുദ്ധമുതൽ വിതരണം ചെയ്യുന്ന അബ്ദുല്ലാഹ് ബിൻ ഖയ്സിന്റെ അടുത്തു പോയി. എല്ലാ കാര്യവും പറഞ്ഞു. അദ്ദേഹം, ഹദ്‌റത്ത് അബൂഅയ്യൂബിനെ വിളിക്കാൻ ആളയച്ചു. അദ്ദേഹം പറഞ്ഞു: 'ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടിരിക്കുന്നു: 'മാതാവിനും മകനും ഇടയിൽ അകൽച്ച ഉണ്ടാക്കുന്നവരെ അല്ലാഹു ഖിയാമത്തുനാളിൽ അവരുടെ പ്രിയപ്പെട്ടവരിൽനിന്ന് അകറ്റുന്നതായിരിക്കും.(മുസ്‌നദ് അഹ്‌മദ് ബിൻ ഹമ്പൽ, വാള്യം 7, പേജ് 764, മുസ്‌നദ് അബൂഅയ്യൂബ് അൻസ്വാരി(റ), ഹദീഥ് നമ്പർ 23895, ആലമുൽകുതുബ് ബെയ്റുത്ത് 1998)

ചുരുക്കത്തിൽ മാതാവിൽനിന്ന് മക്കളെ മാറ്റുന്നവർക്കും ഇതിൽ പാഠമുണ്ട്. മാത്രമല്ല ഇസ്‌ലാമിനെ അധിക്ഷേപിക്കുന്നവർ, ഇസ്‌ലാം ഇക്കാര്യത്തിൽ എത്രമാത്രം ശ്രദ്ധയാണ് കാണിക്കുന്നതെന്ന് നോക്കുക. കഴിഞ്ഞദിവസം അമേരിക്കയിൽനിന്നുള്ള ഒരു വാർത്തയിൽ, അവിടെ അഭയാർഥികളായി എത്തുന്ന, പാലായനം ചെയ്തു വരുന്ന ആളുകളെ വെവ്വേറെയാണ് പാർപ്പിക്കുന്നതെന്ന് പറയുന്നു. അതായത് മാതാപിതാക്കളേയും മക്കളേയും വേറെ വെക്കുന്നു. ചില കുട്ടികൾക്ക് കുറച്ചുകാലത്തിനുശേഷം മാതാക്കളെ തിരിച്ചറിയാൻപോലും കഴിയുന്നില്ല. അതുകൊണ്ട് ഇസ്‌ലാം, കുട്ടികളെ മാതാപിതാക്കളിൽ നിന്ന് അകറ്റരുതെന്നും അവരെ ബുദ്ധിമുട്ടിക്കരുതെന്നും ഉപദേശിക്കുന്നു.

ഹദ്‌റത്ത് മർഥദ് ബിൻ അബ്ദുല്ലാഹ് നിവേദനം. അദ്ദേഹം പറഞ്ഞു: 'ഹദ്‌റത്ത് അബൂഅയ്യൂബ് അൻസ്വാരി യുദ്ധത്തിന് പോകാൻ ഞങ്ങളുടെ അടുക്കൽ വന്നു. ആ ദിവസങ്ങളിൽ ഹദ്‌റത്ത് ഉഖ്ബ ബിൻ ആമിർ, ഈജിപ്തിലെ ഗവർണർ ആയിരുന്നു. അദ്ദേഹം മഗ്‌രിബ് നമസ്കാരം താമസിപ്പിച്ചു. ഹദ്‌റത്ത് അബൂഅയ്യൂബ് അദ്ദേഹത്തിന്റെ അടുത്തെത്തി ചോദിച്ചു: 'ഉഖ്ബാ! ഇത് എന്തുമാതിരി നമസ്കാരമാണ്? ഞങ്ങൾ തിരക്കുള്ള ആളുകളാകുന്നു. നബി(സ)തിരുമേനി ഇങ്ങനെ ചെയ്യുന്നത് താങ്കൾ കണ്ടിരിക്കുന്നുവെന്ന് ജനങ്ങൾ പറയാതിരുന്നാൽ മതിയായിരുന്നു. 'ശുദ്ധമായ പ്രകൃതത്തിൽ നിലകൊള്ളുകയും മഗരിബ് നമസ്കാരം നക്ഷത്രങ്ങൾ പ്രകാശിക്കുന്നതുവരെ വൈകിപ്പിക്കാതിരിക്കുകയും ചെയ്യുന്ന കാലത്തോളം എന്റെ ഉമ്മത്തിൽ അനുഗ്രഹങ്ങൾ അവശേഷിക്കുന്നതാണ്' എന്ന് നബി(സ)തിരുമേനി പറയുന്നത് നിങ്ങൾ കേട്ടിട്ടില്ലേ? (മുസ്‌നദ് അഹ്‌മദ് ബിൻ ഹമ്പൽ, വാള്യം 7, പേജ് 773, മുസ്‌നദ് അബൂഅയ്യൂബ് അൻസ്വാരി(റ), ഹദീഥ് നമ്പർ 23931, ആലമുൽകുതുബ് ബെയ്റുത്ത് 1998)അതായത് ആദ്യ നേരത്ത് മഗ്‌ രിബ് നമസ്കരിക്കേണ്ടതാണ്.

അബൂവാസിൽ(റ) നിവേദനം. അദ്ദേഹം പറഞ്ഞു: 'ഞാൻ ഹദ്‌റത്ത് അബൂ അയ്യൂബ് അൻസ്വാരിയെ കണ്ടു. അദ്ദേഹം ഹസ്തദാനം ചെയ്തു. എന്റെ നഖങ്ങൾ നീളമുള്ളതാണെന്ന് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനി പറയുന്നു: 'നിങ്ങൾ സ്വർഗലോകത്തെക്കുറിച്ച് ചോദിക്കുകയും പക്ഷികളെപ്പോലെ നഖം നീട്ടി വളർത്തുകയും ചെയ്യുന്നു. അതിൽ അശുദ്ധിയും അഴുക്കും മറ്റും ഒരുമിച്ചു കൂടുന്നതാണ്. (മുസ്‌നദ് അഹ്‌മദ് ബിൻ ഹമ്പൽ, വാള്യം 7, പേജ് 775, മുസ്‌നദ് അബൂഅയ്യൂബ് അൻസ്വാരി(റ), ഹദീഥ് നമ്പർ 23938, ആലമുൽകുതുബ് ബെയ്റുത്ത് 1998)അതായത് ആദ്യ നേരത്ത് മഗ്‌ രിബ് നമസ്കരിക്കേണ്ടതാണ്.

അതായത് നിങ്ങൾ വലിയ വലിയ കാര്യങ്ങൾ, ദൈവ ജ്ഞാനത്തെ പറ്റിയുള്ള കാര്യങ്ങൾ അന്വേഷിക്കുന്നു. എന്നാൽ, നിങ്ങളുടെ അവസ്ഥയാകട്ടെ നഖങ്ങൾ നീട്ടി വളർത്തുന്നു. അവയിൽ അഴുക്ക് കൂടുന്നതാണ്. അതുകൊണ്ട് നഖം വെട്ടിക്കളയുക. മുസ്‌നദ് ബിൻ ഹമ്പലിലെ ഹദീഥാണിത്.

ഹദ്‌റത്ത് അബൂ അയ്യൂബിന്റെ ശ്രേഷ്ഠതയും മഹത്ത്വവും എത്രമാത്രം അംഗീകരിക്കപ്പെട്ടതാണെന്നാൽ സ്വഹാബാക്കൾ അദ്ദേഹത്തോട് വിഷയങ്ങൾ ചോദിക്കാറുണ്ടായിരുന്നു. ഹദ്‌റത്ത് ഇബ്നു അബ്ബാസ്(റ), ഇബ്നു ഉമർ(റ), ബറാഅ് ബിൻ ആസിബ(റ), അനസ് ബിൻ മാലിക്(റ), അബൂ ഉമാമ(റ), സയ്ദ് ബിൻ ഖാലിദ് ജുഹനീ(റ), മിഖ്ദാം ബിൻ മഅ്ദി കരിബ്(റ), ജാബിർ ബിൻ സമുറ(റ), അബ്ദുല്ലാഹ് ബിൻ യസീദ് ഖത്മി(റ), എന്നിവർ നബി(സ)തിരുമേനിയിൽനിന്ന് ശിക്ഷണം പ്രാപിച്ചവരായിരുന്നു എങ്കിലും ഹദ്‌റത്ത് അബൂഅയ്യൂബിന്റെ അനുഗ്രഹത്തിൽ നിന്നു വിട്ടു നിന്നവരല്ല.

താബിഈങ്ങളിൽ സയീദ് ബിൻ മുസയ്യിബ്, ഉർവ ബിൻ സുബയ്ർ, സാലിം ബിൻ അബ്ദുല്ലാഹ്, അത്വാ ബിൻ യസാർ, അത്വാ ബിൻ യസീദ് ലയ്ഥി, അബൂ സൽമ, അബ്ദുർറഹ്‌മാൻ ബിൻ അബീ ലയ്ലാ എന്നിവർ ഉന്നത സ്ഥാനീയരായിരുന്നു. എങ്കിലും ഹദ്‌റത്ത് അബൂഅയ്യൂബിനോടു സ്നേഹമുള്ള വരുമായിരുന്നു. (സയ്റുസ്സ്വഹാബ, വാള്യം 3, ഭാഗം 1, പേജ് 115, ദാറുൽ ഇശാഅത്ത് കറാച്ചി 2004)

ഹദ്‌റത്ത് അബൂ അയ്യൂബ് അൻസ്വാരി(റ) നിവേദനം. അദ്ദേഹം മുആവിയയുടെ കാലത്ത് ജിഹാദിന് പുറപ്പെട്ടു. അദ്ദേഹം പറയുന്നു: 'ഞാൻ രോഗിയായി. രോഗം മൂർച്ഛിച്ചു. അപ്പോൾ കൂടെയുള്ളവരോട് പറഞ്ഞു, 'ഞാൻ മരണപ്പെട്ടാൽ എന്നെ എടുക്കണം. എന്നിട്ടു നിങ്ങൾ ശത്രുക്കൾക്കെതിരിൽ അണിനിരക്കുമ്പോൾ, നിങ്ങളുടെ കാലുകൾക്കടുത്ത് എന്നെ മറവടക്കണം. ഞാൻ നിങ്ങൾക്ക് ഒരു ഹദീഥ് കേൾപ്പിക്കാം. അത് നബി(സ)തിരുമേനിയിൽ നിന്ന് ഞാൻ കേട്ടതാണ്. എന്റെ മരണം സമീപസ്ഥമല്ലെങ്കിൽ അത് ഞാൻ കേൾപ്പിക്കുമായിരുന്നില്ല. നബി(സ) തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു; 'അല്ലാഹുവിന് പങ്കുകാരെ ചേർക്കാത്ത നിലയിൽ മരണപ്പെടുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.'

ഒരു നിവേദനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഹദ്‌റത്ത് അബൂഅയ്യൂബ് അൻസ്വാരിയുടെ മരണം ആസന്നമായപ്പോൾ പറഞ്ഞു: 'നബി(സ)തിരുമേനിയിൽനിന്ന് കേട്ട ഒരു കാര്യം ഞാൻ നിങ്ങളിൽ നിന്നു മറച്ചുവെച്ചിട്ടുണ്ട്. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ തിന്മ ചെയ്യുന്നില്ലെങ്കിൽ അല്ലാഹു തിന്മ ചെയ്യുന്ന ജനതയെ സൃഷ്ടിക്കുന്നതാണ്. പിന്നെ അവർക്ക് മാപ്പ് കൊടുക്കുകയും ചെയ്യും.' അതായത് അല്ലാഹുവിന്റെ റഹ്‌മാനിയ്യത്ത്, പൊറുമ എന്നീ സ്വിഫത്തുകൾ കാര്യങ്ങളെ അത്ര മാത്രം പരിഗണിക്കുന്നുണ്ട്.

മുഹമ്മദ് എന്ന നിവേദകൻ പറയുന്നു: 'ഹദ്‌റത്ത് അബൂഅയ്യൂബ് അൻസ്വാരി(റ) ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം മുസ്‌ലിമീങ്ങളുടെ ഒരു യുദ്ധത്തിലും പിന്നിലായിരുന്നില്ല; മറ്റേതെങ്കിലും യുദ്ധത്തിൽ പങ്കെടുത്താലൊഴികെ. അതാ

യത് ഒരേ സമയം രണ്ടു യുദ്ധങ്ങൾ ഉണ്ടാകുമ്പോൾ, അദ്ദേഹം ഏതെങ്കിലും ഒരു യുദ്ധത്തിൽ തീർച്ചയായും പങ്കെടുക്കുമായിരുന്നു. ഒരു വർഷം അദ്ദേഹം യുദ്ധത്തിൽ പങ്കെടുത്തില്ല. കാരണം യുവാവ് സൈന്യാധിപനാക്കപ്പെട്ടിരുന്നു.' ആ വർഷം യുദ്ധത്തിൽ പങ്കെടുക്കാതിരുന്നു. ആ വർഷത്തിനു ശേഷം അദ്ദേഹം ഖേദിക്കുകയും ഇങ്ങനെ പറയുകയും ചെയ്തു: എന്റെമേൽ ആരെയാണ് നിയോഗിക്കുന്നതതെന്ന് ഞാനെന്തിനു നോക്കണം? എന്റെമേൽ ആരെയാണ് നിയോഗിക്കുന്നതതെന്ന് ഞാനെന്തിനു നോക്കണം? എന്റെമേൽ ആരെയാണ് നിയോഗിക്കുന്നതതെന്ന് ഞാനെന്തിനു നോക്കണം? മൂന്നു പ്രാവശ്യം ഇത് അദ്ദേഹം പറയുകയുണ്ടായി. നിവേദനങ്ങളിൽ യുവാവിനെ നിയോഗിച്ചു എന്ന് പറയപ്പെടുന്നത് അബ്ദുൽ മാലിക് ബിൻ മർവാനെ സംബന്ധിച്ചാകുന്നു. നിവേദകൻ പറയുന്നു: 'ഹദ്റത്ത് അബൂ അൻസ്വാരി രോഗാതുരനായി. യസീദ് ബിൻ മുആവിയ സൈന്യത്തിന്റെ അമീറായിരുന്നു. യസീദ്, അദ്ദേഹത്തിന്റെ അടുത്ത് വന്നു കൊണ്ട് ചോദിച്ചു: 'താങ്കൾക്ക് എന്തെങ്കിലും വേണമെങ്കിൽ ചോദിച്ചു കൊള്ളുക.' അദ്ദേഹം പറഞ്ഞു: 'ഞാൻ മരണപ്പെട്ടാൽ സാധ്യമാകുന്നത്ര ശത്രുക്കളുടെ രാജ്യത്തേക്ക് കൊണ്ടുപോകണം. ഇനിയും കൊണ്ടുപോകാൻ കഴിയാതെ വന്നാൽ അവിടെ തന്നെ ഖബ്റടക്കി തിരിച്ചുവരിക. ഇത്ര മാത്രമേ എനിക്ക് ആവശ്യമുള്ളൂ.' ഹദ്റത്ത് അബൂ അയ്യൂബ് വഫാത്തായപ്പോൾ അദ്ദേഹത്തെയും കൊണ്ടു പുറപ്പെട്ടു. സാധ്യമായത്രയും ശത്രുവിന്റെ രാജ്യത്ത് എത്തിച്ചു. അവിടെ അദ്ദേഹത്തെ ഖബ്റടക്കി തിരിച്ചുവന്നു.

നിവേദകൻ പറയുന്നു: 'ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരി ഇങ്ങനെ പറഞ്ഞിരുന്നു: 'അല്ലാഹു പറയുന്നു: *ഇൻഫിറൂ ഖിഫാഫൻ വ്വ ഥിഖാലൻ*(9:41) നിങ്ങൾ ഭാരം കുറഞ്ഞവരായും ഭാരം കൂടിയാവരായും(യുദ്ധത്തിന്) പുറപ്പെടുക. ഞാനെന്നെ ഭാരം കുറഞ്ഞവനായും ഭാരമുള്ളവനായും മനസിലാക്കുന്നു.'

ഒരു നിവേദനത്തിലുണ്ട്. ഏതോ ഒരു മക്കാ നിവാസിയുടെ നിവേദനമാണ്, യസീദ് ബിൻ മുആവിയ, ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരിയുടെ അടുക്കലെത്തിയപ്പോൾ അദ്ദേഹം യസീദിനോട് പറഞ്ഞു: 'ജനങ്ങളോട് എന്റെ സലാം പറയുക. എന്നെ കൊണ്ടുപോകാൻ കഴിയുന്നത്ര ദൂരം അവർ എന്നെ കൊണ്ടുപോകണം. അങ്ങനെ യസീദ് ജനങ്ങളോട് ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരി പറഞ്ഞത് കേൾപ്പിച്ചു. ജനങ്ങൾ അതനുസരിച്ച് അദ്ദേഹത്തിന്റെ ജനാസ സാധ്യമാകുന്നത്രയും ദൂരം കൊണ്ടുപോയി.'

നബി(സ)തിരുമേനിക്കുശേഷം ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി(റ), തന്റെ വഫാത്ത് വരെയും ജിഹാദുമായി ഇഴകി ചേർന്നുനിന്നു. അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിലാണ് വഫാത്തായത്. ഒരു നിവേദനത്തിൽ പറയുന്നു: ഹിജരി 52 ൽ, യസീദ് ബിൻ മുആവിയ, തന്റെ പിതാവ് അമീർ മുആവിയായുടെ ഖിലാഫത്ത് കാലത്ത് കോൺസ്റ്റാന്റിനോപ്പിൾ യുദ്ധം ചെയ്തു. അതേവർഷം ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി വഫാത്തായി. യസീദ് ബിൻ മുആവിയ, അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. അദ്ദേഹത്തിന്റെ ഖബ്ർ റോമിൽ, കോൺസ്റ്റാന്റിനോപ്പിൾ കോട്ടയ്ക്ക് സമീപത്താണുള്ളത്. നിവേദകൻ പറയുന്നു: റോമക്കാർ അദ്ദേഹത്തിന്റെ ഖബ്ർ സംരക്ഷിക്കുകയും, കേടുപാടുകൾ തീർക്കുകയും വരൾച്ച ഉണ്ടാകുമ്പോൾ അദ്ദേഹത്തെ മധ്യസ്ഥനാക്കി മഴയ്ക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു. (അത്ത്വബഖാത്തുൽകുബ്റാ, വാള്യം 3, പേജ് 369–370, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 1990) (അൽഇസ്വാബ, വാള്യം 2, പേജ് 201, ഹദ്റത്ത് ഖാലിദ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 1995)(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 7, പേജ് 768, മുസ്നദ് അബൂഅയ്യൂബ് അൻസ്വാരി(റ), ഹദീഥ് നമ്പർ 23912, ആലമുൽകുതുബ് ബെയ്റുത്ത് 1998)

ഒരു നിവേദനമനുസരിച്ച്, അമീർ മുആവിയയുടെ കാലത്ത് യസീദിന്റെ നേതൃത്വത്തിൽ റോമൻ ഭരണകൂടത്തിനെതിരെയുള്ള യുദ്ധത്തിൽ ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരി(റ) പങ്കെടുത്തിരുന്നു. കോൺസ്റ്റാന്റിനോപ്പിൾ പട്ടണത്തിനടുത്ത് ഹിജ്റ 50 ലോ 51 ലോ അദ്ദേഹം വഫാത്തായി. അവിടെത്തന്നെയാണ് ഖബറടക്കിയത്. ഒരു നിവേദനമനുസരിച്ച് യസീദ്, കുതിരപ്പടയാളികളോട്, ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരിയുടെ ഖബ്റിന്റെ മുന്നോട്ടും പിന്നോട്ടും ഓടാൻ കൽപിച്ചു. അവസാനം ഖബ്റിന്റെ അടയാളം പോലും ഇല്ലാതായി. ഒരു നിവേദനത്തിൽ പറയുന്നു: രാത്രി ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരിയെ ഖബറടക്കി. രാവിലെ റോമക്കാർ മുസ്ലിമീങ്ങളോട് പറഞ്ഞു: 'നിങ്ങൾ രാത്രി എന്താണ് ചെയ്തിരുന്നത്?' മുസ്ലിമീങ്ങൾ പറഞ്ഞു: 'ഞങ്ങളുടെ നബി(സ)തിരുമേനിയുടെ ഉന്നത സ്വഹാബിയും ഇസ്ലാം സ്വീകരിച്ചവരിൽ പ്രഥമഗണനീയരിൽപ്പെടുന്ന ആളുമായ ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരിയെ ഖബ്റടക്കുകയായിരുന്നു. അതാണ് നിങ്ങൾ കണ്ടത്. അല്ലാഹുവാണ! ഈ ഖബ്ർ പൊളിച്ചാൽ ഞങ്ങളുടെ പക്കൽ ഭരണമുള്ളിടത്തോളം കാലം, അറേബ്യയുടെ മണ്ണിൽ നിങ്ങളുടെ ശംഖ് മുഴക്കാൻ സമ്മതിക്കുന്നതല്ല.' മുജാഹിദ് പറയുന്നു: 'അവർക്ക് പട്ടിണി ഉണ്ടാകുമ്പോൾ അവർ ഖബ്റിൽനിന്ന് അല്പം മണ്ണ് നീക്കും, അപ്പോൾ മഴ പെയ്യുകയും ചെയ്യും.'(ഉസുദുൽഗാബ, വാള്യം 6, പേജ് 23,ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി(റ), ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് ലബ്നാൻ 2003)

ഈ സമ്പ്രദായം അവിടേയുമുണ്ട്. ഇത് എത്രത്തോളം ശരിയാണെന്ന് അല്ലാഹുവിന് അറിയാം. ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരി ഹിജ്റ 50 ലോ, 51 ലോ, 52 ലോ കോൺസ്റ്റാന്റിനോപ്പിളിൽ വഫാത്തായി. അധികം ആളുകളും പറഞ്ഞത് ഹിജ്റ 52 എന്നാണ്.(അൽഇസ്വാബ, വാള്യം 2, പേജ് 201, ഹദ്റത്ത് ഖാലിദ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് ലബ്നാൻ 1995)

ഹദ്റത്ത് അബൂഅയ്യൂബ് അൻസ്വാരിയുടെ ഖബ്ർ, തുർക്കിയിലെ ഇസ്താംബൂൾ പട്ടണത്തിലാണുള്ളത്. ഖബ്ർ ഒരു ചത്വരത്തിലാണുള്ളത്. അത് പിച്ചള കമ്പിവല കൊണ്ട് മറച്ചിരിക്കുന്നു. തുർക്കിയിലെ നിരവധി ജനങ്ങൾ മന:സമാധാനത്തിനുവേണ്ടി ഇവിടെ വരാറുണ്ട്. (തബർറുക്കാത്തെ സ്വഹാബ കാ തസ്വീരി ആൽബം, അർസലാൻ ബിൻ അഖ്ത്തർ 35,50, മക്തബ അർസലാൻ കറാച്ചി, 2011)

ഇവിടെ ബദ്രി സ്വഹാബാക്കളുടെ അനുസ്മരണം അവസാനിക്കുകയാണ്. പക്ഷേ, നാലു ഖലീഫമാരെ കുറിച്ച് ഇനി വിവരിക്കുന്നതാണ്. ചിലരെക്കുറിച്ച് ഹ്രസ്വമായി പരാമർശിച്ചിരുന്നു. ഇനി വിശദമായി വിവരിക്കുന്നതാണ്. അതുപോലെ തുടക്കത്തിൽ ചില സ്വഹാബാക്കളെ ചുരുങ്ങിയ നിലയിലാണ് അനുസ്മരിച്ചത്. അവരെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ കിട്ടിയാൽ അതും പറയുന്നതായിരിക്കും. അവരെ സംബന്ധിച്ച് എഴുതുമ്പോൾ അതെല്ലാം ബന്ധപ്പെട്ട സ്വഹാബികളുടെ ചരിത്രത്തിൽ ചേർക്കുന്നതാണ്. ഇത്തരത്തിൽ ഏതാനും സ്വഹാബാക്കൾ മാത്രമേ ഉള്ളൂ.

ഇനി കഴിഞ്ഞ ദിവസങ്ങളിൽ മരണപ്പെട്ട ചില പരേതാത്മക്കളെ അനുസ്മരിക്കുന്നതാണ്. പിന്നെ അവരുടെ ജനാസ നമസ്കരിക്കുന്നതുമാണ്. ആദ്യത്തേത് ഇന്ത്യയിലെ മുഅല്ലിം ജനാബ് അബ്ദുൽ ഹയ്യ് മണ്ഡൽ സാഹിബിന്റേതാണ്. അദ്ദേഹം 2020 സെപ്റ്റംബർ 25ന് ഹൃദയാഘാതം മൂലം മരണപ്പെട്ടു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. മർഹൂം 1999 ൽ സ്വയം പഠിച്ച് ജമാഅത്തിൽ വന്നതാണ്. 2003ൽ ജാമിഅത്തുൽ മുബശ്ശിരീൻ പാസായശേഷം വഫാത്തുവരെയും കഠിനാധ്വാനത്തോടും ആത്മാർഥതയോടും ശുഷ്കാന്തിയോടുംകൂടി ജമാഅത്തീ സേവനത്തിൽ കർമനിരതനായിരുന്നു. ഇങ്ങനെ മർഹൂമിന് 17 വർഷം സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. മർഹൂം വളരെ ആത്മാർഥതയും ദീനീബോധവും നമസ്കാരത്തിൽ ശുഷ്കാന്തിയും ജമാഅത്തിനോട് കൂറുമുള്ള മുഅല്ലിമായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ രണ്ട് ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. അല്ലാഹു അദ്ദേഹത്തിന് പൊറുത്തു കൊടുക്കുകയും കരുണ വർഷിക്കുകയും ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യക്കും മക്കൾക്കും മന:സമാധാനം നൽകുകയും ചെയ്യുമാറാകട്ടെ .

അടുത്ത ജനാസ, ബംഗാളിലെ മുർശിദാബാദ് ജില്ലയിലെ മുഅല്ലിം ജനാബ് സിറാജുൽ ഇസ്ലാം സാഹിബിന്റേതാണ്. 2020 ഒക്ടോബർ 14ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. മർഹൂം 2002 ൽ ഖാദിയാൻ ജാമിഅത്തുൽ മുബശ്ശിരീനിൽ നിന്ന് ആറുമാസത്തെ മുഅല്ലിമീൻ ട്രെയിനിംഗ് പൂർത്തിയാക്കി. 2020 വരെ താൽക്കാലിക മുഅല്ലിമായി സേവനം ചെയ്യുകയായിരുന്നു. അദ്ദേഹം 18 വർഷം സേവനനിരതനായിരുന്നു. അദ്ദേഹം കഠിനാധ്വാനിയും ദീനീ ബോധവും അനുസരണയും നമസ്കാരം, നോമ്പ് തുടങ്ങിയ കാര്യങ്ങളിൽ ബന്ധശ്രദ്ധനുമായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയും മൂന്നു പെൺമക്കളുമുണ്ട്. രണ്ട് മക്കളുടെ വിവാഹം കഴിഞ്ഞിരിക്കുന്നു. ഒരു മകൾ പഠിക്കുകയാണ്. അല്ലാഹു പരേതന് മഗ്ഫിറത്തും കാരുണ്യവും പ്രദാനം ചെയ്യുമാറാകട്ടെ. സന്തപ്ത കുടുംബത്തിന് സഹനം നൽകുകയും നന്മകൾ തുടർന്നു കൊണ്ടുപോകുവാൻ സൗഭാഗ്യം നൽകുകയും ചെയ്യുമാറാകട്ടെ.

അടുത്ത ജനാസ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗഹിത്രനും ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ പൗത്രനും ഹദ്റത്ത് നവാബ് അമത്തുൽ ഹഫീള് ബേഗം സഹിബയുടേയും ഹദ്റത്ത് നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റേയും മകനുമായ ജനാബ് ശാഹിദ് അഹ്മദ് ഖാൻ പാശാ സാഹിബിന്റേതാണ്. അദ്ദേഹം ഒക്ടോബർ 26 ന്, 85 മത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. ശാഹിദ് അഹ്മദ് ഖാൻ സാഹിബ് രണ്ടു വിവാഹം കഴിച്ചിരുന്നു. ആദ്യത്തെ വിവാഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസിന്റെ മകൾ അമത്തുശ്ശക്കൂർ സാഹിബയുമായിട്ടായിരുന്നു. 1962 ൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് രോഗബാധിതനായിരുന്നതുകൊണ്ട് മൗലാനാ ജലാലുദ്ദീൻ

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലായിൽനിന്ന്(റ) നിവേദനം. 'ഒരു ജനാസ കടന്നുപോയപ്പോൾ നബി(സ) എഴുന്നേറ്റുനിന്നു; ഒപ്പം ഞങ്ങളും.' പിന്നെ ഞങ്ങൾ ഉണർത്തിച്ചു: 'യാ റസൂലല്ലാഹ്! അതൊരു ജൂതസ്ത്രീയുടേതാണ്.' അവിടന്ന് പറഞ്ഞു:'മരണം സംഭ്രമജനകമാകുന്നു. അതിനാൽ നിങ്ങൾ ജനാസ(കൊണ്ടുപോകുന്നതു)കണ്ടാൽ എഴുന്നേറ്റു നില്ക്കുക.'**

**(മുസ്ലിം, ഹദീഥ് 472)**

ത്വാലിബെ ദുആ
K.Muhammad Safwan & Family, Ahmadiyya Jama-ath Kakkanad, Kerala

സാഹിബ് ശംസാണ് നിക്കാഹ് ഖുത്ബ നിർവഹിച്ചത്. ആദ്യത്തെ വിവാഹത്തിൽ 5 മക്കൾ അതായത് രണ്ട് ആൺമക്കളും മൂന്ന് പെൺമക്കളുമുണ്ട്. രണ്ടാമത്തെ വിവാഹം മർഹൂം സയീദ് സാഹിബിന്റെ മകൾ സമീന സയീദ് സാഹിബിയുമായിട്ടായിരുന്നു. 1977-ലായിരുന്നു ഈ വിവാഹം. അവരിൽ ഒരു മകനുണ്ട്. ഇപ്പോൾ അമേരിക്കയിലാണ്.

മർഹൂം ജമാഅത്തീ ജോലിയിൽ ഉണ്ടായിരുന്നില്ല. പക്ഷേ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ കൂടെ ചില വിദേശപര്യടനങ്ങളിൽ പോകാൻ തൗഫീഖ് ലഭിച്ചിരുന്നു. അവിടെ സേവനത്തിനും അവസരം കിട്ടിയിട്ടുണ്ട്. മറ്റൊരു സവിശേഷത അദ്ദേഹത്തിന്റെ ഭാര്യ എഴുതുന്നു: 'അദ്ദേഹം വലിയ സാധുസംരക്ഷകനായിരുന്നു. നിരവധി സാധുക്കൾക്ക് ചെലവിന് നൽകിയിരുന്നു. മാത്രമല്ല സാധുക്കൾക്ക് വീടു വെച്ചു നൽകുകയും കൃത്യമായി സഹായധനം നൽകുകയും ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും റഹ്മത്തും നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളേയും ജമാഅത്തിനോടും ഖിലാഫത്തിനോടും പ്രതിബദ്ധതയുള്ളവരാക്കുമാറാകട്ടെ.

അടുത്ത ജനാസ, യു.കെ ഷീഫീൽഡിലുള്ള ജനാബ് മസ്ഊദ് അഹ്മദ് ശാഹ് സാഹിബിന്റേതാണ്. സെപ്റ്റംബർ 8 ന് ഹൃദയാഘാതം കാരണം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ അദ്ദേഹത്തിന്റെ കുടുംബത്തിൽ പിതാവ് ഹദ്റത്ത് സയ്യിദ് ഹുസയ്ൻ സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് എത്തിയത്. അദ്ദേഹം 1902 ൽ ഇരുപതാമത്തെ വയസ്സിൽ ഖാദിയാനിൽപോയി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈകളിൽ ബയ്അത്ത് ചെയ്യുകയായിരുന്നു. സയ്യിദ് മസ്ഊദ് അഹ്മദ് ശാഹ് സാഹിബ് 1962 ൽ യു.കെയിലെത്തി ഷീഫീൽഡിൽ സ്ഥിരതാമസമാക്കി. ഷീഫീൽഡിൽ ജമാഅത്ത് സ്ഥാപിച്ചപ്പോൾ അദ്ദേഹത്തിന്റെ താമസസ്ഥലമായിരുന്നു ആദ്യത്തെ നമസ്കാരസെന്റർ. 1970വരെ അദ്ദേഹം ജമാഅത്ത് സ്വദ്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പിന്നീട് 1997 മുതൽ മരണം വരെയും ളിയാഫത്ത് സെക്രട്ടറിയായിരുന്നു. അദ്ദേഹം സൗശീലനും അതിഥി സൽക്കാരപ്രിയനും സന്മനസ്സിന്റെ ഉടമയും സേവനതൽപരനും സാധുക്കളോടു സഹാനുഭൂതിയുള്ളയാളും ആത്മാർഥതയും കൂറുമുള്ള വ്യക്തിയുമായിരുന്നു. ഖിലാഫത്തിനോട് അങ്ങേയറ്റം ആത്മാർഥ ബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകൾ ഡോക്ടർ ആഇശ സാഹിബ പറയുന്നു: 'ഞങ്ങളെ ജമാഅത്തുമായി പ്രത്യേകിച്ചും ഖിലാഫത്തുമായി ബന്ധിപ്പിക്കാൻ ശ്രമിച്ചിരുന്നു. ആറു മാസം കൂടുമ്പോൾ ഖലീഫത്തുൽ മസീഹുമായി കൂടിക്കാഴ്ച നടത്താൻ ഉപദേശിച്ചിരുന്നു.'

അല്ലാഹു അദ്ദേഹത്തിന്റെ ഭാര്യക്കും മക്കൾക്കും സഹനവും കരുത്തും നൽകുമാറാകട്ടെ. ശാഹ് സാഹിബിന് മഗ്ഫിറത്തും റഹ്മത്തും പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും ഭാര്യക്കും മകൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ സൗഭാഗ്യം നൽകുമാറാകട്ടെ. (വിവർത്തകൻ: എച്ച്. ശംസുദ്ദീൻ, കാവശ്ശേരി, ടൈപ്പ് സെറ്റിംഗ്: ഹാശിം അശ്റഫ്, ആലപ്പുഴ)

(പേജ് 2ൽനിന്ന്)

**മൗലവി മുഹമ്മദു ഹുസയ്നെ മാത്രമല്ല പ്രത്യുത സകല മൗലവിമാരേയും മത്സരത്തിന് ക്ഷണിക്കുന്നു.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)എല്ലാ ഉലമാഇനേയും കറാമാത്തുസ്സ്വാദിഖീൻ എന്ന ഗ്രന്ഥത്തിന്നെതിരിൽ വിളിച്ചു. അവരുടെ ആത്മാഭിമാനത്തെ ആവേശം കൊള്ളിച്ചു. അവിടന്ന് പറഞ്ഞു: അപ്രകാരംതന്നെ ഞാൻ ആവർത്തിച്ച് ഈമാൻ പ്രകടിപ്പിച്ചിട്ടും എന്നെ കാഫിറെന്നും മുർത്തദ്ദെന്നും കരുതുന്നവരും തങ്ങളെ വലിയ സംഭവമായി മനസ്സിലാക്കുന്നവരുമായ തലയിൽ അഹങ്കാരത്തിന്റെ കീടമുള്ള എല്ലാ മൗലവിമാരേയും മത്സരത്തിനായി ക്ഷണിക്കുകയാണ്. അവർ ദില്ലിയിൽ താമസിക്കുന്നവരായാലും, മിയാൻ ശെയ്ഖുൽകുല്ലായാലും അല്ലെങ്കിൽ ലാഹോറിൽ താമസിക്കുന്നവരായാലും മിയാൻ മുഹ്യുദ്ദീൻ ബിൻ മൗലവി മുഹമ്മദ് സാഹിബായാലും അല്ലെങ്കിൽ ലാഹോറിലെ മറ്റേതെങ്കിലും നഗരത്തിൽ വസിക്കുന്നവരായാലും ഇപ്പോൾ അവരുടെ എല്ലാവരുടേയും ലജ്ജയും നാണവും ആവശ്യപ്പെടുന്നത് മത്സരിക്കുക എന്നാണ്. ആയിരം രൂപ വാങ്ങുക. തങ്ങളുടെ ജ്ഞാനം പ്രകടിപ്പിക്കുന്നതിനോടൊപ്പം നമ്മുടെ തെറ്റുകളും വെളിച്ചത്തുകൊണ്ടുവരാൻ അവർക്ക് അധികാരമുണ്ടായിരിക്കും. എന്റെ സ്വർഫും നഹ്‌വും പരീക്ഷിക്കുക. അതുപോലെ തന്നെ തങ്ങളുടെ പരീക്ഷയും നടത്തിക്കുക. പക്ഷേ, നമുക്കെതിരിൽ തങ്ങളുടേയും ശ്രേഷ്ഠത കാണിക്കാതിരിക്കുകയും ഏകപക്ഷീയമായി ഉസ്താദ് ചമഞ്ഞിരിക്കുകയും ചെയ്യുക എന്ന കാര്യം ലജ്ജയില്ലായ്മയിൽപ്പെട്ടതാണ്. (കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ വാല്യം 7, പേജ് 63)

**മുഹമ്മദ് ഹുസയ്ൻ ബട്ടാലവി മത്സരത്തിന് വരികയില്ലെന്ന് പ്രവചനം. അയാൾക്ക് നേരിടാനുള്ള കരുത്തില്ല.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:നമുക്ക് ഈമാനികമായ സൂക്ഷ്മ ബുദ്ധികൊണ്ട് ശെയ്ഖ് സാഹിബ് ഈ മത്സരരീതിയേയും ഒരിക്കലും സ്വീകരിക്കുകയില്ലെന്ന് പ്രവചിക്കാൻ കഴിയും. തന്റെ പഴയശീലമനുസരിച്ച് ഇതും ഒഴിവാക്കാൻ ശ്രമിക്കുന്നതായിരിക്കും. കാര്യമെന്താണെന്നാൽ ശെയ്ഖ് സാഹിബ് സാഹിത്യരചനയിലും തഫ്സീർ എഴുതുന്നതിലും ഒട്ടും കഴിവില്ലാത്തവനും അജ്ഞാതനായ ആരോമുഖേന മൗലവി പട്ടത്തിൽ പ്രസിദ്ധനായ ആളുമാണ്.

**മുഹമ്മദു ഹുസയ്ൻ ബട്ടാലവിക്ക് ലോകത്തുള്ള ഏതു മൗലവിമാരിൽനിന്നും സഹായം തേടാം.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ), മുഹമ്മദുഹുസയ്ൻ ബട്ടാലവിയെ സംബോധന ചെയ്തു പറഞ്ഞു: ഈ ലഘുലേഖയിൽ ശെയ്ഖ് സാഹിബ് മാത്രമല്ല സംബോധിതൻ. പ്രത്യുത ഈ സാധുവിനെ അല്ലാഹുവിനേയും റസൂലിനേയും പിൻപറ്റാത്തവനെന്നും ഇസ്‌ലാമിക വൃത്തത്തിൽനിന്ന് പുറത്തായവനെന്നും വിചാരിക്കുന്ന സത്യനിഷേധികളായ ഓരോ മൗലവിമാരും സംബോധിതരാണ്. അതുകൊണ്ട് ശെയ്ഖ് സാഹിബ് സേവനമനോഭാവത്തോടുകൂടി അവരുടെ സന്നിധിയിൽപോകുകയും അവരുടെ മുമ്പിൽ കൈകൂപ്പുകയും കരയുകയും അവരുടെ കാലിൽ വീഴുകയും ചെയ്യുക. ഈ ആളുകൾ ഈ വിഷമഘട്ടത്തിൽ അറബിയിലുള്ള അദ്ദേഹത്തിന്റെ ജ്ഞാനം വെളിപ്പെടുത്തി അദ്ദേഹത്തെ രക്ഷിക്കുക. ആർക്കെങ്കിലും അദ്ദേഹത്തോടു ദയ തോന്നിയാൽ അത്ഭുതമൊന്നുമില്ല. ഏതെങ്കിലും ഹനഫീ മൗലവിയുടെ അടുത്തു പോകേണ്ടത് നിർബന്ധമാണ്. ഇപ്പോൾ താൻ ഹനഫിയാണെന്ന് അവരോടു പറയുക. ശിയായുടെ അടുത്തുപോയി ഇപ്പോൾ താൻ ശിയാക്കളിൽപ്പെട്ടവനാണെന്ന് പറയുക. ഇതേ ശീലമാണ് ഈയിടെയായി ശെയ്ഖ് ജീയുടേതെന്ന് പറഞ്ഞു കേൾക്കുന്നു.

ഈ സാധുവിന് ശെയ്ഖ് ജീയേയും ശത്രുവായ എല്ലാ ഓരോ നിഷേധിയേയും സംബന്ധിച്ച് ഇൽഹാമുണ്ടായി കഴിഞ്ഞിട്ടുണ്ട്. ഇന്നീ മുഹീനുൻ മൻ അറാദ ഇഹാനത്തക്ക. അതുകൊണ്ട് ശെയ്ഖ് ജീയുടെ ഈ ശ്രമവും പാഴായിപ്പോകുന്നതായിരിക്കും. ഏതെങ്കിലും മൗലവി അഹങ്കാരത്തിന്റേയും കുതന്ത്രങ്ങളുടേയും വഴിയിലൂടെ ശെയ്ഖ് സാഹിബിനെ സഹായിക്കാൻ മുതിർന്നാൽ അയാൾ മുഖം കുത്തി വീഴുന്നതായിരിക്കും.'(കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ വാല്യം 7, പേജ് 66)

**മുഹമ്മദു ഹുസയ്ൻ ബട്ടാലവി ഒരു മണ്ടനും നാണംകെട്ട പ്രകൃതിയോടുകൂടിയ തടിച്ച കാര്യങ്ങൾ മനസ്സിലാക്കുന്നയാളും ഉപരിപ്ലവമായ ചിന്താഗതിക്കാരനുമാണ്.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ സത്യംസത്യമായും പറയുന്നു, ഞാൻ ഉന്നതമായ ഉൾക്കാഴ്ചകൊണ്ട് ദൃഢഗാഢമായും വിശ്വസിക്കുന്നു, താങ്കൾ വെറും എല്ലുകച്ചവടക്കാരനും ജ്ഞാനത്തിൽനിന്നും ബുദ്ധിവിചാരണയിൽനിന്നും കർമശാസ്ത്രത്തിൽ നിന്നും കഠിനമായ അന്ധനും ഒരു മണ്ടനും മൂഢനുമായ ആളുമാണെന്ന് അല്ലാഹു അറിയുന്നു. ഇദ്ദേഹത്തിന് യാഥാർഥ്യങ്ങളുടേയും ഈശ്വരീയ ജ്ഞാനത്തിന്റേയും ഇടവഴിയിലൂടെ അല്പം പോലും കടന്നുപോക്കുണ്ടായിട്ടില്ല. ഇതിനോടൊപ്പം അന്യായമായ അഹങ്കാരത്തിന്റേയും അഹന്തയുടേയും ബലായും ഇയാളെ ഹലാക്കാക്കിയിരിക്കുകയാണ്. താങ്കൾക്ക് താങ്കളുടെ ഈ അജ്ഞതയെ കുറിച്ച് അറിവില്ലാത്തിടത്തോളം ബുദ്ധിയിൽനിന്ന് അഹങ്കാരത്തിന്റെ കീടങ്ങൾ പുറത്തു പോകാത്തിടത്തോളം ഭൗതികവും ആത്മീയവുമായ ഒരു ഭാഗ്യവും കരസ്ഥമാക്കാൻ സാധ്യമല്ല. താങ്കളുടെ അജ്ഞതകളും തന്നെ സ്തുതികളും താങ്കളിൽ സ്ഥാപിക്കുന്ന ആളായിരിക്കും താങ്കളുടെ വലിയ സുഹൃത്ത്. താങ്കൾക്ക് ഏതുകാര്യത്തിലാണ് ഗർവെന്ന് എനിക്കറിയില്ല. നാണംകെട്ട പ്രകൃതിയുടേയും താങ്കളെ കുറിച്ച് എല്ലാവർക്കും അറിയുന്ന ബുദ്ധിയുടേയും ഉപരിപ്ലവമായ ചിന്താഗതിയുടേയുംമേൽ ഈ അഹങ്കാരവും ഗർവും നഊദുബില്ലാഹ് മിൻ ഹാദിഹിൽ ജഹാലത്തി വൽഹുംഖി തർക്കിൽ ഹയാഇ വസ്സഖാഫത്തി വള്ളലാലത്തി" (ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാല്യം 5 പേജ് 308) **(മൻസ്വൂർ അഹ്മദ് മസ്റൂർ)**

## തിരുനബിയുടെ തിരുമൊഴികൾ:

**ഉമ്മുസലമ(റ) നിവേദനം. അവർ പറഞ്ഞു: 'നബി(സ)തിരുമേനി അബൂസലമയുടെ അടുത്തു ചെന്നപ്പോൾ (മരണമടഞ്ഞ)അദ്ദേഹത്തിന്റെ കണ്ണ് തുറന്നിരിക്കുകയായിരുന്നു. അവിടന്ന് അതു പൂട്ടി. തുടർന്ന് പറഞ്ഞു:'ആത്മാവ് പിടിക്കപ്പെടുമ്പോൾ കണ്ണ് അതിനെ പിന്തുടരും.' (മുസ്‌ലിം, ഹദീഥ് 456)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family, Ahmadiyya Jama-ath Karulai, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**അബൂമാലിക് അൽഅശ്അരിയിൽ(റ) നിന്ന് നിവേദനം: നബി(സ)തിരുമേനി പറഞ്ഞു:'എന്റെ ഉമ്മത്തിലുള്ള നാലു കാര്യങ്ങൾ ജാഹിലിയ്യാ സമ്പ്രദായങ്ങളാകുന്നു. അതവർ ഉപേക്ഷിക്കുകയില്ല. വംശാഭിമാനം, വംശാധിക്ഷേപം, നക്ഷത്രരാശിയിൽ മഴ തേടൽ, അലമുറകൂട്ടൽ(എന്നിവയാണവ).'(മുസ്‌ലിം, ഹദീഥ് 463)**

**ത്വാലിബെ ദുആ:**
**P.Abdul Ameer,Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം. 2019-(ജൂലായ്)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## (2019 ജൂലായ് 6 ശനിയാഴ്ച)

(വാള്യം 5 ലക്കം 51 ൽനിന്ന് തുടർച്ച)

ഹുദൂർ അൻവർ: നിങ്ങൾ എം.ടി.എ കാണാറുണ്ടോ?

അറബ് സ്നേഹിതൻ: ഞാൻ അഹ്മദിയാകുന്നതിനു മുമ്പേ 24 മണിക്കൂറും എം.ടി.എ കാണാറുണ്ടായിരുന്നു. ഇതു കാരണത്താൽ എന്റെ ഉറക്കവും പൂർത്തിയാകാറുണ്ടായിരുന്നില്ല. ഞാൻ നമസ്കാരവും വേഗം വേഗം പൂർത്തീകരിക്കലായിരുന്നു. തദ്വാര എം.ടി.എ പരിപാടി വിഘ്നം കൂടാതെ കാണാൻ സാധിച്ചിരുന്നു.

ഒരു യമൻ സ്നേഹിതൻ: ഹുദൂർ മൂന്നാം ലോക മഹായുദ്ധത്തെ കുറിച്ച് ചെയ്ത പ്രഭാഷണത്തിൽ സൂചിപ്പിച്ചിരുന്നു, ഇസ്‌ലാം യുദ്ധത്തിന് മുമ്പേയാണോ ശേഷമാണോ ലോകത്ത് വ്യാപിക്കുന്നതെന്ന്.

ഹുദൂർ അൻവർ: ഇസ്‌ലാമിന്റെ ശരിയായതും യഥാർഥവുമായ അധ്യാപനം സമർപ്പിക്കുന്ന അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് യുദ്ധത്തിന്റെ സാഹചര്യങ്ങൾ ഉണ്ടാകുന്നതിന്നു മുമ്പേ ലോകം അറിയേണ്ടതുണ്ടെന്നതാണ് യഥാർഥ കാര്യം. ഇപ്രകാരം ശരിയായ വഴിയിലേക്ക് അവരെ വിളിക്കുന്ന ജനതയും ഉണ്ടായിരുന്നു എന്ന കാര്യം ജനങ്ങൾക്ക് ബോധ്യം വരുന്നതാണ്. ഉന്നതനായ ദൈവത്തോടുള്ള കടമകൾ നിർവഹിക്കാത്തവരെ പ്രത്യക്ഷമായ നിലയിൽ യുദ്ധം ബാധിക്കുന്നതായിരിക്കും. നിങ്ങൾ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുമ്പോൾ മുല്ലാക്കൾ സമർപ്പിക്കുന്ന അഥവാ ഇതര വിഭാഗങ്ങൾ സമർപ്പിക്കുന്ന ഇസ്‌ലാം തികച്ചും തെറ്റാണെന്ന് ലോകത്തിനു ബോധ്യമായിക്കൊള്ളും. ഉന്നതനായ അല്ലാഹു ഹദ്റത്ത് മസീഹിനോട് പറഞ്ഞിരുന്നു: ഭൗമോപരിതലത്തിൽ താമസിക്കുന്ന മുസ്‌ലിമീങ്ങളെ ഒരു ദീനിൽഒരുമിച്ചു കൂട്ടുക. അതുകൊണ്ട് ആരാണോ ഒരുമിച്ചു വരുന്നത് അവർ രക്ഷപെടും. വാഗ്ദത്ത മസീഹ്(അ)തുടരുന്നു:

*ആഗ് ഹെ പർ ആഗ് സേ വൊ*
*സബ് ബചായെ ജായേംഗെ.*
*ജോ കെ രക്തെ ഹെ ഖുദായെ*
*ദുൽഅജായിബ് സെ പ്യാർ*

അഗ്നിയാണ്, എങ്കിലും അഗ്നിയിൽനിന്ന് അവർ രക്ഷിക്കപ്പെടും. അത്ഭുതം കാണിക്കുന്ന ദൈവത്തോട് സ്നേഹം വച്ച് പുലർത്തുന്നവരാരോ അവർ!

ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം ലോകരിലേക്ക് എത്തിക്കുക എന്നത് ഓരോ അഹ്മദിയുടേയും കർത്തവ്യമാണ്. ദൈവത്തിലേക്കുള്ള മടക്കമാണ് സമാധാനത്തിലേക്കും രക്ഷയിലേക്കുമുള്ള ഏക മാർഗ്ഗം എന്ന് അവരോട് പറയുക. ഹദ്റത്ത് വാഗ്ദത്ത മസീഹിനെ സ്വീകരിക്കുകയും അദ്ദേഹത്തിന് അനുസരണ പ്രതിജ്ഞ ചെയ്യുകയും ചെയ്യുക. നബി(സ)തിരുമേനിയുടെ ദാസ്യത്വത്തിന് കീഴിൽ ആരെയാണോ അയക്കപ്പെട്ടത് അദ്ദേഹത്തിന്റെ കോട്ടക്കുള്ളിൽ വരിക.

അറബ് സഹോദരന്മാരുടെ ഹുദൂറുമൊത്തുള്ള ഈ കൂടിക്കാഴ്ച 09.35 വരെ നീണ്ടു നിന്നു. ഹുദൂർ മടങ്ങി പോകുമ്പോൾ ആലിംഗം ചെയ്യണമെന്ന ആഗ്രഹം പ്രകടിപ്പിച്ച ആ യുവാവ് എവിടെ എന്ന് ഹുദൂർ അന്വേഷിച്ചു. അപ്പോൾ ആ യുവാവ് ഓടി വന്നു ഹുദൂറിനെ കെട്ടിപ്പിടിച്ചു. ഹുദൂർ അദ്ദേഹത്തെ തന്നോടൊപ്പം ചേർത്തു പിടിച്ചു. ആ യുവാവ് ഹുദൂറിനെ ആലിംഗനം ചെയ്യുകയും ഹസ്തദാനം കരസ്തമാക്കുകയും ചെയ്തു. ശേഷം ഈ യുവാവ് തുടർച്ചയായി കരഞ്ഞു കൊണ്ടേയിരുന്നു. അദ്ദേഹത്തിന്റെ കൂടെ വന്നവർ അദ്ദേഹത്തെ ആശ്വസിപ്പിച്ചു. ഏതാനും മണിക്കൂറുകളിൽ അനുഗ്രഹങ്ങളുടെ ഒരു ഖജനാവ് നേടിയെടുത്ത ഈ യുവാവ് എത്ര ഭാഗ്യവാനാണ്.

ശേഷം ഹുദൂർ പുരുഷന്മാരുടെ നമസ്കാര ഹാളിലെത്തി ളുഹ്ർ അസ്ർ ജംആക്കി നിർവഹിച്ചു. തുടർന്ന് താമസ സ്ഥലത്തേക്ക് മടങ്ങി.

**അതിഥികളുടെ വികാര പ്രകടനങ്ങൾ**

ഹുദൂറിന്റെ ഇന്നത്തെ പ്രഭാഷണം അതിഥികളിൽ അഗാധമായ സ്വാധീനം ചെലുത്തുകയുണ്ടായി. ധാരാളം അതിഥികൾ അനിയന്ത്രിതമായി അവരുടെ വികാരം പ്രകടിപ്പിക്കുകയുണ്ടായി. ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം മുഖേന ഇന്ന് ഇസ്‌ലാമിന്റെ യഥാർഥവും അടിസ്ഥാനപരവും സമാധാന മയവുമായ അധ്യാപനത്തെ കുറിച്ച് അവർക്ക് അറിവു കിട്ടിയതായും വ്യക്തമാക്കി. ചില അതിഥികളുടെ പ്രതികരണങ്ങൾ ചുവടെ ചേർക്കുന്നു.

★ജോർജിയൻ സംഘത്തിൽ വന്ന ഒരു വനിത ഹുദൂറിന്റെ പ്രഭാഷണം ശ്രവിച്ചതിന്നു ശേഷം പറയുന്നു: 'ഹുദൂർ വളരെ വലിയ ബുദ്ധിമാനും വിശാലമായ കാഴ്ചപ്പാടുള്ള വ്യക്തിയുമാണെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. ദീർഘ ദർശിയായ അദ്ദേഹം അതനുസരിച്ച് തയ്യാറെടുക്കുന്നു.

★ ഒരു പാതിരിയും അധ്യാപകനുമായ ആൻഡ്രിയാസ് വെൽസ്ബ്രോട്ട്(Andreas Welsbrot) പറയുന്നു: ഖലീഫയുടെ പ്രഭാഷണം എന്നെ വളരെ വിസ്മയിപ്പിച്ചുകളഞ്ഞു. ആണവ യുദ്ധത്തിന്റെ വിപത്തിനെ കുറിച്ച് ഞാൻ അത്ര ബോധവാനായിരുന്നില്ല. നമ്മൾ സാമൂഹികമായ മൂല്യങ്ങളിലേക്കും സമാധാനത്തിലേക്കും ശ്രദ്ധ ചെലുത്തുകയും ഒത്തുചേർന്ന് സമാധാനത്തിനുവേണ്ടി പരിശ്രമിക്കുകയും ചെയ്താൽ മാത്രമേ നമുക്ക് പുരോഗതി നേടാൻ കഴിയുകയുള്ളൂ. സഹവർത്തിത്വത്തിലും വിവിധ വിശ്വാസങ്ങളിലും അധിഷ്ഠിതമായ ഒരു അന്തരീക്ഷം സ്ഥാപിതമാക്കിക്കൊണ്ട് ഒരു സുശക്തമായ സമൂഹം സൃഷ്ടിക്കപ്പെടുമെന്ന് എനിക്കുറപ്പുണ്ട്. ഇതിൽ വിവിധ മതക്കാരുടെ ഇടയിലുള്ള ചർച്ചകൾക്ക് വളരെ വലിയൊരു പങ്കുണ്ട്.'

★ ജർമനിയിലെ പ്രദേശമായ ബാഡ്ഹംബർഗുമായി ബന്ധപ്പെട്ട ഒരു അതിഥി ആഖം ഹോളർ സാഹിബ് പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം വളരെ നല്ലതായി എനിക്ക് തോന്നി. ലോകത്തിന്റെ രാഷ്ട്രീയ സാഹചര്യങ്ങളെക്കുറിച്ച് വളരെ നല്ല നിലയിൽ ഹുദൂർ അവതരിപ്പിച്ചു. സ്വന്തം ജമാഅത്തിനെ കുറിച്ച് വളരെ നല്ലൊരു പരിചയപ്പെടുത്തലാണ് അദ്ദേഹം നിർവഹിച്ചത്.'

★ ലാറ്റ്‌വിയ(Latvia)യിൽ നിന്നുവന്ന ഒരു അതിഥി ഖോൻഗഡി ഇസോനോവോ സാഹിബ് പറയുന്നു: 'ഹുദൂറിന്റെ വാക്കുകൾ വളരെ സുന്ദരവും യാഥാർഥ്യങ്ങൾ ഉൾക്കൊള്ളുന്നതുമായിരുന്നു. ഹുദൂറിന്റെ മുഖം പ്രകാശത്താൽ വിളങ്ങുന്നുണ്ടായിരുന്നു. സമ്പൂർണ ഐക്യവും സ്നേഹവും തുടങ്ങി വളരെ നല്ല സൗഹാർദപരമായ മാതൃക ഈ ജൽസയിൽ ദൃശ്യമായി. വിദേശരാജ്യങ്ങളിൽ നിന്നുള്ള ധാരാളം വ്യക്തികളുടെ ജൽസയിലെ പങ്കാളിത്തം എനിക്ക് വളരെ ഇഷ്ടമായി.'

★മഖ്ദോനിയാ(makedonia)യുമായ ബന്ധപ്പെട്ട കർതശി സാഹിബ് പറയുന്നു: 'ഹുദൂറിന്റെ പ്രഭാഷണം വളരെയധികം സ്വാധീനം ചെലുത്തുന്നതായിരുന്നു. അന്തരീക്ഷവും അതേപോലെ തന്നെ സമാധാന നിർഭരമായിരുന്നു. ഈ വ്യക്തി മറ്റേതോ ലോകത്തിൽനിന്നു വന്നതാണെന്ന തോന്നൽ ഉളവാക്കിയിരുന്നു. ഹുദൂർ ഒരു പിതാവിനെ പോലെയാണ്. ഒരു പ്രകാശവാഹിയാണ് അദ്ദേഹം.'

★ സബ്‌റീന ബോഖസ് സാഹിബ പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ആദ്യം സ്റ്റേജിലേക്ക് കടന്നു വന്നപ്പോൾതന്നെ ഞാൻ വളരെയധികം ആകൃഷ്ടനായി എന്നാണ് എന്റെ അഭിപ്രായം. അദ്ദേഹം തന്നെ എല്ലാവരോടും വളരെ അടുപ്പിച്ചു. ഇതിൽനിന്നു മനസ്സിലാകുന്നത് അദ്ദേഹം വളരെ തുറന്ന പ്രകൃതമുള്ള വ്യക്തിയാണെന്നാണ്. അദ്ദേഹത്തിന്റെ വാക്കുകൾ എന്റെ അഭിപ്രായങ്ങൾക്ക് തികച്ചും അനുരൂപമായിരുന്നു. എനിക്ക് ഇങ്ങെനെയൊരു വ്യക്തിയെ കിട്ടിയതിൽ ഞാൻ അതീവ സന്തുഷ്ടനാണ്.'

★ ഒരു ഡോക്ടർ മിക്കായേൽ സീകായി പറയുന്നു: ഹുദൂറിന്റെ പ്രഭാഷണം വളരെയധികം ഹൃദയസ്പൃക്കും ആത്മീയജ്ഞാനങ്ങൾ നിറഞ്ഞതുമായിരുന്നു. സമകാലീന അവസ്ഥകളിലേക്ക് ഹുദൂർ വെളിച്ചം വീശി. ലോകത്തിന്റെ അവസ്ഥകളെക്കുറിച്ച് അദ്ദേഹം സ്വയവും അഗാധമായി ചിന്തിക്കാറുണ്ടെന്ന് മനസ്സിലാകുന്നു.'

★ കോസോവോ(Kosovo)യിലെഒരുസ്കൂൾഡയറക്ടറായ ലൈബ്നെറ്റ് റുഖ്സായി പറയുന്നു: 'ഖലീഫത്തുൽ മസീഹിന്റെ സാന്നിധ്യം എന്റെ കാഴ്ചയിൽ വിസ്മയിപ്പിക്കുന്നതാണ്. രാഷ്ട്രീയത്തെ കുറിച്ചും മനുഷ്യന്റെ മനശ്ശാസ്ത്രത്തെക്കുറിച്ചും അസാധാരണ അറിവ് അദ്ദേഹത്തിനുണ്ട്. അദ്ദേഹത്തിന്റെ പ്രഭാഷണം വളരെ ആഴത്തിൽ കേൾക്കേണ്ടത് ഓരോ അതിഥിയുടേയും കടമയാണ്.'

★ഉസ്ബക്കിസ്ഥാ(Uzbekistan)നിൽ നിന്നു വന്ന ഒരു അതിഥി ബ്രൂട്ട് ഖുദീഖമോറാദു പറയുന്നു: ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം എനിക്ക് വളരെ ഹൃദയഹാരിയും ഇഷ്ടപ്പെട്ടതുമായിരുന്നു. പ്രത്യേകിച്ചും മാനുഷികമായ അനുകമ്പയുടെ വശങ്ങളെ കുറിച്ച് അദ്ദേഹം വിവരിച്ചത് എനിക്ക് വളരെയധികം നല്ലതായി തോന്നി. ഇതു കൂടാതെ വർത്തമാന കാലത്ത് കഷ്ടനഷ്ടങ്ങളിലും പ്രശ്നങ്ങളിലുംപെട്ട് ഉഴലുന്ന വിവിധ രാജ്യങ്ങളെ കുറിച്ചും പരാമർശമുണ്ടായി. എന്നാൽ എന്നെ ഏറ്റവും സ്വാധീനിച്ചത് അദ്ദേഹത്തിന്റെ ശബ്ദമായിരുന്നു.'

★ സ്വിറ്റ്സർലൻഡ്(Switzerland)ൽ നിന്നുവന്ന അതിഥി ആലിയോറാ ടെന്റർ പറയുന്നു: ഇവിടുത്തെ പ്രഭാഷണങ്ങളെല്ലാം വളരെ ഹൃദ്യവും ഉന്നതനിലയിലുള്ളതുമാണ്. ഇത്തരം പ്രഭാഷണങ്ങൾ ആവർത്തിച്ചു കേൾക്കാന് ഹൃദയം ആശിക്കുന്നു. ഞാൻ മൂന്നാമത്തെ പ്രാവശ്യമാണ് ഇതിൽ പങ്കെടുക്കുന്നത്. വീണ്ടും ഒരിക്കൽകൂടി ഞാൻ വിസ്മയത്തിലാണുള്ളത്.'

★മറ്റൊരു അതിഥി എഡ്രിൻ ഗാഷി പറയുന്നു: 'ഞാൻ കാലത്തിന്റെ ഖലീഫയെ ജീവിതത്തിൽ ആദ്യമായാണ് നേരിട്ടു കാണുന്നത്. അദ്ദേഹം വളരെയധികം ബുദ്ധിമാനും കാര്യങ്ങൾ മനസ്സിലാക്കുന്ന വ്യക്തിയുമാണ്. അദ്ദേഹത്തിന്റെ നിൽപ്പിലും ഇരുത്തത്തിലും ദൈവത്തിന്റെ അസ്തിത്വത്തെ കാണാൻ കഴിയുന്നു. അതേ പോലെതന്നെ വരാനിരിക്കുന്ന സമയത്തെ കുറിച്ച് അദ്ദേഹം വളരെ അഗാധമായി ചിന്തിച്ചു കൊണ്ടിരിക്കുന്നു.'

★ ജർമൻകാകരനായ ലോർബീർ സാഹിബ പറയുന്നു: 'കാലത്തിന്റെ ഖലീഫ സ്വന്തം ഹൃത്തടത്തിൽ നിന്നുമാണ് എല്ലാവരേയും അഭിമുഖീകരിച്ചത്. ഇപ്പോഴും എന്റെ രോമങ്ങൾ എഴുന്നു തന്നെ നിൽക്കുന്നു. ഈ ഭാഷണത്തിൽ ഞാന് വളരെ പ്രഭാവിതനാണ്.'

ഫ്രാങ്ഫർട്ടിലെ ഒരു ലോ ഫോറത്തിന്റെ സീനിയർ പങ്കാളിയും വക്കീലുമായ മിസ്റ്റർ ഹാൻസ് ഒലിവർ(Hans Oliver) തന്റെ വികാരങ്ങൾ ഇങ്ങനെ പങ്കുവെച്ചു: 'പതുക്കെപ്പതുക്കെയും സ്വരമധുരിമയോടെയും ചെയ്യപ്പെട്ട അഹ്മദിയ്യാ ജമാ

അത്തിന്റെ ഇമാമിന്റെ ഈ പ്രഭാഷണം വികാരനിർഭരവും ആവേശജനകവുമായിരുന്നു. ലോകത്തെ പ്രത്യക്ഷമായ സമാധാനപൂരിതവും സാധാരണവുമായ സാഹചര്യത്തിലൂടെ കടന്നുപോകുന്ന ഇന്നത്തെ സാഹചര്യത്തിൽ വരാനിരിക്കുന്ന വിപത്തുകളെ കുറിച്ചും യുദ്ധങ്ങളെ കുറിച്ചും വിവേചിച്ചെടുക്കുക എന്നത് സാധാരണ മനുഷ്യപ്രകൃതിക്ക് അപ്പുറത്താണ്. ഭാവിയിൽ തലയ്ക്കുമീതെ തൂങ്ങിക്കിടക്കുന്ന വിപത്തുകളെ കുറിച്ച് യഥാർഥമായ രീതിയിൽ മനസ്സിലാക്കാനും ഒപ്പം ലോകത്തെ ജാഗ്രതപ്പെടുത്താനും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനു കഴിഞ്ഞിരിക്കുന്നു. ഇതേപോലെതന്നെ എമിഗ്രേഷനെ ഭരണകൂടങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പ്രയോജനങ്ങളോടു ബന്ധിപ്പിച്ചു കാണിച്ച അദ്ദേഹത്തിന്റെ വിലയിരുത്തലും യാഥാർഥ്യത്തിൽ അധിഷ്ഠിതമായിരുന്നു.

വീണ്ടും പറയുന്നു: 'ഒരു നിയമരംഗത്തുള്ള വ്യക്തി എന്ന നിലയിൽ ഈ വശത്തെ സ്വന്തം സഹപ്രവർത്തരോട് വിശദീകരിച്ചു കൊണ്ട് ഇരുഭാഗങ്ങളുടേയും ആവശ്യകതയെ കുറിച്ചുള്ള അവബോധം പൊതു ജനങ്ങളിൽ വ്യാപിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. കാരണം പൊതുവെ ഇവിടെ ജനങ്ങൾ അഭയാർഥികളുടെ വരവിനെ കുറിച്ച് നിഷേധാത്മക രീതിയിൽ മാത്രം സംസാരിക്കുന്നു. എന്നാൽ ഇതോടൊപ്പം ബന്ധിതമായ രാജ്യങ്ങളുടേയും സമൂഹങ്ങളുടേയും പ്രാദേശിക പ്രയോജനങ്ങളെ അവഗണിക്കുകയും ചെയ്യുന്നു.'

ലുഫ്താൻസ(Lufthansa)എയർ ലൈനിലെ ഐ. ടി. ഡിപ്പാർട്ട് മെന്റിലെ വിദഗ്ധയായ മിസ് വെറീന ലഡോഗ് ഹുദൂറിന്റെ ഭാഷണത്തിനു ശേഷം പറഞ്ഞു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം ശ്രവിക്കുന്ന സമയത്ത് എന്നിൽ ഉയർന്ന തുടർച്ചയായ ചിന്ത ഇദ്ദേഹത്തിന്റെ പ്രഭാഷണവും സംഭാഷണവും ഇതര നേതാക്കന്മാരിൽ നിന്നു തികച്ചും വ്യത്യസ്തമാണെന്നായിരുന്നു. ജനങ്ങൾ പൊതുവെ ലോകത്ത് സംഭവിച്ചു കഴിഞ്ഞ അപകടങ്ങളിൽനിന്ന് രക്ഷപെടുന്നതിനെ കുറിച്ചാണ് സംസാരിക്കാറുള്ളത്. ലോകത്ത് സമാധാന സംസ്ഥാപനത്തെ കുറിച്ച് സംസാരിക്കുക എന്നതുപോലും നേതാക്കന്മാർക്ക് ഒരു വിധത്തിലുള്ള വെറുപ്പാണ്. എന്നാൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ ക്ഷമയോടും പൂർണ സ്വാധീനം ഉളവാക്കുന്ന വ്യക്തിത്വത്തോടും കൂടിയ പ്രഭാഷണം ഞാൻ മറ്റെവിടേയും കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ മുഖം അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള തെളിവായിരുന്നു. അദ്ദേഹത്തെ പോലെ തിരക്കുപിടിച്ച വ്യക്തിക്ക് ഇത്രയധികം ഗവേഷണ പ്രവൃത്തി ചെയ്യാൻ എങ്ങനെ സാധിക്കുന്നു? മനു ഷ്യകുലത്തോടു വേദനയില്ലാത്ത ഒരാൾക്ക് ഇതു സാധ്യമല്ല. ലോകത്താകമാനമുള്ള കാര്യങ്ങളെ ഒരുമിച്ചു കൂട്ടുകയും അതിനെ കുറിച്ചുള്ള അവലോകനം അദ്ദേഹം സമർപ്പിക്കുകയും ചെയ്യുന്നു. കേവലം മതപരമായ വീക്ഷണകോണിലല്ല, മറിച്ച് സമൂഹികവും സാമ്പത്തികവുമായ പരാമർശത്തിലൂടെ ലോക നേതാക്കളോട് വ്യക്തമാക്കിയത്, ലോകത്തിന്റെ ദീർഘകാല സമാധാനം ദൈവത്തോടുള്ള ഭയവുമായി ബന്ധിതമാണെന്നാണ്. വ്യക്തി താൽപര്യങ്ങളിൽനിന്ന് വേറിട്ട നീക്കങ്ങൾ ചെയ്യപ്പെടാതിരുന്നാൽ ആണവയുദ്ധത്തിന്റെ വിപലൽക്കരമായ നാശത്തിന്റെ ഉത്തരവാദികൾ നാം തന്നെയായിരിക്കും. വിദ്വേഷങ്ങൾ മറയിടാതിരുന്നാൽ മനുഷ്യന്റെ രോമകൂപങ്ങൾ എഴുന്നു നില്ക്കാൻ മതിയായ ശക്തിമത്തായ താക്കീതായിരുന്നു ഈ സന്ദേശത്തിൽ നല്കപ്പെട്ടതെന്നാണ് എന്റെ അഭിപ്രായം. പൊതു ജനങ്ങൾ മുതൽ വകുപ്പ് മേധാവികളും ഭരണം കൈയാളുന്നവരും കോർപ്പറേറ്റ് സെക്ടറിലെ നിയമനിർമാതാക്കൾ ക്കുവരെ ഈ സന്ദേശത്തെ എത്തിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. കാരണം മനുഷ്യകുലത്തിന്റെ വിശാലാടിസ്ഥാനത്തിലുള്ള ശ്രേയസ്സിനുവേണ്ടി ഇതിനെ സംബന്ധിച്ച് ആഗോള തലത്തിൽ പൊതു അവബോധം വളരെ അനിവാര്യമാണ്.'

★ജർമനിയിലെ മ്യൂണിച്ച് സ്വദേശിയും പർവതാരോഹണ ഗൈഡുമായ മിസ്റ്റർ ഗുണ്ടർ ഹീറ്റർ (Gunter Hieter)പറയുന്നു: 'സമൂഹത്തിലെ ചിരകാല സമാധാനത്തിന്റെ സംസ്ഥാപനത്തിനു വേണ്ടിയും മനുഷ്യകുലത്തിന് വരാനിരിക്കുന്ന അപകടങ്ങളെ കുറിച്ചുള്ള താക്കീതുകളും അഹ്മദിയ്യാ ജമാഅത്തിന്റെ പ്രഭാഷണത്തിലുണ്ടായിരുന്നു. ഇപ്പോൾ പൊതു സമൂഹത്തിന്റേയും ഭരണകൂടത്തിന്റേയും കർത്തവ്യമാണ് ഇതിൽനിന്നു ഫലമെടുക്കുക എന്നത്. മനുഷ്യകുലം വിശാലാടിസ്ഥാനത്തിൽ ഈ കുഴപ്പങ്ങളിൽനിന്ന് രക്ഷപെടാൻ സാധിക്കുംവിധമുള്ള നീക്കങ്ങൾ അവരവരുടെ വൃത്തത്തിൽ ഓരോരുത്തരും എടുക്കുക. മുൻകൂട്ടി അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം കണ്ടെത്തിയ ഇക്കാര്യങ്ങൾക്ക് ഉപോൾബലമായി ഇതര ചിന്തകരുടെ വാക്കുകളും സമർപ്പിച്ചു എന്നത് ശരിയാണ്. എന്നാൽ തുറന്ന വാക്കുകളിൽ ലോകത്തെ അഭിമുഖീകരിച്ചുകൊണ്ട് താക്കീതു ചെയ്യുന്ന പ്രവൃത്തി കേവലം ഇദ്ദേഹമാണ് നിർവഹിച്ചത്.'

ജർമൻ പട്ടണമായ വൈസ്ബാഡൻ(Wiesbadan) പട്ടണത്തിൽ നിന്നു ജൽസയിൽ പങ്കെടുക്കാൻ ആദ്യമായി എത്തിയ ദമ്പതികളാണ് മിസ്റ്റർ കലാവുസേയും മിസിസ് ഹൈഡേയും. ഹുദൂറിന്റെ ജർമൻ അതിഥികൾക്കായുള്ള പ്രഭാഷണം ശ്രവിച്ചതിന്നു ശേഷം അവർ തങ്ങളുടെ അനുഭവങ്ങൾ ഈ വാക്കുകളിൽ വിവരിച്ചു: 'ഞങ്ങൾ ഇവിടെ വരുന്നതിന്നു മുമ്പേയുള്ള അവസ്ഥ വളരെ ഭീതിജനകമായിരുന്നു. പല വർഷങ്ങളായി ജമാഅത്തിനെ കുറിച്ച് അറിയുമായിരുന്നെങ്കിലും ജൽസയിൽ വന്നപ്പോൾ ഇസ്ലാമിനെ കുറിച്ചും മുസ്ലിമീങ്ങളെ സംബന്ധിച്ചും മീഡിയായിൽനിന്നു കേട്ട വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള ഭീതികൾ ഞങ്ങൾക്കുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഇവിടെ വന്നപ്പോഴും ഇന്നും എത്തരത്തിലുള്ള ജനക്കൂട്ടമായിരിക്കും എന്ന് ചിന്തിച്ച് ഞങ്ങൾ വളരെ ചകിതരായിരുന്നു. എന്നാൽ, വന്നതിനുശേഷം ഞങ്ങൾ ദമ്പതികൾ വളരെ ആശ്വാസത്തിലാണ്. സ്വന്തം ചുറ്റുപാടിൽ തന്നെയാണ് ഞങ്ങളുള്ളത് എന്ന് തോന്നിക്കും വിധം ഞങ്ങളിവിടെ നടക്കുകയാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണത്തെ സംബന്ധിച്ചിടത്തോളം പറയാൻ ആഗ്രഹിക്കുന്നത് യുദ്ധത്തിന്റെ നാളുകളിലാണ് ഞാൻ ജനിച്ചത്. യുദ്ധത്തിന്റെ കുഴപ്പങ്ങൾ സ്വന്തം കണ്ണുകൊണ്ട് കണ്ടവരാണ് ഞങ്ങൾ. ഏതൊരു വിപൽക്കരമായ കാഴ്ചകളെ കുറിച്ച് കാലേകൂട്ടി മുന്നറിയിപ്പ് നല്കുന്നുണ്ടോ ഏതൊരു വേദനയുടേയും ക്ഷമയുടേയും ആത്മാവോടുകൂടി മനുഷ്യകുലത്തിനു അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം താക്കീതു നല്കുന്നുണ്ടോ ലോകമഹായുദ്ധം വീക്ഷിച്ച എന്നെപ്പോലെയുള്ളവരിൽ അതിന്റെ സ്വാധീനം വേറിട്ടതാണ്. അതുകൊണ്ട് ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണത്തിലെ ഓരോ വാക്കുകളോടും യോജിക്കുന്നു. വർത്തമാന കാല തലമുറ സമയോചിതമായ അവബോധം നേടണമെന്നും അതിനെപ്പറ്റി ബോധവാന്മാർ ആകണമെന്നുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.'

ഈ സ്ത്രീയുടെ ഭർത്താവ് മിസ്റ്റർ ക്ലൗസ് പറയുന്നു: 'എന്റെ ഭാര്യ ശ്രദ്ധിക്കാത്ത ഒരു കാര്യം ഖലീഫയുടെ വ്യക്തിത്വത്തെ കുറിച്ച് ഞാൻ പറയാനാഗ്രഹിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ലോകത്തെ സമഗ്രമായി ബാധിക്കുന്ന വിപത്തുകളെക്കുറിച്ച് വിശദമായ വിശകലനം സമർപ്പിച്ചു. എന്നാൽ, ഒരു മത നേതാവ് എന്ന നിലയിൽ സ്വന്തത്തെ ഇക്കാര്യത്തിൽനിന്നു വേർപെടുത്തി പുറത്തു നിറുത്തി. അപകടങ്ങളെ തർച്ചയായും ചൂണ്ടിക്കാട്ടി. എന്നാൽ ആരുടേയും പേരെടുക്കുകയോ പ്രസംഗമധ്യേ അദ്ദേഹത്തിന്റെ വാക്കുകളിൽ ആരിലേക്കും പ്രത്യേക ചായ്വ് കാണിക്കുകയോ ഉണ്ടായില്ല. അദ്ദേഹത്തിന്റെ ഉപദേശ രീതി വ്യക്തിപരമായ ഇഷ്ടമോ അനിഷ്ടമോ നോക്കാതെ വേദനാ നിർഭരമായ താക്കീത് ഉൾക്കൊള്ളുന്നതായിരുന്നു. വ്യക്തിപരമായ ഒരു ചായ്വിന്റേയും നിസ്സാര ലക്ഷണംപോലും സംഭാഷണത്തിൽ ഉണ്ടായിരുന്നില്ല. മതനേതാവിന്റെ സ്ഥാനം ഇതുതന്നെയാണ്. ഉപദേശം നല്കുക, ശ്രദ്ധ ക്ഷണിക്കുക; എന്നാൽ വ്യക്തിഗതമായ ചായ്വിൽനിന്നു വേറിട്ടുകൊണ്ട്. ഈയടിസ്ഥാനത്തിൽ ഖലീഫയുടെ സംഭാഷണത്തിൽ കാണപ്പെടുന്ന രാഷ്ട്രീയപരവും സാമൂഹികപരവുമായ ഉൾക്കാഴ്ചയും സ്വാധീനവും കൊണ്ടാണ് ഞാൻപോകുന്നത്.'

ഒരു എഞ്ചിനീയറായ മിസ്റ്റർ ജാൻ(Jaan) സാഹിബ് കാസിൽ പട്ടണത്തിൽ നിന്നാണ് വന്നത്. അദ്ദേഹം തന്റെ പ്രതികരണം ഇങ്ങനെ വ്യക്തമാക്കി: 'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണത്തിൽനിന്ന് പൊതുജനങ്ങൾക്ക് വളരെയധികം പ്രയോജനം എത്തിയിരിക്കുന്നു. കാരണം ഭരണകർത്താക്കളും നേതാക്കളും വേദികളിൽ നടത്തുന്ന പ്രസംഗങ്ങളിൽ മാത്രം ഒതുങ്ങുന്നു. എന്നാലിദ്ദേഹം വളരെ സരളവും സ്വാധീനം ഉളവാക്കുന്നതുമായ വാക്കുകളിൽ പൊതു ജനങ്ങൾ വരെ കാര്യങ്ങളെത്തിച്ചിരിക്കുന്നു. മതം, രാഷ്ട്രീയം, സാമ്പത്തികം, പോളിസി പ്ളാനിംഗ് പോലെയുള്ള വിഷയങ്ങൾ അദ്ദേഹം വിശദീകരിച്ചു. എല്ലാ തുറയിലുമുള്ള വ്യക്തികൾക്കും മനസ്സിലാകുന്ന രൂപത്തിലും താന്താങ്ങളുടെ സ്വാധീന വലയത്തിലുള്ള അപകടങ്ങളെ കുറിച്ചും നാശങ്ങളെ കുറിച്ചും കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്ന വിധത്തിലാണ് വിവരിച്ചത്.'

ജർമൻ പട്ടണം കാസിലിൽനിന്നു വന്ന മെഡിക്കൽ അസിസ്റ്റന്റായ മിസ് ജോസഫീന എന്ന സ്ത്രീ പറയുന്നു: 'ഏതെല്ലാം കാര്യങ്ങളിലേക്ക് ഇക്കാലഘട്ടത്തിൽ ജനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ടോ അക്കാര്യങ്ങളെല്ലാം അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം തന്റെ പ്രഭാഷണത്തിൽ വലയം ചെയ്തിരുന്നു; യൂറോപ്പിൽ ജർമനി വഹിക്കേണ്ട പങ്കിനെ കുറിച്ച് അദ്ദേഹം ഉപദേശിച്ചതുപോലെ. തുടർന്ന് വിശാല വൃത്തത്തിൽ ലോകത്ത് യൂറോപ്പ് വഹിക്കേണ്ട പങ്കിനെക്കുറിച്ചും ദീർ

**തിരുനബിയുടെ തിരുമൊഴികൾ:**

**ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ആഇശ(റ)നിവേദനം. പറഞ്ഞു:**
**'നബി(സ)തിരുമേനി വഫാത്തായപ്പോൾ യമനിൽനിന്നുള്ള**
**ഒരു പച്ചത്തുണികൊണ്ട് പരിശുദ്ധശരീരത്തെ പുതപ്പിക്കുകയുണ്ടായി.'**
**(മുസ്ലിം, ഹദീഥ് 457)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

**തിരുനബിയുടെ തിരുമൊഴികൾ:**

**ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)നിവേദനം.**
**നബി(സ)തിരുമേനി പറഞ്ഞു:'കവിളത്തടിക്കുകയോ മാറുകീറുകയോ**
**ജാഹിലിയ്യ ജൽപനങ്ങൾ ജൽപിക്കുകയോ ചെയ്യുന്നവർ**
**നമ്മിൽപ്പെട്ടവരല്ല.'(മുസ്ലിം, ഹദീഥ് 464)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 7 January 2021 Issue-1

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ഘലകാല സമാധാനം സുസ്ഥാപിതമാകാൻ തദ്ദേശ താൽപര്യങ്ങളിൽനിന്നു ഉയർന്ന് ചിന്തിച്ചു കൊണ്ട് വരാനി രിക്കുന്ന തലമുറകളെ ആണവ യുദ്ധങ്ങളിൽ നിന്നു രക്ഷപെടുത്താനുംവേണ്ടി പൂർണ്ണ ശ്രമം നടത്താനും ഉപദേശിച്ചു. ഇക്കാര്യങ്ങൾ തികച്ചും പ്രവർത്തന ക്ഷമമാണെന്നാണ് എനിക്ക് തോന്നുന്നത്. ഇതിനെ അവഗണിക്കൽ ലോകത്തിന്റെ സാമൂഹികവും ജീവിതസന്ധാരണപരവും അന്തർദേശീയ തലത്തിലുമുള്ള സാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമായിരിക്കും.

ഫ്രാങ്ക്ഫർട്ടിൽ (Frankfurt)നിന്നു വന്ന എമിഗ്രേഷൻ ലോയർ മിസ്റ്റർ നൂബർട്ട് പറയുന്നു: 'ജൽസയിൽ പങ്കെടുക്കുന്നത് ആദ്യമല്ലെങ്കിലും അഹ്മദികളുടെ കേസുകൾ കൈകാര്യം ചെയ്യുന്ന വക്കീൽ എന്ന നിലയിൽ അധികകാര്യങ്ങളെ കുറിച്ചും എനിക്ക് അറിവുണ്ട്. എന്നാൽ, അഹ്മദിയ്യാ ജമാഅത്ത് ഇമാമിന്റെ ഇന്നത്തെ പ്രഭാഷണം എന്നെ സംബന്ധിച്ചിടത്തോളം തികച്ചും പുതിയ വശങ്ങളും പുതിയ പോയന്റുകളും വഹിക്കുന്നതായിരുന്നു. ഞാനെന്റെ പ്രതികരണങ്ങൾ പ്രകടിപ്പിക്കുന്നുണ്ടെങ്കിലും ഇത് ഒരു തരത്തിലുള്ള സത്വര പ്രതികരണമാണ്. ഈ പ്രഭാഷണത്തിൽ എന്റെ തൊഴിൽ സംബന്ധമായ സുപ്രധാന പോയന്റുകളുണ്ട്. ഞാൻ വീട്ടിൽപോയി വീണ്ടും ഇതിനെ കുറിച്ച് ആഴത്തിൽ ചിന്തിക്കുന്നതായിരിക്കും. അഭയാർഥികളുടേയും സ്വന്തം നാട് ഉപേക്ഷിച്ചു വന്നവരുടേയും പ്രശ്നങ്ങളെ കുറിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം തന്റെ പല വീക്ഷണങ്ങളും സമർപ്പിച്ചിട്ടുണ്ട്. ഇതു മുഖേന ആതിഥേയ രാജ്യങ്ങൾക്കും അഭയാർഥികൾക്കും ഇടയിലുള്ള പ്രത്യക്ഷ പ്രശ്നങ്ങളിൽ ഒരു സന്തുലിതത്വവും അന്തസും ഉണ്ടാക്കാൻ കഴിയും. പ്രത്യേകിച്ചും അദ്ദേഹം കണക്കുകളുടെ സഹായത്തോടെ ജർമനിയിലെ പ്രായാധിക്യമുള്ളവരുടേയും റിട്ടയർമെന്റിന്റെ പ്രായവും മുന്നിൽവച്ചുകൊണ്ട് ജർമനിയുടെ വ്യക്തിഗത ശേഷിയുടെ അനിവാര്യതയെ വ്യക്തമാക്കുന്നതാണ്. ഇതു മുഖേന അഭയാർഥികളുടെ ആദരവും അന്തസും വർധിക്കുന്നതാണ്. എന്നാൽ, ഞാൻ വീണ്ടും പറയാനാഗ്രഹിക്കുന്നു, ഇപ്പോൾ എനിക്കും എമിഗ്രേഷൻ ലോയുടെ പരിശീലനം നടത്തുന്ന എന്റെ സഹപ്രവർത്തകർക്കും പ്രയോജനപ്പെടുന്ന ധാരാളം വിവരങ്ങൾ ഇതിലുണ്ട്.

★ സ്വിറ്റ്സർലൻഡ്(Switzerland)ൽനിന്നു വന്ന ലൈല സാഹിബ പറയുന്നു: ഞാൻ ഒരു സംഘടനക്കുവേണ്ടി പ്രവൃത്തിച്ചു വരുന്നു. സമാധാനത്തെ വ്യാപിപ്പിക്കാനാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. എന്നാലിന്ന് ഖലീഫയുടെ പ്രഭാഷണം ശ്രവിച്ചതിന്നുശേഷം എല്ലാ പദങ്ങളിലും എനിക്ക് സമാധാനം കാണാൻ കഴിയുന്നു. ഓരോ വാക്കിലും ക്ഷമയുടേയും മനുഷ്യത്വത്തിന്റേയും മൂല്യങ്ങൾ എനിക്ക് കാണാൻ കഴിയുന്നു. നിങ്ങൾ സമാധാനത്തേയും ക്ഷമയേയും മനുഷ്യത്വത്തേയും പ്രത്യക്ഷമായ നിലയിൽ ഒരുമിപ്പിച്ചാൽ നിങ്ങൾക്ക് ഒരു സുന്ദരമായ സമൂഹത്തിന് രൂപം നൽകാൻ കഴിയും. ഖലീഫ വളരെ നല്ല സുകൃതവാനായ വ്യക്തിത്വമാണ്. അഹ്മദികളാരുമില്ലെങ്കിലും അദ്ദേഹം ദൈവത്തിൽ നിന്നുമുള്ള വ്യക്തി തന്നെയെന്ന് തോന്നുന്നു. അദ്ദേഹം പറയുന്നതെല്ലാം നമ്മുടെ ഗുണത്തിനു വേണ്ടിയാണ്. അദ്ദേഹം വളരെ ധൈര്യത്തോടെയാണ് സത്യമായ കാര്യം പറയുന്നത്. ഏറ്റവും സ്വാധീനമുളവാക്കുന്ന കാര്യം അദ്ദേഹം എല്ലാ പ്രശ്നങ്ങളേയും വിവരിച്ചശേഷം മതം മുഖേന അതിന് പരിഹാരവും സമർപ്പിക്കുന്നുവെന്നതാണ്. എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം ദൈവത്തെ തിരിച്ചറിയുന്നതിലാണെന്നും അദ്ദേഹം വിവരിച്ചു. മതം ഒരു പ്രശ്നമല്ലെന്നും മറിച്ച് പ്രശ്നങ്ങളുടെ പരിഹാരമാണെന്നും അദ്ദേഹം സ്ഥാപിച്ചു. ഞാൻ വളരെ പ്രഭാവിതയായി. ഈ അവസരത്തെ എനിക്കൊരിക്കലും മറക്കാൻ കഴിയില്ല.'

★ സ്വിറ്റ്സർലൻഡ്(Switzerland)ൽ നിന്നു വന്ന പ്രൊഫസർ ഹാശിം സാഹിബ് പറയുന്നു: 'സ്വന്തം ഗുപ്തമായ ലക്ഷ്യങ്ങൾക്കുവേണ്ടി മറ്റുള്ളവർ സംഘർഷം നടത്തുമ്പോൾ ഖലീഫ ജനങ്ങളെ മനുഷ്യത്വത്തിലേക്കാണ് ക്ഷണിക്കുന്നത്. അദ്ദേഹം സമാധാന സംസ്ഥാപനത്തിനുവേണ്ടി കഠിനാധ്വാനം ചെയ്യുന്നു. അദ്ദേഹത്തിന്റെ രീതി സ്നേഹത്തിന്റേതാണ്. ഇന്നത്തെ അദ്ദേഹത്തിന്റെ പ്രസംഗം തികച്ചും മനുഷ്യകുലത്തോടുള്ള സ്നേഹത്തിൽ അധിഷ്ഠിതമായിരുന്നു. നമ്മൾ സമാധാനത്തോടെ ജീവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. പ്രത്യക്ഷമായി യുദ്ധങ്ങൾ ചെയ്യാൻ വേണ്ടിയല്ല ദൈവം നമ്മെ നിയോഗിച്ചിട്ടുള്ളത്. മറിച്ച് പരസ്പരം ആദരവോടെ ജീവിക്കാനാണ്. ഈ വാക്ക് സുപ്രധാനമായ പോയന്റാണ്. ഇസ്‌ലാം പാശ്ചാത്യ സംസ്കാരത്തിനു ഭീഷണിയല്ലെന്നും മുസ്‌ലിമീങ്ങൾക്ക് യഥാർഥ ഇസ്‌ലാമിനെ പിൻപറ്റിക്കൊണ്ടുതന്നെ പാശ്ചാത്യ സമൂഹവുമായി ചേർന്ന് ജീവിക്കാൻ കഴിയുമെന്നും അദ്ദേഹം സൂചിപ്പിച്ചു. ഇതിന്റെ മാതൃക സ്വന്തം ജീവിതത്തിൽ അദ്ദേഹം സ്ഥാപിതമാക്കിയിരിക്കുന്നു. കാരണം അദ്ദേഹത്തിന്റെ ജമാഅത്ത് വളരെ നല്ല രീതിയിൽ ഇവിടെ ഇടപഴകി ജീവിച്ചു വരുന്നു. ഹൃദയാത്മനാ ഖലീഫയെ സ്നേഹിക്കുന്നുവെന്ന് സംഗ്രഹിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തേയും അദ്ദേഹം നേതൃത്വം നല്കുന്ന ജമാഅത്തിനേയും സ്നേഹിക്കുന്നതിന്ന് അഹ്മദിയാകേണ്ട ആവശ്യമൊന്നുമില്ല. പ്രസംഗശേഷം ഖലീഫയ്ക്ക് ഹസ്തദാനം ചെയ്യാനുള്ള അവസരം എനിക്കു ലഭിച്ചു. ആ നിമിഷങ്ങൾ ജീവിതമാസകലം ഞാൻ ഓർക്കുന്നതായിരിക്കും.'

ഒരു ജർമൻ പെൺകുട്ടി സൊറയ്യ ബ്രെക്ട്(Soraya Brecht) പറയുന്നു: 'വർത്തമാനകാല പ്രശ്നങ്ങളെ പ്രസംഗ വിഷയമാക്കിയത് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹത്തിനു മുമ്പേ ചില രാഷ്ട്രീയ പ്രവർത്തകരും സംസാരിച്ചു. എന്നാൽ അവരുടെ വർത്തമാനത്തിൽ ഒരു ശക്തിയുമുണ്ടായിരുന്നില്ല. ആർക്കും പറയാൻ സാധിക്കുന്ന സാധാരണ കാര്യങ്ങൾ മാത്രമായിരുന്നു അത്. എന്നാൽ, ഖലീഫയുടെ പ്രസംഗം തികച്ചും വേറിട്ടതായിരുന്നു. യഥാർഥ പ്രശ്നങ്ങളെ കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്. ആണവ യുദ്ധത്തെ കുറിച്ച് അദ്ദേഹം പരാമർശിച്ചു. പ്രകൃതിപരമായ മാറ്റങ്ങളെ കുറിച്ചും എമിഗ്രേഷനെ കുറിച്ചും അദ്ദേഹം സൂചിപ്പിച്ചു. ഈ പ്രശ്നങ്ങൾ സുപ്രധാനമാണ്. തുടർന്ന് ഇതിന്റെ പരിഹാരവും അദ്ദേഹം നിർദേശിച്ചു. മതത്തിന്റെ മേൽ ചങ്ങലകൾ ഇടുന്നതിന്നു പകരം മതത്തെ പ്രോത്സാഹിപ്പിക്കണമെന്നും അദ്ദേഹം വാദിച്ചു. ജനങ്ങൾ ദൈവത്തിലേക്ക് വരേണ്ടതാണ്. സമസ്ത ലോകത്തിലും അദ്ദേഹം ഇസ്‌ലാമിന്റെ ഉത്തമ പ്രതിനിധിയാണ്. ജനങ്ങളെ ഇസ്‌ലാം സ്വീകരിക്കുന്നതിനു നിർബന്ധിതരാക്കുന്ന ശ്രദ്ധേയനായ വ്യക്തിയാണ് അദ്ദേഹം. ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് അദ്ദേഹം ജനങ്ങൾക്ക് ഉറപ്പ് നല്കും. ഖലീഫ പ്രസംഗത്തിൽ പറഞ്ഞ ചില വാക്യങ്ങൾ എനിക്ക് വളരെ ഇഷ്ടമായി. ഉദാഹരണമായി, തന്റെ വീട്ടിലും നാട്ടിലും സമാധാനം സ്ഥാപിക്കണമെന്ന് ആരും ആഗ്രഹിക്കുമെന്ന പ്രസാതാവന. ഈ ആഗ്രഹം ഉണ്ടെങ്കിലും കേവലം വെറുപ്പ് വർധിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ചെയ്യുന്നത്. ഓരോരുത്തരും ഇതു സംബന്ധിച്ച് ആലോചിക്കുകയും ഇതിലേക്ക് ശ്രദ്ധ ഊന്നുകയും ചെയ്യേണ്ടതാണ്. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന യുദ്ധങ്ങൾക്ക് മതവുമായി ഒരു ബന്ധവുമില്ലെന്ന് ഖലീഫത്തുൽ മസീഹ് അസന്നിഗ്ദമായി വ്യക്തമാക്കി. വളരെ നല്ല വിശകലന വിദഗ്ദർക്കുപോലും കഴിയാത്ത രാഷ്ട്രീയ പ്രശ്നങ്ങളിലേക്ക് അദ്ദേഹം വെളിച്ചം വീശി. ശക്തരായ രാജ്യങ്ങൾ ദുർബല രാജ്യങ്ങളെ ഉപയോഗിക്കുന്നതിനെ കുറിച്ച് നടത്തിയ പ്രസ്താവന ഉദാഹരണമാണ്. ചിലപ്പോൾ പ്രത്യക്ഷമായ നിലയിൽ ഈ ഫലം അവർ എടുക്കുന്നു. ചിലപ്പോൾ ഗുപ്തമായ നിലയിലായിരിക്കും ഇത് സംഭവിക്കുക. ശക്തരായ രാജ്യങ്ങളുടെ താൽപര്യങ്ങളെ സംരക്ഷിക്കാൻ അവരെ നിർബന്ധിക്കുന്നു. ഖലീഫ ഒരു മഹനീയ വ്യക്തിത്വത്തിന്റെ ഉടമയാണെന്ന് തന്നെയാണ് ഞാൻ പറയുന്നത്. ഞാൻ അദ്ദേഹത്തിന്റെ മഹത്വത്തെ അംഗീകരിക്കുന്നു.'

മറ്റൊരു ജർമൻ വനിത പറയുന്നു: 'ഞാൻ രണ്ടാം വട്ടമാണ് ജൽസയിൽ പങ്കെടുക്കുന്നത്. ഖലീഫയെ കണ്ടു. അദ്ദേഹം ഉന്നത വ്യക്തിത്വത്തിന്റെ ഉടമയാണ്. കഴിഞ്ഞ വർഷത്തേക്കാൾ ശക്തിമത്തായിരുന്നു ഈ വർഷത്തെ അദ്ദേഹത്തിന്റെ പ്രസംഗം. ഇതര ജനങ്ങൾ രാഷ്ട്രീയക്കാരെപ്പോലെ സംസാരിക്കുന്നു. അവർ വെറും ശ്രോതാക്കളെ സന്തോഷിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. എന്നാൽ ഖലീഫയുടെ ഉദ്ദേശ്യം മറ്റൊന്നാണ്. അദ്ദേഹത്തിന്റെ ഉദ്ദേശ്യം സത്യം പറയുക എന്നതു മാത്രമാണ്. ഏതെല്ലാം കാര്യങ്ങളാണ് സമാധാനത്തിന്റെ വഴിയിൽ തടസ്സങ്ങളായിട്ടുള്ളതെന്ന് അദ്ദേഹം വ്യക്തമാക്കി. ഇതര പ്രസംഗകരുടെ പോയന്റുകളും അദ്ദേഹം എടുത്തുദ്ധരിച്ചു. ഇതിലൂടെ അദ്ദേഹത്തിന്റെ വിനയം പ്രകടമാണ്. അദ്ദേഹം യഥാർഥ ജ്ഞാനം കരഗതമാക്കിയ വ്യക്തിത്വമാണ്. എന്നെ ഏറ്റവുമധികം സ്വാധീനിച്ചത് ഖലീഫയുടെ ധൈര്യമാണ്. അമേരിക്ക, റഷ്യ, ചൈന, ഇസ്രയേൽ തുടങ്ങിയ ശക്തരായ രാഷ്ട്രങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രസ്താവന ഇതിന്ന് ഉദാഹരണമാണ്.

**(തുടരും)**

---

**(പേജ് 1ൽനിന്ന്)**

തമാണ്. വിശുദ്ധ ഖുർആനിലെ മറ്റൊരു വചനം വ്യക്തമായ നിലയിൽ ഈ ശിക്ഷയെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പറയുന്നു: **അന്നാറു യുഅ്റളൂന അലയ്ഹാ ഗുദുവ്വൻ വ്വഅശിയൻ വ യൗമ തഖൂമുസ്സാഅത്തു അദ്ഖിലൂ ആല ഫിർഔന അശദ്ദൽഅദാബ്** (40:47) നരകം! അതായത് ഫിർഔനിന്റെ ജനതയെ രാവിലേയും വൈകുന്നേരവും അതിന്റെ അടുത്തുവരെ കൊണ്ടുപോയി കാണിക്കും. ഖിയാമത്തുനാൾ വരുമ്പോൾ ഫിർഔനിന്റെ അനുയായികളെ കഠിന ശിക്ഷയിൽ കടത്തുക എന്ന് പറയപ്പെടും. ഈ ആയത്തിൽനിന്ന് പ്രകടമാകുന്നത് നരകത്തിൽ പ്രവേശിക്കുന്നതിനുമുമ്പേ ഫിർഔനിന്റെ ആളുകൾക്ക് ശിക്ഷ കിട്ടിക്കൊണ്ടിരിക്കുമെന്നാണ്. വിശുദ്ധ ഖുർആൻ ഇറക്കപ്പെട്ട നേരത്തും കിട്ടിക്കൊണ്ടിരുന്നു.'(തഫ്സീറെ കബീർ, വാള്യം 1, പേജ് 265 - 266, പ്രസാധകർ ഖാദിയാൻ 2010)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin